ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2021 ഓഗസ്റ്റ് 19 | ദീപം 54 | നാളം 20 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org




# ഇരുളല മാറ്റുന്ന ചിങ്ങപ്പുലരികൾ



**ഡോ. ജോർജ് ഓണക്കൂർ**

മനുഷ്യസംസ്കാരത്തിന്റെ ചരിത്രം പഠിക്കുമ്പോൾ കേരളനാട്ടിലെ തിരുവോണംപോലെ അപൂർവസുന്ദരമായ മറ്റൊന്നു കണ്ടെത്താൻ നമുക്കു കഴിയുകയില്ല. അത് ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ സൗന്ദര്യവും സൗരഭ്യവും അടയാളപ്പെടുത്തുന്നു. ഏദനിൽനിന്നു പുറത്താക്കപ്പെട്ട ആദവും ഹവ്വയും ഭൂമിയിൽ അധ്വാനിച്ച് മറ്റൊരു ഏദൻ സൃഷ്ടിക്കുന്ന മനോഹരമായ കാവ്യസങ്കല്പനമുണ്ട്. മനുഷ്യാധ്വാനത്തിൽ ദൈവികത കുടികൊള്ളുന്നു. 'നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക' എന്ന ശൈലി ഏറെ പരിചിതം.

ഓണം ഇത്തരമൊരു അധ്വാനത്തിന്റെ മധുരഫലങ്ങളാണു കാഴ്ചവയ്ക്കുന്നത്. കാർഷികവിഭവങ്ങളുടെ പൂർണത, വല്ലവും ഇല്ലവും നിറയുന്ന സദ്കാലം. പുത്തനരിച്ചോറു വയറുനിറയെ കഴിച്ച് കളിച്ചും രസിച്ചും ഓണമാഘോഷിക്കുന്ന മലയാളികൾ. കാലപ്പകർച്ചയിൽ പുതുമഴപെയ്ത് പൃഥ്വിയാകെ പൂവിട്ടുണരുന്ന കാലം. അവ ശേഖരിച്ച് വീടിന്റെ അങ്കണത്തിൽ പൂക്കളമൊരുക്കുന്ന പത്തു ദിവസത്തെ ആഘോഷവേള. അതിനൊത്ത് ശരത്കാലസുന്ദരമായ ആകാശത്തിന്റെ ചുവട്ടിൽ വൃക്ഷശിഖരങ്ങളിൽ കുട്ടികൾ ഊയലാടുന്നു. അമ്മമാർ ആഹ്ലാദപൂർവം പാട്ടുകൾ പാടി നൃത്തച്ചുവടുകൾ വയ്ക്കുന്നു. പുരുഷന്മാർ കായികവിനോദങ്ങളിൽ ഏർപ്പെടുന്നു. പുതുവസ്ത്രങ്ങൾ എല്ലാവരും ഒരുപോലെ അണിയുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന ഒരു ചൊല്ലുണ്ട്. ഇതിനൊക്കെ സാക്ഷിയായി കർക്കിടകത്തിന്റെ ഇരുളലകളെ മാറ്റി ചിങ്ങനിലാവ് തെളിയുകയായി. മനുഷ്യർക്കു മാത്രമല്ല, വീട്ടിലെ വളർത്തുമൃഗങ്ങൾക്കും ഓണമൊരുക്കുന്ന പതിവുണ്ട്. ചിലയിടങ്ങളിൽ വൃക്ഷങ്ങളെ കസവുമുണ്ട് ഉടുപ്പിച്ച് 'മരയോണം' ആഘോഷിക്കുന്നതും കാണാൻ ഇടവന്നിട്ടുണ്ട്.

വസന്തകാലത്തെ വിളവെടുപ്പിന്റെ ഉത്സവം, അതിന്റെ അപൂർവചാരുത മലയാളിക്കു മാത്രം സ്വന്തം. ഇത് സമത്വത്തിന്റെ ഉത്സവമാണ്. പ്രായഭേദമോ, വർണവർഗ വിവേചനമോ കൂടാതെ കുട്ടികളും അമ്മമാരും കുടുംബത്തിൽ എല്ലാവരും ഒരുമിച്ച് ഓണമഹോത്സവത്തെ അവിസ്മരണീയമാക്കുന്നു.

ഏത് ഉത്സവചരിതവും പുരാവൃത്തത്തെ ആശ്രയിച്ചാണു നിലകൊള്ളുക. ഓണത്തെയും അങ്ങനെ ഒരു കഥാഖ്യാനവുമായി നാം ചേർത്തുവയ്ക്കുന്നു. പണ്ട് കേരളനാടു ഭരിച്ചിരുന്ന മഹാനായ ബലിചക്രവർത്തിയുടെ കാലം. ആ അസുരരാജാവിന്റെ ഭരണമഹിമയിൽ അസൂയപ്പെട്ട ദേവാദികൾ മഹാവിഷ്ണുവിനെ വാമനവേഷം ധരിപ്പിച്ച് ഒരു വടുവാക്കിയെന്ന് ഐതിഹ്യം. ഈ സന്ന്യാസി തനിക്കു തപം ചെയ്യാൻ മൂന്നടി സ്ഥലം ദാനമായി ആവശ്യപ്പെട്ടത്രേ. മഹാബലി അതിനു സമ്മതം നൽകി. ഉടനെ ആകാശംമുട്ടെ വളർന്ന വാമനൻ രണ്ടു കാൽച്ചുവടുകൊണ്ട് ആകാശവും ഭൂമിയും അളന്നെടുത്തു. മൂന്നാമത്തെ ചുവടുവയ്ക്കാൻ സ്ഥലമില്ലാതെവന്നപ്പോൾ മഹാബലി സ്വന്തം ശിരസ്സുകാണിച്ചുകൊടുത്തു എന്നു കഥ. ഏതു വിപൽസന്ധിയിലും വാക്കിന്റെ സത്യം നിറവേറ്റിയ മഹാബലിയുടെ വൈശിഷ്ട്യം തിരിച്ചറിഞ്ഞ വിഷ്ണുഭഗവാൻ വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ സന്ദർശിക്കാൻ അനുമതി നൽകിയെന്നും ആ വേളയാണ് ചിങ്ങമാസത്തെ തിരുവോണനാൾ എന്നും കഥാമാഹാത്മ്യം.

മഹാബലിയെക്കുറിച്ചു പറയുമ്പോൾ കഥകളിൽ പ്രത്യേകമായി സൂചിപ്പിക്കുന്ന മഹത്ത്വമുണ്ട്. അത് അദ്ദേഹം സത്യശീലനായിരുന്നു, ധർമിഷ്ഠനായിരുന്നു, പ്രജകളെ മുഴുവൻ വർണവർഗലിംഗപ്രായഭേദമില്ലാതെ കരുതിയ ഭരണാധികാരിയായിരുന്നു എന്നതാണ്.

വർത്തമാനകാലത്ത് നാം ഓണം ആഘോഷിക്കുമ്പോൾ, പൂർവകാലമഹിമ ഓർത്തെടുക്കുമ്പോൾ സന്തോഷമോ സന്താപമോ മുമ്പിൽ നിൽക്കുന്നത് എന്ന സന്ദേഹമുണ്ടാകുന്നു. മാനുഷരെല്ലാരും ഒന്നുപോലെ എന്ന് മഹാബലിചരിതത്തിൽ ആവേശം കൊള്ളുന്ന നമുക്ക് എത്ര വലിയ അന്തരങ്ങൾ, അപമാനവീകരണങ്ങൾ ഒക്കെയാണ് അനുഭവപ്പെടുന്നത്. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരേ അക്രമങ്ങൾ അരങ്ങു തകർക്കുന്നു. വാർദ്ധക്യം പഴകിയ വസ്തുക്കൾപോലെ വഴിയോരങ്ങളിൽ വലിച്ചെറിയപ്പെടുന്നു. അഴിമതിയുടെ ദുർഗന്ധം അന്തരീക്ഷത്തെ ദുഷിപ്പിക്കുന്നു. കള്ളവും ചതിവും ഏറിവരുന്നു. സത്യം പ്രചരിപ്പിക്കേണ്ട മാധ്യമസംസ്കാരം പൊളിവചനങ്ങളുടെ ഉത്സവവേളകളാകുന്നു. കൊവിഡ് 19 ന്റെ ഈ ദുഷ്കാലത്ത് അതിനെക്കാൾ ദുഷ്ടമാണ് നമ്മുടെ മാനവികതയ്ക്കും സംസ്കാരത്തിനും സംഭവിച്ചുകൊണ്ടിരിക്കുന്ന ആഘാതങ്ങൾ.

ഈ ചേറിൽ ചെന്താമര വിരിയണം. സുഗന്ധം പരക്കണം. ഇരുട്ടിനെ മായ്ചുകളയുന്ന സൂര്യതേജസ്സ് ആകാശവും ഭൂമിയും പ്രകാശപൂർണമാക്കണം. അങ്ങനെ നവരൂപാന്തരീകരണം ആവശ്യപ്പെടുന്നതാണ് പുതിയ ഓണവും അതിന്റെ ആഘോഷങ്ങളും.

# St. Antony's

## Institute of Engineering, Pala

Run by St. Antony's Educational & Charitable Trust

Affiliated to National Council of Vocational Training (NCVT), Govt. of India

ISO 9001:2008 CERTIFIED





ITI യിൽ ചേരൂ
തൊഴിൽ ഉറപ്പിക്കൂ

കേന്ദ്രസർക്കാറിനു കീഴിലുള്ള NCVT, കേരള സർക്കാർ ഇൻഡസ്ട്രിയൽ ട്രെയിനിങ് വകുപ്പും അംഗീകരിച്ച ITI






- D/സിവിൽ - 2 വർഷം - SSLC.
- ഇലക്ട്രീഷ്യൻ - 2 വർഷം - SSLC.

## 3 വർഷ എൻജി. ഡിപ്ലോമ

> സിവിൽ > മെക്കാനിക്കൽ > ഓട്ടോമൊബൈൽ > കമ്പ്യൂട്ടർ > ഇലക്ട്രോണിക്സ്

ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്

**04822 212115, 8156873517**

# സുവർണശോഭയിൽ നീരജ്



സെബി മാത്യു

TOKYO 2020

ടോക്കിയോ ഒളിമ്പിക്സിനു കൊടിയിറങ്ങിയപ്പോൾ ഒരേയൊരു സുവർണനേട്ടമേ ഉള്ളൂവെങ്കിലും അഭിമാനിക്കാൻ ഒന്നിലേറെ കാരണങ്ങളുണ്ട്. ഹോക്കിയിൽ പുരുഷടീമിന്റെ വെങ്കലവും വനിതാടീമിന്റെ തീപാറിയ പോരാട്ടവും പതിറ്റാണ്ടുകൾക്കിപ്പുറം ഇന്ത്യയുടെ ആത്മാഭിമാനത്തെ മെഡൽ നേട്ടത്തെക്കാൾ ഒരുപാടുയരത്തിൽ എത്തിച്ചിരിക്കുന്നു. അതോടൊപ്പം ജാവലിനിൽ നീരജ് ചോപ്രയുടെ സുവർണനേട്ടം കൂടിയായപ്പോൾ രാജ്യം ആഹ്ലാദത്തേരിലേറി.

പാനിപ്പത്തിലെ ഖന്ദ്ര ഗ്രാമത്തിൽനിന്നാണ് നീരജ് എന്ന താരം ഉദിച്ചുയർന്നത്. ഇരുപതോളം അംഗങ്ങളുള്ള കൂട്ടുകുടുംബം ഇപ്പോഴും ആഘോഷത്തിമിർപ്പിലാണ്.

മത്സരത്തിന്റെ ആദ്യഘട്ടത്തിൽ മികച്ച ദൂരം കുറിച്ചപ്പോൾത്തന്നെ മെഡൽ ഉറപ്പിച്ചിരുന്നുവെന്ന് കർഷകനായ നീരജിന്റെ അച്ഛൻ സതീഷ്കുമാർ പറഞ്ഞു. ഈ നേട്ടത്തിനുവേണ്ടിയാണ് തങ്ങൾ ഇത്രകാലവും കാത്തിരുന്നതെന്ന് കുടുംബാംഗങ്ങളെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞു.

അമിതവണ്ണം കുറയ്ക്കാൻ വീടിനടുത്തുള്ള ജിംനേഷ്യത്തിൽ ചേർത്തതോടെയാണ് നീരജിന്റെ കായിക ജീവിതത്തിനു തുടക്കംകുറിക്കുന്നത്. ഏതാനും മാസത്തിനുള്ളിൽ ജിം അടച്ചതോടെ പാനിപ്പത്ത് ശിവാജി ഗ്രൗണ്ടിൽ രാവിലെ ഓട്ടം പതിവാക്കി. ഒരു ദിവസം സ്റ്റേഡിയത്തിൽ ഏതാനും പേർ ജാവലിൻ പരിശീലിക്കുന്നതുകണ്ട് അതിലൊരു കൈ നോക്കി. പത്തു ദിവസത്തിനുള്ളിൽ 40–45 മീറ്റർ ദൂരെയെറിയാൻ റിയാനായി. നീരജിൽ ഒരു കായികതാരമുണ്ടെന്നു തിരിച്ചറിഞ്ഞത് അങ്ങനെയാണ്. 2012 ൽ സംസ്ഥാന സ്കൂൾ കായികമേളയിൽ ജാവലിൻ ത്രോയിൽ മെഡൽ നേടി നീരജ് തന്റെ വരവറിയിച്ചു. 2013 ൽ പഞ്ച്കുളയിൽ ജാവലിനിൽ കൂടുതൽ പരിശീലനത്തിനായി ചേർന്നു. പഞ്ച്കുള ദേവിലാൽ സ്റ്റേഡിയത്തിൽ നസീം അഹമ്മദിന്റെ കീഴിലായിരുന്നു പരിശീലനം.

പിന്നീട് നേട്ടങ്ങളുടെ തുടർക്കഥയായിരുന്നു. 2018 ലെ കോമൺവെൽത്ത്, ഏഷ്യൻ ഗെയിംസ് മെഡൽ നേട്ടങ്ങളാണ് നീരജിന്റെ ജീവിതത്തിലെ വഴിത്തിരിവായത്. അതിന്റെ തുടർച്ചയായി ലഭിച്ച അവാർഡുകളും സ്കോളർഷിപ്പുകളും വിദേശകോച്ചിന്റെ കീഴിലും മറ്റും പരിശീലനം നടത്താൻ നീരജിനു കരുത്തേകി.

ഇന്ത്യൻ ഒളിമ്പിക്സിന്റെ ചരിത്രത്തിൽ അത്‌ലറ്റിക്സിൽ ആദ്യസ്വർണമെഡൽ സമ്മാനിച്ച നീരജ് ചോപ്രയ്ക്ക് ആറു കോടി രൂപയാണ് ഹരിയാന സർക്കാർ പാരിതോഷികം പ്രഖ്യാപിച്ചത്. ക്ലാസ് വൺ സർക്കാർ ജോലിയും നീരജിനു നൽകുമെന്നു മുഖ്യമന്ത്രി മനോഹർലാൽ ഖട്ടർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ കരസേനയിൽ സുബേദാറാണ് നീരജ് ചോപ്ര. പഞ്ചാബ് മുഖ്യമന്ത്രി അമരീന്ദർ സിങ്ങും നീരജ് ചോപ്രയ്ക്കു രണ്ടു കോടി രൂപ അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്.

മൂന്നു വർഷംമുമ്പ് ഫെഡറേഷൻ കപ്പ് അത്‌ലറ്റിക് മീറ്റ് നടക്കുന്ന പട്യാലയിൽവച്ചാണ് നീരജിനെയും പരിശീലകൻ ഉവേ ഹോണിനെയും ആദ്യമായി കാണുന്നത്. അന്നും ടോക്കിയോ ഒളിമ്പിക്സിൽ സ്വർണം എന്നതു മാത്രമാണ് തന്റെ സ്വപ്നമെന്നാണ് നീരജ് പറഞ്ഞത്. അന്ന് ഗോൾഡ് കോസ്റ്റിൽ നടക്കാനിരിക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ സ്വർണപ്രതീക്ഷയും നീരജ്തന്നെയായിരുന്നു. ഫെഡറേഷൻ കപ്പിൽ അന്ന് പ്രതീക്ഷിച്ചതുപോലെതന്നെ നീരജ് സുവർണനേട്ടങ്ങൾ കൊയ്തു. അതിനും രണ്ടു വർഷംമുമ്പ് പോളണ്ടിൽ നടന്ന ജൂണിയർ അത്‌ലറ്റിക് മീറ്റിൽ നീരജിന്റെ പ്രകടനം നേരിൽ കണ്ട പി.ടി. ഉഷ ഇന്ത്യയ്ക്ക് ഈ താരത്തിൽനിന്ന് ഏറെ പ്രതീക്ഷിക്കാനുണ്ടെന്നാണു പറഞ്ഞത്. സാങ്കേതികമായി ഏറെ മികച്ച നീരജിന്റെ ത്രോകൾ വലിയ വെല്ലുവിളിയാണെന്നാണ് മറ്റു പല അന്താരാഷ്ട്രതാരങ്ങളും വിലയിരുത്തിയിട്ടുള്ളത്.

നീരജിനെ ലക്ഷ്യംവച്ചുമാത്രം അത്‌ലറ്റിക് ഫെഡറേഷൻ ഇന്ത്യൻ ക്യാമ്പിൽ എത്തിച്ച ഓസ്ട്രേലിയക്കാരൻ ഗാരി കാൽവർട്ടിനും ഈ സുവർണവിജയത്തിൽ നിർണായകപങ്കുണ്ട്. സത്യത്തിൽ കാൽവർട്ട് വാർത്തെടുത്ത താരമാണ് നീരജ് എന്നുപോലും പറയാം. സായിയിൽ കാൽവർട്ടിനു കീഴിലെ ചിട്ടയായ പരിശീലനമാണ് നീരജിനെ ലോകശ്രദ്ധയിലേക്ക് ഉയർത്തിയത്. പക്ഷേ, ഒളിമ്പിക് സ്വർണം കഴുത്തിലണിയുമ്പോൾ നീരജിന്റെ കോച്ച് ഇപ്പോഴും മറ്റാരാലും മറികടക്കാത്ത




റിക്കാർഡിനുടമ ഉവേ ഹോൺതന്നെയാണ്. പക്ഷേ, ജാവലിന്റെ രൂപവും ഭാവവും മാറിയശേഷം ജർമനിയിൽ നടന്ന അത്‌ലറ്റിക് മീറ്റിൽ ചെക്കോസ്ലോവാക്യയുടെ ജാൻ സെലസ്നി നേടിയ 98.48 മീറ്ററാണ് അന്താരാഷ്ട്ര കായികരേഖകളിൽ ഇന്നും ജാവലിനിലെ ലോകറിക്കാർഡായി കണക്കാക്കുന്നത്.

ഇന്നത്തെ നീരജിന്റെ പരിശീലകന്റെ അന്നത്തെ അവസ്ഥയും കഥയും വേറെയായിരുന്നു. പരിശീലനം കഴിഞ്ഞു പ്രത്യേക അഭിമുഖത്തിനു സമീപിച്ചപ്പോൾ നീരജ് തന്നെയാണ് ഉവേയുടെ ദുരവസ്ഥകളെക്കുറിച്ചു സൂചന നൽകിയത്. പിന്നീട് ആവർത്തിച്ചു ചോദിച്ചപ്പോൾ ഉവേയും മനസ്സു തുറന്നു. അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെയും സായിയുടെയും സമീപനങ്ങളിൽ നിരാശനായിരിക്കുന്ന ജാവലിൻത്രോ പരിശീലകനായ ഉവേ ഹോൺ താൻ നേരിടുന്ന പരാധീനതകളുടെ കെട്ടഴിച്ചു. പറഞ്ഞുറപ്പിച്ച ശമ്പളം കിട്ടാ



ഉവേ ഹോൺ
(പരിശീലകൻ)

ത്തതിനു പുറമേ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട അലവൻസുകളും മറ്റു ബത്തകളും പോലും ലഭിക്കുന്നില്ല. അസിസ്റ്റന്റ് കോച്ചില്ല, പരിശീലനത്തിന് ആവശ്യമായ ജീവനക്കാരില്ല, മെച്ചപ്പെട്ട സംവിധാനങ്ങളില്ല, പരാതികൾക്കു ചെവി തരുന്നില്ല തുടങ്ങിയവയാണ് ലോക റിക്കാർഡിനുടമയായ ഒരു വിദേശകോച്ചിന് ഇന്ത്യയിൽ നേരിടേണ്ടിവന്നിട്ടുള്ള വെല്ലുവിളികൾ. 2017 നവംബർ അവസാനമാണ് ഹോൺ ഇന്ത്യൻ ക്യാമ്പിൽ പരിശീലകനായി എത്തുന്നത്. കിട്ടിയ വാഗ്ദാനങ്ങളിൽ ഒന്നുപോലും നേരേ ചൊവ്വേ പാലിക്കാത്ത അവസ്ഥയിൽ തന്റെ ആവശ്യങ്ങളുമായി നിരവധി തവണ അത്‌ലറ്റിക് ഫെഡറേഷനെ സമീപിച്ചെങ്കിലും അവർ കേൾക്കാൻപോലും തയ്യാറാകുന്നില്ലെന്നാണ് അന്ന് ഉവേ ഹോൺ പറഞ്ഞത്. മറ്റു രാജ്യങ്ങളിലെ പരിശീലകർക്കു ലഭിക്കുന്നതിലും വളരെ താഴ്ന്ന ശമ്പളമാണ് ഇന്ത്യയിൽ തനിക്കു ലഭിക്കുന്നതെന്ന സങ്കടംകൂടി അദ്ദേഹം പറഞ്ഞു.

ഒളിമ്പിക്സിനു പുറപ്പെടുന്നതിനു തൊട്ടുമുമ്പും പട്യാലയിലെ പരീശീലനസൗകര്യങ്ങൾ അന്താരാഷ്ട്രനിലവാരത്തിലുള്ളതല്ലെന്ന് ഉവേ ഹോൺ കുറ്റപ്പെടുത്തിയിരുന്നു. സായിയും അത്‌ലറ്റിക് ഫെഡറേഷൻ അധികൃതരും പട്യാല ക്യാമ്പിനെ വെറുതെ പൊക്കിപ്പറയുകയാണെന്നും ഉവേ പരിഹസിച്ചു. കായികതാരങ്ങൾക്ക് ഇവിടെ നൽകുന്ന ഭക്ഷണം പോലും മതിയായ പോഷകമൂല്യമുള്ളതല്ല. 2019 ൽ നീരജ് ചോപ്രയുടെ കൈമുട്ടിന് ശസ്ത്രക്രിയ ചെയ്ത തടക്കമുള്ള കാര്യത്തിൽ തനിക്ക് ഇപ്പോഴും കടുത്ത അതൃപ്തിയുണ്ടെന്നു പറഞ്ഞാണ് ഉവേ ഒളിമ്പിക്സിന് ഒരുക്കിയത്.

നീരജിനെ പരിശീലിപ്പിക്കാനായി വിളിച്ചുവരുത്തിയ കാൽവർട്ടിന്റെ കഥയും വേറേയായിരുന്നില്ല. ഗാരി കാൽവർട്ട് 2016 ഫെബ്രുവരിയിലാണ് എഎഫ്ഐയിൽ എത്തുന്നത്. ആ വർഷം നടന്ന ജൂനിയർ ഗ്ലോബൽ മീറ്റിൽ നീരജ് ചോപ്ര 86.48 മീറ്റർ എറിഞ്ഞ് റിക്കാർഡിട്ടപ്പോൾ കാൽവർട്ട് പ്രതിഫലം കൂട്ടി ചോദിച്ചു. എന്നാൽ, എഎഫ്ഐ ഇതു പരിഗണിക്കാതിരുന്നതിനെത്തുടർന്ന് 2017 ഏപ്രിൽ ഗാൽവർട്ട് ഇന്ത്യ വിട്ടു പോകുകയായിരുന്നു. കഴിഞ്ഞ വർഷം കാൽവർട്ട് അന്തരിച്ചു. തുടർന്ന് ആറു മാസത്തോളം ഇന്ത്യൻ ക്യാമ്പിൽ ജാവലിനു പരിശീലകരില്ലായിരുന്നു. സ്പോൺസർമാരുടെ സഹായത്തിൽ നീരജ് ജർമനിയിൽ പരിശീലനത്തിനു പോയപ്പോൾ പരിശീലകരില്ലാതെ മറ്റു താരങ്ങൾ വലഞ്ഞു.

2020 ടോക്കിയോ ഒളിമ്പിക്സ് വരെയായിരുന്നു ഇന്ത്യൻ ക്യാമ്പിൽ ഹോണിന്റെ കരാർ. അടുത്ത സെപ്റ്റംബറിൽ കാലാവധി അവസാനിക്കും. 2018 ൽ പ്രതിമാസം 7500 ഡോളറായിരുന്നു ഇദ്ദേഹത്തിന്റെ പ്രതിഫലം. അന്താരാഷ്ട്ര പരിശീലകരുടെ പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ 5000 ഡോളർ കൂടി വർധിപ്പിക്കണമെന്നായിരുന്നു ഹോണിന്റെ അന്നത്തെ ആവശ്യം. ഇതിനു പുറമേ ഇന്ത്യൻ ക്യാമ്പിൽ പരിശീലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾപോലുമില്ലെന്നും ഇവ ഏർപ്പെടുത്തണമെന്നും പലവട്ടം ആവശ്യപ്പെട്ടിട്ടും എഎഫ്ഐ പരിഗണിക്കുന്നില്ലെന്നുമാണ് ഹോൺ പരാതി പറഞ്ഞത് എന്തായാലും ഇന്ത്യ വിടുന്ന കാര്യം കോമൺവെൽത്ത് ഗെയിംസിനുശേഷം തീരുമാനിക്കുമെന്നൊരു താക്കീതുകൂടി അന്നു പറഞ്ഞിരുന്നുവെങ്കിലും ഇന്നത്തെ നീരജിന്റെ സുവർണനേട്ടത്തിൽ ഈ അമ്പത്തെട്ടുകാരന്റെ പങ്ക് ദ്രോണർക്കു തുല്യമാണ്.

ദളം അഞ്ച്






മോബിൻ മോഹൻ



# മനസ്സിനെ ജയിക്കാൻ

മൂവർസംഘം ഒരിക്കൽ ഉണ്ണീരിയമ്മയുടെ അടുത്തെത്തി. കൂട്ടത്തിൽ ജോണിക്കുട്ടി അസ്വസ്ഥനായി കാണപ്പെട്ടു.

"എന്തുപറ്റി ജോണിക്കുട്ടീ..." ഉണ്ണീരിയമ്മ ചോദിച്ചു.

സത്യത്തിൽ ആ ചോദ്യം അനാവശ്യമാണെന്ന് ഉണ്ണീരിയമ്മയ്ക്കും അറിയാം. ജോണിക്കുട്ടിയുടെ മനസ്സ് നിസ്സാരകാര്യങ്ങളിൽപ്പോലും പെട്ടെന്ന് അസ്വസ്ഥമാകും. പരീക്ഷ വന്നാൽ പിന്നെ ഉറക്കമില്ല. മത്സരങ്ങളിൽ പങ്കെടുക്കാൻ പോയാൽ അവന് ഭയവും വെപ്രാളവും കാരണം നന്നായി ചെയ്യാൻ കഴിയില്ല. അതുകൊണ്ടെന്താ, ഒരു കാര്യവും ഭംഗിയായി പൂർത്തീകരിക്കാൻ കഴിയില്ല.

ജോണിക്കുട്ടി ഉത്തരം പറയുന്നതിനുമുമ്പേ ഉണ്ണീരിയമ്മ ഒരു കഥ പറഞ്ഞു തുടങ്ങി:

പണ്ടുപണ്ട് നടന്ന കഥയാണ്. ശ്രീബുദ്ധന് ഒരു ശിഷ്യനുണ്ടായിരുന്നു. മറ്റു പല കാര്യങ്ങളും ചിന്തിച്ച് എപ്പോഴും അസ്വസ്ഥനായിരുന്ന ശിഷ്യന് ഗുരുവിനും മറ്റു ശിഷ്യർക്കും ഒപ്പം ഏകാഗ്രമായി ധ്യാനിക്കാൻ കൂടി കഴിഞ്ഞിരുന്നില്ല. ബുദ്ധന് ഇക്കാര്യം നന്നായി അറിയാമായിരുന്നു. ധ്യാനിക്കുമ്പോൾ മറ്റു ശിഷ്യന്മാർ ചെയ്യുന്നതുപോലെ കണ്ണടച്ചിരിക്കുമെങ്കിലും അവന്റെ മനസ്സ് നിയന്ത്രണവിധേയമായിരുന്നില്ല.

ഒരിക്കൽ ഒരു യാത്രയ്ക്കിടയിൽ ഒരു മരച്ചുവട്ടിൽ ബുദ്ധനും ശിഷ്യന്മാരും വിശ്രമിക്കാനിരുന്നു. കാൽനടയായുള്ള യാത്രയിൽ എല്ലാവരും ക്ഷീണിതരായിരുന്നു. മരച്ചുവട്ടിൽ ബുദ്ധനു ചുറ്റുമിരുന്ന് മറ്റു ശിഷ്യന്മാരും ധ്യാനിക്കാൻ തുടങ്ങി. ഇനിയും നടക്കേണ്ട ദൂരത്തെപ്പറ്റിയും ഭക്ഷണത്തെപ്പറ്റിയും രാത്രി എവിടെ തങ്ങണം എന്നതിനെപ്പറ്റിയുമൊക്കെയായിരുന്നു നമ്മുടെ ശിഷ്യന്റെ ചിന്ത.

പെട്ടെന്നാണ് ശിഷ്യനോട് ബുദ്ധൻ ആവശ്യപ്പെട്ടത്: "എനിക്ക് കുടിക്കാൻ കുറച്ചു ജലം വേണം."

ആവശ്യം കേട്ടയുടനെ കൈയിലുണ്ടായിരുന്ന കുടവുമായി ശിഷ്യൻ ഒരു ജലാശയത്തിന് അടുത്തേക്കു ചെന്നു. അവിടെ സ്ത്രീകൾ വസ്ത്രം അലക്കുന്നുണ്ടായിരുന്നു. മാത്രമല്ല, അവരുടെ കുട്ടികൾ വെള്ളത്തിൽ കളിക്കുന്നു. കലങ്ങിമറിഞ്ഞ ചെളിവെള്ളം എങ്ങനെ ഗുരുവിനു കുടിക്കുവാൻ കൊടുക്കും? അവൻ വീണ്ടും അസ്വസ്ഥനായി.

കുറച്ചു കഴിഞ്ഞു വെള്ളം എടുത്താൽ മതിയെന്ന് തിരികെയെത്തിയ ശിഷ്യനോട് ബുദ്ധൻ പറഞ്ഞു. വീണ്ടും ബുദ്ധൻ ധ്യാനത്തിലേക്ക്.

കുറെ സമയത്തിനുശേഷം ശിഷ്യൻ ഒരിക്കൽക്കൂടി ജലാശയത്തിനടുത്തേക്കു ചെന്നു. അപ്പോഴാണ് കുറച്ചു കാളവണ്ടികൾ ജലാശയത്തിലൂടെ അപ്പുറം കടക്കുന്നത് ശിഷ്യൻ കണ്ടത്. വീണ്ടും ജലം കലങ്ങിമറിഞ്ഞു. ശിഷ്യൻ നിരാശനായി തിരികെ മടങ്ങി. കുറച്ചുകൂടി കാത്തിരിക്കൂ എന്നാണ് ബുദ്ധൻ വീണ്ടും ഉത്തരം പറഞ്ഞത്.

നേരം സന്ധ്യയോടടുത്തു. ശിഷ്യൻ വീണ്ടും ജലാശയത്തിനടുത്തേക്കു ചെന്നു. അവിടെ ആരുമില്ലായിരുന്നു. ചെളിയെല്ലാം അടിഞ്ഞ് കണ്ണാടിപോലെ മുഖം കാണാവുന്ന ജലം. സന്തോഷത്തോടെ ശിഷ്യൻ ജലവുമായി ഗുരുവിന്റെ അടുത്തേക്കു ചെന്നു.

ബുദ്ധൻ പുഞ്ചിരിയോടെ ശിഷ്യനോടു പറഞ്ഞു.

ആ ജലാശയംപോലെയാണ് മനസ്സ്. ചിലപ്പോൾ കലങ്ങിമറിയും. ശാന്തമായി കാത്തിരിക്കുക. തിടുക്കത്തിൽ ചെയ്യുന്ന കാര്യങ്ങൾ ചിലപ്പോൾ പരാജയപ്പെട്ടേക്കാം. ശാന്തത കൈവെടിയരുത്. മനസ്സിലുള്ള സംഘർഷങ്ങൾ ജലാശയത്തിലെ ചെളിപോലെയാണ്. ശാന്തമായി അത് അടിയുവാൻ അനുവദിക്കുക. മനസ്സ് തെളിനീരുപോലെ തെളിഞ്ഞതാവും. പിന്നീട് നാം ചെയ്യുന്ന കാര്യങ്ങളൊക്കെ ഭംഗിയായിത്തീർക്കുവാൻ നമുക്കു കഴിയും.

കഥ പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ ഉണ്ണീരിയമ്മ ജോണിക്കുട്ടിയുടെ മുഖത്തേക്കു നോക്കി. ഒരു ചെറിയ പുഞ്ചിരി വിടർന്നിട്ടുണ്ട്. ബുദ്ധൻ പറഞ്ഞ ഒരു വാക്യംകൂടി ഉണ്ണീരിയമ്മ അവരെ ഓർമ്മിപ്പിച്ചു:

ആയിരം യുദ്ധങ്ങളിൽ ജയിക്കുന്നതിനെക്കാൾ മഹത്തരം മനസ്സിനെ ജയിക്കലാണ്.




ഓണമധുരം



ആൻസി മാത്യു

## പാഷൻ ഫ്രൂട്ട് പായസം

*ചേരുവകൾ*

പാഷൻ ഫ്രൂട്ട്
നന്നായി പഴുത്തത് - പത്തെണ്ണം
ചവ്വരി വേവിച്ചത് - 2 ടേബിൾസ്പൂൺ
പഞ്ചസാര - 400 ഗ്രാം
തേങ്ങ - 1 എണ്ണം
നെയ്യ് - 50 ഗ്രാം
ഇഞ്ചിനീര് - 2 ടീസ്പൂൺ
കശുവണ്ടിപ്പരിപ്പ് - 15 എണ്ണം
കണ്ടൻസ്ഡ് മിൽക്ക് - 2 ടേബിൾസ്പൂൺ

*ഉണ്ടാക്കുന്ന വിധം*

തേങ്ങ ചുരണ്ടി ഒന്നാം പാലും രണ്ടാം പാലും എടുത്ത് മാറ്റി വയ്ക്കുക. പാഷൻ ഫ്രൂട്ട് പൾപ്പ് എടുത്ത് പഞ്ചസാര ചേർത്തു വയ്ക്കുക. ചുവടുകട്ടിയുള്ള സ്റ്റീൽ പാത്രം ചൂടാകുമ്പോൾ നെയ്യ് ചൂടാക്കി കശുവണ്ടിപ്പരിപ്പ് വറുത്തു കോരുക. ബാക്കി നെയ്യിലേക്ക് ഫാഷൻ ഫ്രൂട്ടും ചവ്വരിയും ഇഞ്ചിനീരും ചേർത്തു വരട്ടുക. ഇതിലേക്ക് രണ്ടാം പാൽ ചേർത്ത് കുറുകുമ്പോൾ കണ്ടൻസ്ഡ് മിൽക്ക് ചേർക്കുക. ഒന്നാം പാലും കശുവണ്ടിപ്പരിപ്പും ചേർത്ത് ഇളക്കി വാങ്ങുക.

## ചേന പ്രഥമൻ

*ചേരുവകൾ*

ചേന വേവിച്ച് ഉടച്ചത് - അരക്കിലോ
ശർക്കര - 800 ഗ്രാം
ഗോതമ്പു നുറുക്ക് വേവിച്ചത് - 100 ഗ്രാം
നെയ്യ് - 150 ഗ്രാം
അണ്ടിപ്പരിപ്പ് - 50 ഗ്രാം
കിസ്മിസ് - 25 ഗ്രാം
തേങ്ങ - രണ്ടെണ്ണം
ഏലയ്ക്കാപ്പൊടി - അര ടീസ്പൂൺ

*ഉണ്ടാക്കുന്ന വിധം*

തേങ്ങ ചുരണ്ടി ഒന്നും രണ്ടും പാൽ മാറ്റിവയ്ക്കുക. ഉരുളി ചൂടാക്കി നെയ്യ് ഒഴിച്ച് കശുവണ്ടിപ്പരിപ്പും കിസ്മിസും വറുത്തു കോരുക. ശർക്കര പാനിയാക്കിയതും ചേന ഉടച്ചതും ഗോതമ്പു നുറുക്കും ചേർത്ത് ഉരുളിയിൽ നന്നായി വരട്ടുക. നന്നായി വരണ്ടുവരുമ്പോൾ രണ്ടാം പാൽ ചേർക്കുക. കുറുകിത്തുടങ്ങുമ്പോൾ ഒന്നാം പാൽ ചേർത്ത് വാങ്ങുക. ഏലയ്ക്കാപ്പൊടി ചേർക്കുക. വറുത്തു വച്ചിരിക്കുന്ന കശുവണ്ടി പരിപ്പും കിസ്മിസും ചേർക്കുക.



# പൗരസ്ത്യസുറിയാനിയുടെ പടിപ്പുരവാതിൽ

## പാലാ രൂപതയിൽ ബേസ് അപ്രേം നസ്രാണി ദയറ




മാർ ജോസഫ് കല്ലറങ്ങാട്ട്

വാസസ്ഥലം, മേച്ചിൽപ്പുറം, വീട് എന്നെല്ലാം അർത്ഥമുള്ള ദയറ (Dayara) എന്ന പൗരസ്ത്യസുറിയാനി വാക്ക് ആലങ്കാരികമായി (Metaphorically) സന്ന്യാസാശ്രമം (Monastery) എന്നു സൂചിപ്പിക്കുന്നു. പൗരസ്ത്യ സഭകളിൽ ഒരു സന്ന്യാസഭവനത്തെ ദയറ എന്നാണു വിളിക്കുന്നത്.

അനവധി ദയറകൾ പൗരസ്ത്യസഭകളുടെ ആധ്യാത്മികസമ്പന്നതയെ വിളിച്ചോതുന്നു. സന്ന്യാസപ്രസ്ഥാനത്തിന്റെ പ്രഭവകേന്ദ്രം ഈജിപ്താണെന്നു പറയുമ്പോഴും അതിനുമുമ്പേ സുറിയാനിസഭകളിലും മധ്യേഷൻനാടുകളിലും തീക്ഷ്ണതയേറിയ സന്ന്യാസതാപസ ദൈവാരാധനാസങ്കേതങ്ങളുണ്ടായിരുന്നുവെന്നുള്ളതു നിശ്ചയമാണ്. ക്രമീകൃതമായ ജീവിതപ്രസ്ഥാനമായി സന്ന്യാസസമൂഹത്തെ വിഭാവനം ചെയ്തു വളർത്തിയതിനാലാണ് ഈജിപ്തിലെ വിശുദ്ധ അന്തോനീസിനെ സന്ന്യാസത്തിന്റെ പിതാവെന്നു വിളിക്കുന്നത്. എന്നാൽ, സുറിയാനിസഭകളിലെ സന്ന്യാസജീവിതത്തിനു പഴയനിയമഗ്രന്ഥങ്ങളിലെ പ്രവാചകന്മാരുടെയും യഹൂദറബ്ബിമാരുടെയും നാസീർവ്രതബദ്ധരായ താപസന്മാരുടെയും ശൈലിയും ചൈതന്യവും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ദൈവാന്വേഷണത്തിന്റെ പ്രാരംഭപടികൾ കടന്ന് ഈശോമിശിഹായിലൂടെ നല്കപ്പെട്ട ദൈവികവെളിപ്പെടുത്തലിന്റെ പഴയതും പുതിയതുമായ കൃപാവരപാഠങ്ങൾ പഠിച്ച് വിശ്വാസത്തിൽ പൂർണമായ ആത്മസമർപ്പണം നടത്തി പരിശുദ്ധമായ ദൈവാരാധനയിൽ ലോകത്തിൽനിന്ന് ഉയരുന്ന ജീവിതമാണ് ദയറകളുടേത്. ഓരോ ദയറയും ശുദ്ധമായ ദൈവാരാധനയുടെ ആലയവും കലർപ്പില്ലാത്ത തിരുസ്സഭാപ്രബോധനത്തിന്റെ പഠനക്കളരിയും മാനവചേതനയെ ആന്തരികമായി സ്പർശിക്കുന്ന പുണ്യഗേഹങ്ങളുമാണ്.



മാർ അപ്രേം





മാർ ഇസഹാക്ക്

ദയറജീവിതത്തെ ഏറ്റവും വിലമതിച്ച സമൂഹമാണ് മാർത്തോമ്മാനസ്രാണികൾ. നമ്മുടെ പഴയകാല ആവാസകേന്ദ്രങ്ങളിൽ പലയിടത്തും ദയറകളുണ്ടായിരുന്നു. മിക്കവാറും വൈദികജീവിതപരിശീലനവേദികളായ മല്പാനേറ്റുകളും ദയറകളിൽത്തന്നെ യായിരുന്നു.

ഇന്നത്തെ പാലാ രൂപതാതിർത്തിയിൽത്തന്നെ നിരവധി സ്ഥലങ്ങളിൽ മല്പാനേറ്റുകളും ദയറകളും ഉണ്ടായിരുന്നു. ചരിത്രത്തിന്റെ ഗതിവിഗതികളിൽ അവയെല്ലാം മാറ്റത്തിനു വിധേയമായെന്നുമാത്രം. എങ്കിലും, തോമ്മാമാർഗമെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന വിശ്വാസജീവിതത്തിന്റെ പരമോദാത്തമായ ആ ചൈതന്യം നമ്മുടെ മനസ്സിൽനിന്നു വിട്ടുമാറിയിട്ടില്ല. അസംഖ്യം വൈദികസന്ന്യാസവിളികൾ, സമർപ്പിതസമൂഹങ്ങൾ, പ്രാർത്ഥനാശുദ്ധിയുള്ള കുടുംബങ്ങൾ, ആദർശധീരരും തീക്ഷ്ണമതികളുമായ അല്മായസഹോദരർ എല്ലാം ഈ മണ്ണിൽ കൊരുത്തത്, ലോകത്തെ വിട്ട് ദൈവത്തിലേക്കു തിരിയുന്നത് ആ സുവിശേഷമാർഗത്തിന്റെ നിഗൂഢസാന്നിധ്യംകൊണ്ടുതന്നെയാണ്. ഇതഃപര്യന്തമുള്ള നസ്രാണിചരിത്രത്തിൽ ജനസമൂഹത്തെ സ്വാധീനിക്കാനും നയിക്കാനും ഈ നാട്ടിൽനിന്നു പുണ്യജന്മങ്ങൾ ഏറെയുണ്ടായി. മാന്നാനത്ത് പോരൂക്കര, പാലയ്ക്കൽ മല്പാന്മാരും വിശുദ്ധ ചാവറ കുര്യാക്കോസച്ചനും ചേർന്ന് ആദ്യത്തെ ഏതദ്ദേശീയ കർമലീത്താസന്ന്യാസസമൂഹം (CMI) വളർത്തിയതുപോലെ പാലാ ഇടവകക്കാരൻ കുടക്കച്ചിറ അന്തോണിക്കത്തനാർ പ്ലാശനാലിൽ അരുവിത്തുറ ഇടവകാതിർത്തിയിൽ മറ്റൊരു സന്ന്യാസപ്രസ്ഥാനത്തിനും ഭവനത്തിനും (ദയറ) രൂപം നല്കി. സഭാനേതൃത്വത്തിൽ പിന്നീടുവന്ന മാറ്റത്തിലാണ് പ്ലാശനാൽ ദയറ മുന്നോട്ടു പോകാതായത്. അമ്പതിലധികം സുറിയാനിഗ്രന്ഥങ്ങളെഴുതിയ കളപ്പുരയ്ക്കൽ അന്ത്രയോസ് മല്പാനും പാലാ രൂപതക്കാരനാണ്. തോമസ് അരയത്തിനാലച്ചന്റെ സംഭാവനയും അദ്ഭുതാവഹമത്രേ.

ഈ നാളുകളിൽ പാലാ രൂപതയിൽ ഒരു ദയറ ഉയർന്നുവരികയാണ് - ബേസ് അപ്രേം നസ്രാണി ദയറ, കാപ്പുന്തല. സുറിയാനി ദൈവശാസ്ത്രവിചിന്തനങ്ങളുടെ സുവർണകാലഘട്ടമായി അടയാളപ്പെടുത്താവുന്ന സഭാപിതാവ് നിസിബിസിലെ മാർ അപ്രേമിന്റെ നാമത്തിലാണ് ഈ ഭവനം ഉയരുന്നത്. 'പരിശുദ്ധ റൂഹായുടെ വീണ' എന്നും സുറിയാനി സഭകളുടെ 'മല്പാൻ മല്പാനേ' (ഗുരുക്കന്മാരുടെ ഗുരു) എന്നും വാഴ്ത്തപ്പെടുന്ന മാർ അപ്രേം വിശേഷണങ്ങൾക്കതീതനായി നില്ക്കുകയാണ്. 'നസ്രാണി' എന്ന പദം ഈ നാട്ടിലെ ക്രൈസ്തവസമൂഹത്തിന്റെ ശ്ലൈഹികവും പൗരാണികവുമായ ചരിത്രത്തെ ജ്വലിപ്പിക്കുന്നതും 'നസ്രായന്റെ അനുയായികൾ' എന്ന അർത്ഥം പകരുന്നതുമാണ്.



വിശ്രുത സുറിയാനി മല്പാനും പിതാക്കന്മാരുടെ പഠനത്തിലും തിരുസ്സഭാചരിത്രത്തിലും ദൈവശാസ്ത്രവിഷയങ്ങളിലും അവഗാഹവുമുള്ള റവ. ഡോ. കൂനമ്മാക്കൽ തോമ്മാക്കത്തനാർ കാപ്പുന്തലയിൽ ബേസ് അപ്രേം നസ്രാണി ദയറയ്ക്കു തുടക്കംകുറിച്ചു. റോമിലും ഓക്സ്ഫോർഡിലും പരിശീലനം നേടിയ തോമ്മാക്കത്തനാർ സുറിയാനിഭാഷയിൽ അസാധാരണമായ പാണ്ഡിത്യം കരസ്ഥമാക്കി. 1999 മാർച്ചുമാസം 20-ാം തീയതി, പാറേമ്മാക്കൽ തോമ്മാ ഗോവർണദോറുടെ 200-ാം ചരമവാർഷികദിനത്തിൽ ആ പുണ്യപിതാവിന്റെ ജന്മഗേഹത്തിലും പുണ്യകുടീരത്തിലും സ്മരണാഞ്ജലി അർപ്പിച്ച് തൊഴുകൈകളോടെ തുടങ്ങിയതാണീ സംരംഭം. ധീരരും പുണ്യപുരോഹിതരും പണ്ഡിതരുമായ ഗുരു യോഹന്ദ് എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട ജോൺ ബോസ്കോ തോട്ടക്കര CMI, ബഹുമാനപ്പെട്ട എമ്മാനുവേൽ തെള്ളിയിൽ CMI എന്നിവരും ഈ ദൗത്യത്തിൽ അച്ചനോടൊപ്പം ചേർന്നു. ദയറയിൽ സുറിയാനി പൈതൃകത്തോടു ബന്ധപ്പെട്ട സമ്പന്നമായ ഒരു ഗ്രന്ഥശാലയുമുണ്ട്. കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ വ്യക്തിപരമായ പരിശ്രമഫലമായിട്ടാണ് ഈ വിശിഷ്ടഗ്രന്ഥങ്ങളെല്ലാം ശേഖരിക്കാൻ സാധിച്ചത്. ആധുനിക സീറോ മലബാർ സഭയുടെ പ്രകാശതാരകവും പതാകവാഹകനുമായ റവ. ഡോ. പ്ലാസിഡ് ജെ. പൊടിപാറ CMI യുടെ 100-ാം ജന്മവാർഷികവും ഉദയംപേരൂർ സൂനഹദോസ് എന്ന സമ്മേളനത്തിന്റെ 400-ാം വർഷവും 1999 ൽത്തന്നെ ആയിരുന്നുവെന്നത് യാദൃച്ഛികമല്ല; മറിച്ച്, ഉദയംപേരൂർ സമ്മേളനത്തിലൂടെ നസ്രാണിസമൂഹത്തിന്റെമേൽ ചുമത്തപ്പെട്ട വ്യതിയാനങ്ങൾ ഓരോന്നായി എടുത്തുമാറ്റാനുള്ള മണിമുഴക്കമായി (count down) അതു മാറണമെന്ന് അവർ ആഗ്രഹിച്ചു. ദയറയുടെ വെഞ്ചെരിപ്പ് 2010 ജൂൺ 12 ന് സുറിയാനിഭാഷയിൽ നടത്താൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു. ശൂറായസഭയിലെ അഭിവന്ദ്യ സഹായമെത്രാന്മാരും സന്നിഹിതരായിരുന്നു. ബഹു. തോമ്മാക്കത്തനാർ 2019 ജനുവരി 20 ന് സീരി (SEERI)യിൽനിന്നു മുട്ടുചിറയിലേക്കു മാറി. 2019 ഫെബ്രുവരി 23 ന് അച്ചന്റെ നിർബന്ധംമൂലം ദയറയുടെ ഡയറക്ടർ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റുകയും ബഹു. സെബാസ്റ്റ്യൻ അടപ്പശേരിയിലച്ചനെ ചുമതല ഏല്പിക്കുകയും ചെയ്തു. 2017 ജനുവരി 25 ന് ദയറസംബന്ധമായ ഔദ്യോഗികരേഖകൾ തോമ്മാക്കത്തനാർ രൂപതാകേന്ദ്രത്തിൽ ഏല്പിച്ചു.



പാറേമ്മാക്കൽ തോമ്മാ ഗോവർണദോർ

ആരോഗ്യകരമായ കാരണങ്ങളാൽ തോമ്മാക്കത്തനാർ ദയറയിൽനിന്ന് രൂപതയുടെ മുട്ടുചിറ വിയാനി വൈദികമന്ദിരത്തിലേക്കു വിശ്രമത്തിനായി മാറി. തുടർന്ന്, ദയറയുടെ ചുമതല ബഹു. സെബാസ്റ്റ്യൻ അടപ്പശേരിയിലച്ചനെയാണ് ഏല്പിച്ചത്. നല്ല ഇടവകവികാരിയും സുറിയാനി ഭാഷാപണ്ഡിതനും പേപ്പൽ അത്തനേയത്തിൽ വി.ഗ്രന്ഥപഠനത്തിൽ ലൈസൻഷ്യേറ്റും നേടിയ വ്യക്തിയാണ് അദ്ദേഹം. പരി. കുർബാനയും യാമപ്രാർത്ഥനകളും സുറിയാനിഭാഷയിൽത്തന്നെ അദ്ദേഹം അർപ്പിക്കുന്നു. പൗരസ്ത്യ സുറിയാനിയുടെ കൂട്ടത്തിൽ എസ്ത്രാംഗലേയും കർഷോണും അച്ചനു വശമാണ്. ദയറയുടെ അകവും പുറവും എല്ലാം ഈ രണ്ടു വർഷത്തിനുള്ളിൽ പുതുക്കി. സുറിയാനി ക്ലാസുകൾ അവിടെവച്ച് നടത്തുന്നു. ആശ്രമത്തിന്റെ തീക്ഷ്ണതയിൽ ആ പ്രദേശം മുഴുവൻ മാറിക്കൊണ്ടിരിക്കുകയാണ്. ആശ്രമങ്ങളുടെ പ്രത്യേകത ഇത്തരം സ്വാധീനങ്ങളാണ്.

ദയറയിലെ പ്രാർത്ഥനാരീതികളും ലൈബ്രറിയും പൗരസ്ത്യ സുറിയാനി ഭാഷാഭിമുഖ്യവും നമ്മെ എല്ലാവരെയും സ്വാധീനിക്കണം. പല പ്രസ്ഥാനങ്ങളിൽ ഒരെണ്ണം മാത്രമായി ദയറയെ കാണരുത്. ആന്തരികഗുണമേന്മയുള്ള വൈദികരും അല്മായരുമായി ജീവിക്കുവാൻ ഈ ദയറ കാരണമാകും. ഒപ്പം, സഭയുടെ ആധികാരികമായ നവീകരണത്തിനും വളർച്ചയ്ക്കും ഐക്യത്തിനും ഉപകാരപ്പെടും. ഈ ദയറയിലൂടെ രൂപതയുടെ ആത്മീയ വേരുകൾക്ക് ആഴം കിട്ടണം. ആഴത്തിലുള്ള വായന ഇഷ്ടപ്പെടുന്ന ആർക്കും ദയറയിലെ ഗ്രന്ഥാലയം തൃപ്തികരമായ ഉത്തരം നല്കും.

ദയറ തുടങ്ങുന്നതിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ ഏറെ ഉത്കൃഷ്ടവും കാലഘട്ടത്തിന്റെ ആവശ്യവുമാണ്. (1) മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യമനുസരിച്ചുള്ള ആത്മീയതയിൽ ജീവിക്കുക. (2) പൗരസ്ത്യ സുറിയാനിസഭയുടെ ആരാധനക്രമ ആദ്ധ്യാത്മികതയിൽ ജീവിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക. (3) പൗരസ്ത്യസുറിയാനി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. (4) മലങ്കര മല്പാനേറ്റ്, മാർ സ്ലീവാ സ്കൂൾ, പാറേമ്മാക്കൽ ലൈബ്രറി, മാർ കരിയാറ്റിൽ മ്യൂസിയം എന്നിവ സ്ഥാപിക്കുക. (5) പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രസ്രോതസ്സുകളുടെ വിവരങ്ങൾ ശേഖരിക്കുകയും പഠിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക. (6) നസ്രാണി എന്ന പേരിൽ ഔദ്യോഗികജിഹ്വ പ്രസിദ്ധീകരിക്കുക. (7) പൗരസ്ത്യ സുറിയാനിഭാഷയിൽ പരിശുദ്ധ കുർബാനയും യാമനമസ്കാരങ്ങളും അർപ്പിക്കുക.

ശേഷം 9-ാം പേജിൽ



# മത്തങ്ങാപ്പൈതൽ



സിപ്പി പള്ളിപ്പുറം

പത്തനാപുരത്ത് പണ്ടൊരു ഒരു മത്തങ്ങാ കൃഷിക്കാരൻ മുത്തുവേലു ഉണ്ടായിരുന്നു. അയാൾക്ക് മക്കളുണ്ടായിരുന്നില്ല. അതുകൊണ്ട് തോട്ടത്തിലുണ്ടാകുന്ന ഓരോ മത്തങ്ങയെയും അയാൾ മക്കളെപ്പോലെ ലാളിക്കുക പതിവായിരുന്നു.

ഇതുകണ്ട് അയാളുടെ ഭാര്യ മുത്തുമണി ചോദിച്ചു: "മനുഷ്യാ, ഇങ്ങനെ മത്തങ്ങയേ ശരണം എന്നു പറഞ്ഞു നടന്നാൽ മതിയോ? നമുക്ക് സ്വന്തമായൊരു കുഞ്ഞിനെ വേണ്ടേ?"

മുത്തുമണി പറയുന്നത് കാര്യമാണെന്ന് മുത്തുവേലുവിനു തോന്നി. അയാൾ മത്തങ്ങാത്തോട്ടത്തിന്റെ ദേവതയായ മത്തങ്ങാമുത്തിയോടു മനസ്സുരുകി പ്രാർത്ഥിച്ചു.

മത്തങ്ങാമുത്തി ഒരു ദിവസം മുത്തുവേലുവിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു! മുത്തിയുടെ കയ്യിൽ സ്വർണനിറമുള്ള ഒരു വലിയ മത്തങ്ങയും ഉണ്ടായിരുന്നു.

"വത്സാ, നിന്റെ സങ്കടം നാം മനസ്സിലാക്കിയിരിക്കുന്നു! ഇതാ ഈ സ്വർണമത്തങ്ങ രണ്ടു കൈകൊണ്ടും സ്വീകരിക്കൂ. വീട്ടിലെത്തിയാൽ ഈ മത്തങ്ങ ഒരു മുറത്തിൽവച്ച് നീയും ഭാര്യയും ചേർന്നു മുറിക്കണം!" മത്തങ്ങാമുത്തി അരുൾ ചെയ്തു.

മൂത്തുവേലു നിറഞ്ഞ മനസ്സോടെ രണ്ടു കൈകളും നീട്ടി സ്വർണമത്തങ്ങ ഏറ്റുവാങ്ങി. മുത്തിയോടു നന്ദി പറഞ്ഞ് അയാൾ സന്തോഷത്തോടെ വീട്ടിലെത്തി.

മുത്തുമണിയെ വിളിച്ച് അരികിലിരുത്തിയിട്ട് മുത്തുവേലു ഒരു മുറത്തിൽ വച്ച് സ്വർണമത്തങ്ങ സാവധാനം മുറിച്ചു.

ഹയ്യട! മത്തങ്ങയ്ക്കുള്ളിൽ അതാ, തങ്കക്കുടംപോലൊരു പൊന്നുണ്ണി!

മത്തങ്ങാമുത്തി കനിഞ്ഞു നൽകിയ ഒരു നിധിയായി കരുതി അവർ ആ ഉണ്ണിയെ സ്വീകരിച്ചു. 'മത്തങ്ങാപ്പൈതൽ' എന്നാണ് അവരവന് പേരിട്ടത്.


താഴത്തും തലയിലും വയ്ക്കാതെ മുത്തുവേലുവും മുത്തുമണിയും ചേർന്ന് മത്തങ്ങാപ്പൈതലിനെ വളർത്തി.

മത്തങ്ങയുടെ നിറവും മത്തങ്ങാത്തലയുമുള്ള ആ കുസൃതിക്കുരുന്നിനെ എല്ലാവർക്കും വലിയ ഇഷ്ടമായിരുന്നു. എങ്കിലും 'മത്തങ്ങാപ്പൈതലേ' എന്നുള്ള ആളുകളുടെ വിളി മാത്രം അവന് തീരെ ഇഷ്ടപ്പെട്ടില്ല.

അഞ്ചുവയസ്സു തികഞ്ഞപ്പോൾ മത്തങ്ങാപ്പൈതലിനെ മുത്തുവേലുവും മുത്തുമണിയുംകൂടി തൊട്ടടുത്തുള്ള പള്ളിക്കൂടത്തിൽ കൊണ്ടുപോയി ചേർത്തു. അപ്പോഴല്ലേ കാര്യം പുലിവാലായത്!

പള്ളിക്കൂടത്തിലെ കുട്ടികളെല്ലാം അവനെ 'മത്തങ്ങാപ്പൈതലേ, മത്തങ്ങാപ്പൈതലേ' എന്നു വിളിക്കാൻ തുടങ്ങി.

ഇതുകേട്ട ഉടൻ അവൻ ദേഷ്യപ്പെട്ട് പള്ളിക്കൂടത്തിൽനിന്ന് ഇറങ്ങിയോടി. ആരും കാണാതെ അവൻ മത്തങ്ങാത്തോട്ടത്തിനുള്ളിൽ കടന്നിരുന്നു കരയാൻ തുടങ്ങി. മത്തങ്ങാപ്പൈതലിന്റെ കരച്ചിൽ കേട്ട് മത്തങ്ങാമുത്തി ഉറഞ്ഞു തുള്ളിക്കൊണ്ട് അവിടെ എത്തി. മുത്തി ചോദിച്ചു.



"ങും? – ആരാണന്റെ ഉണ്ണിയെ കരയിച്ചത്. ആരായാലും ഞാൻ വിടില്ല!"

"മുത്തിയമ്മേ, കുട്ടികളെല്ലാം എന്നെ മത്തങ്ങാപ്പൈതൽ എന്നു വിളിച്ചു കളിയാക്കുന്നു." അവൻ വീണ്ടും മോങ്ങാൻ തുടങ്ങി.

"ഇത്രയേ ഉള്ളോ? ഇനി ആരെങ്കിലും അങ്ങനെ വിളിച്ചാൽ നീ അവരുടെ നേരേ വിരൽ ചൂണ്ടിയിട്ട് 'ടിട്ടിട്ടേയ്!' എന്ന് ഉറക്കെപ്പറയണം. പിന്നെ ഒരിക്കലും അവർ മിണ്ടില്ല." മത്തങ്ങമുത്തി അവനെ ഉപദേശിച്ചു.

"ശരി; ഞാൻ അങ്ങനെ ചെയ്യാം." മത്തങ്ങാപ്പൈതൽ സമ്മതിച്ചു.

താമസിയാതെ അവൻ പള്ളിക്കൂടത്തിലേക്കു നടന്നു. അവിടെയെത്തിപ്പോൾ വികൃതിക്കുട്ടികൾ ചുറ്റുംകൂടി 'മത്തങ്ങാപ്പൈതൽ വന്നേ!' എന്ന് ഉറക്കെ വിളി കൂവാൻ തുടങ്ങി. ഇതുകേട്ട ഉടനെ അവൻ അവരുടെ നേരേ വിരൽ ചൂണ്ടി 'ടിട്ടിട്ടേയ്!' എന്ന് ഉറക്കെ പറഞ്ഞു. അദ്ഭുതം! കുട്ടികളെല്ലാം ഛടപടായെന്ന് അവിടവിടെ ബോധംകെട്ടു വീണു!

മത്തങ്ങാപ്പൈതലിന് വളരെ സന്തോഷമായി.

''മത്തങ്ങാപ്പൈതലേ നീയെന്തിനാ കുട്ടികളെ വീഴ്ത്തിയത്?'' മുത്തുവേലു ചോദിച്ചു. 'മത്തങ്ങാപ്പൈതലേ, പൊന്നുമോനേ' എന്നുള്ള വിളികേട്ട് അവൻ മുത്തുവേലുവിന്റെ നേർക്കും വിരൽചൂണ്ടി 'ടിട്ടിട്ടേയി' എന്ന് വിളിച്ചുപറഞ്ഞു:

ആ നിമിഷം മുത്തുവേല ബോധം കെട്ടുതാഴെ വീണു! ഇതിനിടയിലാണ് മുത്തുമണി 'എന്റെ മത്തങ്ങാപ്പൈതലേ. പൊന്നുമോനേ' എന്നു വിളിച്ചു കൊണ്ട് അവിടേക്ക് ഓടിയെത്തിയത്! ആ വിളികേട്ട നിമിഷം അവൻ വിരൽചൂണ്ടി 'ടിട്ടിട്ടെയ്!' എന്ന് ഉറക്കെ അലറി. ഉടനെ മുത്തുമണിയും ബോധമറ്റു നിലംപതിച്ചു.

അച്ഛനെയും അമ്മയെയും വിളിച്ചുണർത്താൻ മത്തങ്ങാപ്പൈതൽ കുറേനേരം പരിശ്രമിച്ചു. പക്ഷേ, അവരാരും ഉണർന്നില്ല. ഉണരുന്നില്ലെന്നു കണ്ടപ്പോൾ അവൻ നേരേ മത്തങ്ങാത്തോട്ടത്തിനുള്ളിലേക്കു നടന്നു. അവിടെ ഒരു വലിയ മത്തങ്ങ മൂത്തുവിളഞ്ഞ് കിടക്കുന്നുണ്ടായിരുന്നു അതിന്റെ നടുവിൽ ഒരു ദ്വാരമുണ്ടാക്കിയിട്ട് മത്തങ്ങാപ്പൈതൽ പയ്യെപ്പയ്യെ അതിന്റെ ഉള്ളിലേക്ക് കയറിപ്പോയി. പിന്നെ ആരും മത്തങ്ങാപ്പൈതലിനെ കണ്ടിട്ടേയില്ല!






കാർഷികം

ജോഷി മുഞ്ഞനാട്ട്

# കരിവേപ്പില

കരിവേപ്പില മലയാളിയുടെ ഭക്ഷണത്തിലെ അവിഭാജ്യഘടകമാണ്. വലിച്ചെറിയാനുള്ളതല്ല കരിവേപ്പില എന്ന കാര്യം അതിന്റെ ഔഷധഗുണങ്ങൾ അറിയുമ്പോൾ മനസ്സിലാകും.

കരിവേപ്പിലയിൽ ജീവകം 'എ' ധാരാളമായി അടങ്ങിയിരിക്കുന്നതിനാൽ ആരോഗ്യവും തിളക്കവുമുള്ള കണ്ണുകൾക്ക് ഇത് ആവശ്യമാണ്. കറികളിൽ ഇല അരച്ചുചേർത്ത് ഉപയോഗിക്കുന്നത് ഇതിലെ പോഷകമൂല്യം നഷ്ടപ്പെടാതിരിക്കാൻ ഉപകരിക്കുന്നതാണ്.



'റുട്ടേസി' സസ്യകുടുംബത്തിൽപ്പെടുന്ന കരിവേപ്പിന്റെ ശാസ്ത്രനാമം 'മുരയ കൊനീജിയെ' എന്നാണ്.

കരിവേപ്പിന്റെ ഇലകളിൽ ബാഷ്പശീലതൈലം, റെസിൻ, കൊനിജിൻ എന്ന ഗ്ലൂക്കോസൈഡ് എന്നിവ അടങ്ങിയിരിക്കുന്നു. എരിവും കയ്പും ചേർന്നതും ക്ഷാരഗുണമുള്ളതുമാണ് കറിവേപ്പില.

പനി, ഛർദി, പുളിച്ചുതികട്ടൽ, ഉദരസംബന്ധമായ രോഗങ്ങൾ, ദഹനക്കുറവ്, നേത്രരോഗം എന്നിവയ്ക്ക് കറിവേപ്പില ഉപയോഗിച്ചുവരുന്നു.

വിഷജന്തുക്കൾ കടിച്ചാൽ പ്രതിവിധിയായിട്ടും ഇല ഉപയോഗിക്കാറുണ്ട്. പ്രമേഹരോഗനിയന്ത്രണത്തിനും പേരുകേട്ടതാണ് കറിവേപ്പില. അതിസാരത്തിനും വയറുകടിക്കും ത്വഗ്രോഗങ്ങൾക്കും അലർജിരോഗങ്ങൾക്കും കറിവേപ്പില തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഉപയോഗിച്ചുവരുന്നു. കൊളസ്ട്രോൾ വർധനവുണ്ടാകുന്ന രോഗങ്ങൾക്കു ശമനം വരുത്തുവാൻ കറിവേപ്പില നല്ലതാണ്. കറിവേപ്പില പ്രകൃതിചികിത്സയിലും ഒരു പ്രധാന ഔഷധമാണ്.



# മലയാളച്ചുണ്ടിലെ മലരോണപ്പാട്ടുകൾ



**ടി.പി. ശാസ്തമംഗലം**

ഓണം നമ്മുടെ ദേശീയോത്സവമായതുകൊണ്ടാവണം അതിനെക്കുറിച്ചു പാടാത്ത കവികളില്ല. അവരിൽനിന്ന് എത്രയെത്ര കവിതകളാണ് ഓണത്തിന്റെ മാഹാത്മ്യം വാഴ്ത്തുന്നവയായി കൈരളിക്കു ലഭിച്ചത്. വെള്ളിത്തിരയിൽ പിറന്ന ചില ഗാനങ്ങളും അതേ മാനം നല്കി നാം പരിഗണിക്കേണ്ടിയിരിക്കുന്നു.

ചിരന്തനവും അതിപ്രധാനവുമായ ഈ ഉത്സവത്തിന്റെ നല്ല വശങ്ങൾ മുഴുവൻ ആവാഹിച്ചെടുത്ത് അതിനെക്കുറിച്ച് ഏറെ എഴുതിയ കവി ഒ.എൻ.വി. കുറുപ്പാണ്. ഓണത്തിനു മാത്രം മുഖം കാട്ടാറുള്ള പൂവിനെ കാവ്യപ്രതീകമാക്കി അദ്ദേഹം ഇങ്ങനെ കുറിച്ചു:

“ഓണപ്പൂവേ! പൂവേ! പൂവേ!
ഓമൽപ്പൂവേ! പൂവേ! പൂവേ!
നീ തേടും മനോഹരതീരം - ദൂരെ
മാടിവിളിപ്പൂ - ഇതാ - ഇതാ”

(ചിത്രം - ഈ ഗാനം മറക്കുമോ; സംഗീതം - സലിൽ ചൗധരി; ആലാപനം - യേശുദാസ്)

ഇവിടെ പരാമർശിക്കുന്ന മനോഹരതീരം സ്വപ്നഭൂമിയെന്നും ദൈവത്തിന്റെ സ്വന്തം നാടെന്നും വിദേശികൾപോലും വാഴ്ത്തുന്ന കേരളക്കരയാണെന്നു വ്യക്തം. ഓണപ്പൂവ് (അതിന് ഓമൽപ്പൂവ് എന്ന വേറേയും വിശേഷണം കവിയുടെ വകയായുണ്ട്.) തേടുന്ന, ദൂരെ മാടി വിളിക്കുന്ന മനോഹരതീരം എന്നു പറഞ്ഞതിൽനിന്നാണ് നമുക്കിതു മനസ്സിലാവുന്നത്. വില്ലും വീണയും പൊൻതുടിയും പുള്ളുവപ്പെണ്ണിന്റെ മൺകുടവും സ്വരരാഗങ്ങളായി അമൃതം പകരുന്ന തീരവും ഇതല്ലാതെ മറ്റൊന്നുമല്ലെന്ന് തുടർന്നു പറഞ്ഞിരിക്കുന്നു അദ്ദേഹം.

ഇതേ ഓണപ്പൂവ് തന്റെ ഗൃഹാങ്കണത്തിൽ വന്നു ചിരിതൂകി നില്ക്കുന്നതിൽ ഏതൊരു മലയാളിയെയുംപോലെ ഈ കവിയും അഭിമാനം കൊള്ളുന്നു.

“മഞ്ഞൾപ്രസാദവും
നെറ്റിയിൽ ചാർത്തി
മഞ്ഞക്കുറിമുണ്ടു ചുറ്റി
ഇന്നെന്റെ മുറ്റത്തു
പൊന്നോണപ്പൂവേ നീ
വന്നു ചിരിതൂകി നിന്നൂ”

(ചിത്രം-നഖക്ഷതങ്ങൾ; സംഗീതം - രവി ബോംബെ; ആലാപനം - കെ.എസ്. ചിത്ര) മഞ്ഞൾ കലർന്ന പ്രസാദം നെറ്റിയിൽ ചാർത്തുന്നത് മലയാളികളുടെ ഒരു ശീലമാണ്. ഓണത്തിനാകട്ടെ മഞ്ഞക്കുറിമുണ്ട് (മഞ്ഞക്കോടി) വളരെ പ്രധാനവുമാണ്. തന്റെ വീട്ടുമുറ്റത്തു വിരിഞ്ഞ പൊന്നോണപ്പൂവ് നെറ്റിയിൽ മഞ്ഞൾ പ്രസാദം ചാർത്തിയും മഞ്ഞക്കുറിമുണ്ടു ചുറ്റിയും ചിരിതൂകി നില്ക്കുകയാണ് എന്നു പറയുമ്പോൾ അത് ഓണത്തിന്റെ വരവറിയിക്കാനാണെന്നു സ്പഷ്ടം.

ഓണക്കാലത്തു വിരിഞ്ഞുനില്ക്കുന്ന പൂക്കളിൽ മധുവുണ്ണാനെത്തുന്ന തുമ്പികൾ കവിഹൃദയത്തിലെ വിരുന്നുകാരാണ്. ചിങ്ങപ്പെണ്ണിന്റെ ചിറ്റാടയിൽ പൂഞ്ചില്ലകൾ തൊങ്ങലുചാർത്തിയപ്പോൾ ഒ.എൻ.വി.യിലെ കവി സ്വാഭാവികമായും തുമ്പിയെ പൊന്നും തേനുമായി ഓടി വരാൻ ക്ഷണിക്കുന്നു.

“ഒന്നാംതുമ്പീ നീയോടിവാ
പൊന്നും തേനും നീ കൊണ്ടുവാ
കുഞ്ഞിച്ചെടിയിൽ പൊൻപൂ വിടർത്തും
ഉണ്ണിക്കിനാവിൻ സംഗീതമായ് വാ”

(ചിത്രം - സമയമായില്ലപോലും; സംഗീതം - സലിൽ ചൗധരി; ആലാപനം - പി.സുശീല.)

ഓണക്കാലത്തെ പ്രധാനവിനോദമായ ഒന്നായ തുമ്പിതുള്ളലിന് അണിഞ്ഞൊരുങ്ങിയ പെൺകിടാങ്ങൾ കവിയെ സംബന്ധിച്ചിടത്തോളം ഓണത്തുമ്പികളാണ്. അക്കൂട്ടത്തിൽ തുള്ളാത്ത തുമ്പിയോട് ഒ.എൻ.വി. എന്ന കവിക്കു ചോദിക്കാനുള്ളത് ഇതാണ്:

“പൂത്തുമ്പീ, പൂവൻതുമ്പീ
നീയെന്തേ തുള്ളാത്തെ- തുള്ളാത്തെ?
പൂവു പോരാഞ്ഞോ?
പൂക്കുല പോരാഞ്ഞോ?
നീയെന്തേ തുള്ളാത്തൂ - തുള്ളാത്തൂ”

(ചിത്രം - സർവ്വേക്കല്ല്; സംഗീതം - ജി. ദേവരാജൻ; ആലാപനം - യേശുദാസ്, പി. മാധുരി)

മാനം തളിർക്കുകയും മണ്ണിലെ മാണിക്യച്ചെപ്പ് തുറക്കുകയും ചെയ്തു. മാത്രമോ, കാണാതെപോയ പൂവുകൾ പിന്നെയും ഓണം കാണാൻവന്നു. ഓണക്കാലത്ത് പൂക്കളമൊരുക്കി മഹാബലിയെ വരവേല്ക്കാൻ പ്രകൃതിതന്നെ സജ്ജമാകുന്നതിന്റെ സൂചനയാണിത്. എന്നിട്ടും തുമ്പി തുള്ളാത്തതിലാണ് കവിക്കു പരിഭവം.

മറ്റൊരു ഗാനത്തിൽ ഈ കവിതന്നെ പ്രകൃതിയൊരുക്കിയ പൂക്കൾ നുള്ളി വരാൻ കാറ്റിനോട് ആവശ്യപ്പെടുന്നുണ്ട്.

“അത്തപ്പൂവും നുള്ളി
തൃത്താപ്പൂവും നുള്ളി
തന്നാനം പാടി
പൊന്നൂഞ്ഞാലാടി
തെന്നലേ വാ...
ഒന്നാനാം കുന്നിലോടി വാ.”

(ചിത്രം - പുന്നാരം ചൊല്ലിച്ചൊല്ലി; സംഗീതം - ജെറി അമൽദേവ്; ആലാപനം - യേശുദാസ്, കെ.എസ്. ചിത്ര)

ഓണാഘോഷത്തിൽ പങ്കുചേരാനാണ് കാറ്റിനെ കവി ക്ഷണിക്കുന്നത്. ഓണംപോലെയുള്ള അവസരം എല്ലാം മറന്ന് ആഹ്ലാദിക്കാനുള്ളതാണെന്ന സൂചനയും ഈ ഗാനത്തിലുണ്ട്.

മലയാളമണ്ണിന്റെ മണമൂറുന്ന പാട്ടുകൾ നിരവധി സമ്മാനിച്ച പി. ഭാസ്കരന്റെ തൂലികത്തുമ്പിലും ഓണം നിറഞ്ഞുനിന്നു.

“ഹാ പൊൻ തിരുവോണം
വരവായി പൊൻ തിരുവോണം
സുമസുന്ദരിയായി വന്നണഞ്ഞു
പൊൻതിരുവോണം”

(ചിത്രം - അമ്മ; സംഗീതം - വി. ദക്ഷിണാമൂർത്തി; ആലാപനം - പി. ലീലയും കൂട്ടരും)

മഹാബലിയുടെ പൊൻകൊടിപോലെ പാടങ്ങളിൽ ചെങ്കതിർ ചാഞ്ചാടുന്ന മലയാളത്തിന്റെ തിരുവോണമെന്ന ഉത്സവകാലം! മാവേലിമന്നന് സ്വാഗതമോതുന്ന ഗാനം പാടാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയാണ് കവി.

“മാമലനാട്ടിൽ പൊന്നോണം
മാവേലിയെത്തണ കല്യാണം
ഒയ്യാരം പറയലു നിറുത്തി
പാടെടി പാടെടി പെൺകിളിയേ”

(ചിത്രം - സ്നേഹദീപം; സംഗീതം - എം.ബി. ശ്രീനിവാസൻ; ആലാപനം - കമുകറ പുരുഷോത്തമനും ജമുനാറാണിയും സംഘവും.)

ഓണക്കാലമായാൽ മറ്റെല്ലാം മാറ്റിവച്ച് ഓണലഹരിയിൽ മുഴുകണമെന്ന് ഈ ഗാനത്തിലൂടെ പി. ഭാസ്കരൻ നമ്മെ ഓർമിപ്പിക്കുകയാണ്. പൂക്കളമൊരുക്കാൻ പൂവും പുത്തരിപ്പായസത്തിനു തേനും വേണമെന്ന കാര്യം ഓർമിപ്പിക്കാനും അദ്ദേഹം മറന്നില്ല.

“അത്തം നാൾതൊട്ട്
പത്തുവരേക്കുമീ
ഇത്തിരിമുല്ലപ്പൂ കമ്മലിടും
കാട്ടിൽ കിടക്കണെ
കായാമ്പൂവള്ളികൾ
കണ്ണെഴുതും റോജ പൊട്ടുകുത്തും
പൊന്മലർ ചൂടിയ തെച്ചിപ്പൂവള്ളികൾ
കുമ്മിയടിക്കും ഇളങ്കാറ്റിൽ
ഓണനിലാവത്ത്
കൈയിൽ കുഴലുമായ്
കാനനപ്പൂങ്കുയിൽ പാട്ടുപാടും”

(ചിത്രം - ഉമ്മണിത്തങ്ക; സംഗീതം - വി. ദക്ഷിണാമൂർത്തി; ആലാപനം - പി. ലീലയും കൂട്ടരും)

ഓണമെത്തിയാൽ പ്രകൃതിപോലും മാവേലിത്തമ്പുരാനെ എതിരേല്ക്കാൻ തയ്യാറാകുമെന്നു സൂചിപ്പിക്കുകയാണ് പി. ഭാസ്കരൻ.

വെള്ളിത്തിരയിലെ കഥാപാത്രങ്ങൾക്കുവേണ്ടി കാവ്യസമാനമായ ഗാനങ്ങൾ രചിക്കാൻ തൂലികയെടുത്ത വയലാർ രാമവർമയ്ക്കും ഓണം ഏറ്റവും പ്രിയപ്പെട്ട വിഷയമാണ്. ഈ മനോഹരതീരത്ത് കൊതിതീരുംവരെ ജീവിക്കാൻ കഴിയാതെപോയ അദ്ദേഹം ജീവിച്ചിരുന്നപ്പോഴാകട്ടെ കേരളത്തിന്റെ തനിമയാർന്ന പ്രകൃതിസൗന്ദര്യത്തിൽ സദാ ആകൃഷ്ടനായിരുന്നു.

“മരമായ മരമൊക്കെ
തളിരിട്ടു പൂവിട്ടു
മലയാളം പൊന്നോണപ്പൂവിട്ടു.”

(ചിത്രം - പൂച്ചകണ്ണി; സംഗീതം - എം.എസ്. ബാബുരാജ്; ആലാപനം - എസ്. ജാനകയും കൂട്ടരും).

സകല മരവും തളിരിടുകയും പൂവിടുകയും ചെയ്തത് മാവേലിത്തമ്പുരാനെ പൂക്കളമൊരുക്കി മലയാളക്കരയ്ക്കു വരവേല്ക്കാൻവേണ്ടിയാണെന്നു ധ്വനിപ്പിക്കുകയാണ് കവി.

*ശേഷം 12-ാം പേജിൽ*


ഓണാശംസകൾ



**ജോൺസൺ ഡ്രൈക്ലീനേഴ്സ്**

SINCE 1954

വിശ്വാസ്യതയുടെ 67 വർഷങ്ങൾ

ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്

മെയിൻ റോഡ്, പാലാ PH: 04822 - 212353

പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753

മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753

നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക

# മലയാളി മാറിച്ചിന്തിക്കാൻ സമയമായി

13 പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

ഭാരതമെന്നു കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം;
കേരളമെന്നു കേട്ടാലോ
തിളയ്ക്കണം ചോര
നമുക്കു ഞരമ്പുകളിൽ!

വള്ളത്തോളിന്റെ ഈ ശീലുകൾ നെഞ്ചിലേറ്റിയ ജനതയാണ് മലയാളികൾ. ലോകത്തിനുമുന്നിൽ ദൈവത്തിന്റെ സ്വന്തം നാട് എന്നഭിമാനിക്കുന്ന, അവകാശപ്പെടുന്ന സസ്യശ്യാമളകോമളനാടുതന്നെയാണു കേരളം. ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ ജൈവവൈവിധ്യമുൾക്കൊള്ളുന്ന, വിനോദസഞ്ചാരികളുടെ സ്വപ്നഭൂമിയായ മലയാളനാട് ചെറുതും വലുതുമായ നിരവധി പരിസ്ഥിതിപ്രശ്നങ്ങളെ ഇന്നു നേരിടുന്നു.

വർണമഴകൾ പെയ്തിറങ്ങുന്നതും കിണറുകൾ താഴുന്നതുമായ പ്രതിഭാസങ്ങളുടെ അശാന്തിയിലേക്കാണു വർഷങ്ങൾക്കുമുമ്പ് നാം ഉണർന്നെണീറ്റതെങ്കിൽ, പിന്നീട് ഭൂകമ്പങ്ങളുടെ പ്രകമ്പനങ്ങൾ നമ്മെ ഭയചകിതരാക്കി. അടിക്കടി സംഭവിക്കുന്ന ഉരുൾപൊട്ടലുകളും വരൾച്ചയും വെള്ളപ്പൊക്കവും കടൽക്ഷോഭവും കാട്ടുതീയും സ്വാഭാവികപ്രകൃതിദുരന്തങ്ങൾ മാത്രമല്ല, മനുഷ്യനിർമിതപരിസ്ഥിതിയുടെ പ്രത്യാഘാതങ്ങളുംകൂടിയാണ് എന്ന തിരിച്ചറിവ് നമ്മെ ചിന്തപ്പിക്കേണ്ടതാണ്. എലിപ്പനിയും ഡങ്കിപ്പനിയും ചിക്കുൻഗുനിയയും കടന്ന് ഇന്ന് കൊവിഡിലെത്തിനിൽക്കുമ്പോൾ പ്രകൃതി നൽകുന്ന ചില സൂചനകൾ കണ്ടില്ലെന്നു നടിക്കാതിരിക്കുക. ജീവജാലങ്ങൾ തമ്മിൽത്തമ്മിലും ജീവജാലങ്ങളും അജീവിയഘടകങ്ങളും തമ്മിലും പരസ്പരാശ്രയത്വത്തിൽ നിലകൊള്ളുന്ന സജീവവും അഭേദ്യവുമായ ബന്ധമാണ് പരിസ്ഥിതിയുടെ ജീവനാഡി. ഈ ബന്ധത്തിനുണ്ടാകുന്ന ഏതു ക്ഷയവും ദുരന്തമായി നാം ജീവിതത്തിൽ ഏറ്റുവാങ്ങേണ്ടിവരും.

വനനശീകരണവും നഗരവത്കരണവും വ്യവസായവിപ്ലവവും ഭൂഗർഭജലത്തിന്റെ ദുർവിനിയോഗവും മണ്ണ്, വായു, ജലമലിനീകരണങ്ങളും കുടിവെള്ളത്തിനു വില നൽകേണ്ടി വരുന്ന അവസ്ഥയിൽ നമ്മെ എത്തിച്ചിരിക്കുന്നു. ദുരന്തങ്ങളിൽനിന്നു പാഠം പഠിക്കുന്നതിനു പകരം ദുരന്തങ്ങൾപോലും ആഘോഷമാക്കി മാറ്റുന്ന ഗതികേടിലാണ് നാമിന്ന്.

2050 ആകുമ്പോൾ മൂന്നിൽ ഒരാൾക്ക് ജലദൗർലഭ്യം നേരിടുമെന്ന ശാസ്ത്രീയപ്രവചനം ഞെട്ടലോടെ തിരിച്ചറിഞ്ഞ് കേരളത്തിലെ ജലദൗർലഭ്യത്തെക്കുറിച്ചും ജലമലിനീകരണത്തെക്കുറിച്ചും ബോധവാന്മാരാകേണ്ടതുണ്ട്. വായുമലിനീകരണം ഏറ്റവും കൂടുതലുള്ള ഇന്ത്യൻ നഗരങ്ങളിൽ കൊച്ചിക്കു പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. പച്ചപ്പുകൾ മുഴുവൻ നഷ്ടമാക്കി മുന്നോട്ടു പോകുന്ന വികസനപ്രയാണത്തിൽ കേരളത്തിലെ വായുമലിനീകരണത്തിന്റെ തീവ്രതയെക്കുറിച്ചു നാം അറിയേണ്ടതില്ലേ? വരുംകാലങ്ങളിൽ തീവ്രതയേറിയ ചുഴലിക്കാറ്റുകളും കാലാവസ്ഥാവ്യതിയാനം മൂലമുള്ള സമുദ്രനിരപ്പിന്റെ ഉയർച്ചയും അനുഭവിക്കേണ്ടി വരുന്ന സംസ്ഥാനങ്ങളിൽ കേരളമുണ്ട് എന്ന നിഗമനത്തിൽ തീരദേശപരിസ്ഥിതിപ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽത്തന്നെ സമയബന്ധിതമായി സംബോധന ചെയ്യേണ്ടതുണ്ട്. മലയോരഭാഗങ്ങളെല്ലാം തുടർച്ചയായ ഭൂചലനങ്ങളുടെയും ഉരുൾപൊട്ടലിന്റെയും സാധ്യതപ്പട്ടികയിൽ നിലനില്ക്കുമ്പോൾ പാറമടകളുടെയും കരിങ്കൽഖനികളുടെയും പ്രവർത്തനങ്ങൾ നിയന്ത്രണവിധേയമാക്കേണ്ടതില്ലേ? യഥാർത്ഥ വസ്തുതകൾ കണ്ടെത്തി സുരക്ഷാസംവിധാനങ്ങൾ മുൻകൂട്ടി ഒരുക്കേണ്ടതുണ്ട്. ഭക്ഷ്യസുരക്ഷയെക്കുറിച്ച് വാതോരാതെ വർത്തമാനം പറയുമ്പോഴും മണ്ണുമലിനീകരണവും മണ്ണൊലിപ്പും തടയുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകുന്നുണ്ടോ?

തണ്ണീർത്തടങ്ങളും വയലേലകളും വലിയ തോതിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വരൾച്ചയും വെള്ളപ്പൊക്കവും ഒരേ സമയത്തുതന്നെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമായി വരുന്നു. കേരളത്തിൽ ശ്രദ്ധിക്കപ്പെടാതെപോകുന്ന ഒരു വിപത്തായി നഗരവത്കരണം അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അനുബന്ധമായി എടുക്കേണ്ട മുൻകരുതലുകളും തുടർപ്രവർത്തനങ്ങളും ഭരണകൂടസമിതികളിൽ നയരൂപീകരണരൂപത്തിൽത്തന്നെ വരേണ്ടതുണ്ട്.



ഇതിനുമപ്പുറം സമൂഹത്തിൽ നടക്കുന്ന സാംസ്കാരികമലിനീകരണത്തെക്കുറിച്ചും മലയാളി ബോധവാനാകുകയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും വേണം.

തുടർച്ചയായ സാമ്പത്തികവളർച്ചയാണ് വികസനം എന്ന സങ്കല്പത്തിൽനിന്ന് ജനങ്ങളുടെ ഭൗതികഗുണനിലവാരം, മാനസികാരോഗ്യം, സാംസ്കാരികമൂല്യങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ദുർബലവിഭാഗക്കാരുടെയും അവസ്ഥകൾ എന്നിവ കണക്കിലെടുക്കുന്ന ഒരു വികസനസൂചിക ഉരുത്തിരിഞ്ഞുവരണം. മത്സരത്തിനു പകരം സഹകരണത്തിനും, പിടിച്ചെടുക്കലിനു പകരം പങ്കിടലിനും, വ്യക്തിപരമായ രക്ഷപ്പെടലിനുപകരം സാമൂഹിക പ്രശ്നപരിഹാരത്തിനും മുൻതൂക്കം കൊടുക്കുന്ന ഒരു സുസ്ഥിരസംസ്കാരത്തിന്റെ ജീവിക്കുന്ന മാതൃകകളാകാൻ മലയാളികൾക്കു കഴിയട്ടെ.

■



# പണം ബലഹീനതയാവുമ്പോൾ

■ ഫാ. ഡോ. തോമസ് വരകുകാലായിൽ CMF

കൈക്കൂലി വാങ്ങുന്നവൻ അടിസ്ഥാനപരമായി പണമോഹിയാണ്. അനീതിയുടെ പണം കുടുംബത്തു പ്രവേശിക്കുന്നതു നന്നല്ല, കാരണം, അനീതിയിലൂടെ സമ്പാദിക്കുന്ന പണം തിന്മ നിറഞ്ഞതാണ്. അതൊരിക്കലും ശാശ്വതമായ പുരോഗതി നല്കുകയില്ല, എന്തെന്നാൽ, അത് ദൈവാനുഗ്രഹമില്ലാത്ത പണമാണ്.

ശരിയായ നീതിബോധമുള്ളവൻ കൈക്കൂലി വാങ്ങുകയില്ല. ഒരുവൻ നീതിപീഠത്തിൽ ഇരിക്കുന്നവനാണെങ്കിൽ കൈക്കൂലി വാങ്ങി ഒരാൾക്കു നീതി നിഷേധിക്കുകയും അപരന് അർഹിക്കാത്തതു ലഭിക്കാൻ ഇടയാക്കുകയും ചെയ്യരുത്: "നിന്റെ വിധികൾ നീതിവിരുദ്ധമായിരിക്കരുത്. നീ പക്ഷപാതം കാട്ടുകയോ കൈക്കൂലി വാങ്ങുകയോ അരുത്. എന്തെന്നാൽ, കൈക്കൂലി ജ്ഞാനിയെ അന്ധനാക്കുകയും നീതി നിഷേധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു." (നിയമ. 16:19). കൈക്കൂലി ജ്ഞാനിയെ അവന്റെ വിജ്ഞാനം ഉപയോഗിക്കാൻ പറ്റാത്തവനാക്കിത്തീർക്കുന്നു. പണം എല്ലാവർക്കും ഒരു ബലഹീനതയാണ്; ആ ബലഹീനത കൈക്കൂലിയിലേക്ക് ആകർഷിക്കുകയും, തുടർന്ന് നീതി നിഷേധിക്കാൻ തക്കവിധം മനസ്സിനെ അന്ധമാക്കുകയും ചെയ്യുന്നു. അങ്ങനെ അവന്റെ ഇരിപ്പിടം അനീതിയുടേതായിത്തീരുന്നു.

ബൈബിളിലെ സാമുവലിന്റെ മക്കളായ ജോയേലും അബിയായും ന്യായാധിപന്മാരായി നിയമിക്കപ്പെട്ടെങ്കിലും അവർ പിതാവിന്റെ മാർഗം പിൻതുടർന്നില്ല; കാരണം, അവർ പണമോഹികളായിരുന്നു: "സാമുവൽ വൃദ്ധനായപ്പോൾ മക്കളെ ഇസ്രായേലിൽ ന്യായാധിപന്മാരായി നിയമിച്ചു. മൂത്തമകൻ ജോയേലും രണ്ടാമൻ അബിയായും ബേർഷെബായിൽ ന്യായാധിപന്മാരായിരുന്നു. അവർ പിതാവിന്റെ മാർഗം പിൻതുടർന്നില്ല. പണമായിരുന്നു അവരുടെ ലക്ഷ്യം; അവർ കൈക്കൂലി വാങ്ങുകയും അനീതി പ്രവർത്തിക്കുകയും ചെയ്തിരുന്നു" (1 സാമു. 8:1-3). കൈക്കൂലി സമൂഹത്തിന്റെ സ്വാഭാവികസന്തോഷം കെടുത്തുന്നു; സമൂഹജീവിതത്തെ കാർന്നുതിന്നുന്ന അർബുദമായി അതു വളരുകയും ചെയ്യുന്നു.

ദൈവഭയമുള്ളവനും നല്ല മനസ്സുള്ളവനും ഒരിക്കലും കൈക്കൂലി വാങ്ങുകയില്ല. നല്ല മനസ്സുള്ളവൻ അവന്റെ നല്ല മനസ്സിനെ മലിനമാക്കുവാൻ ഇഷ്ടപ്പെടുകയില്ല. "...കൈക്കൂലി മനസ്സിനെ ദുഷിപ്പിക്കുന്നു" (സഭാ. 7:7). ഈ സത്യം ധ്യാനവിഷയമാക്കുന്നവൻ, സ്വന്തം മനസ്സിനെ നിർമലമായി സൂക്ഷിക്കുവാൻ എപ്പോഴും ശ്രദ്ധിക്കും: "നീതിയുടെ മാർഗത്തിൽ ചരിക്കുകയും സത്യം സംസാരിക്കുകയും ചെയ്യുന്നവൻ, മർദനം വഴിയുള്ള നേട്ടം വെറുക്കുന്നവൻ, കൈക്കൂലി വാങ്ങാതിരിക്കാൻ കൈ കുടയുന്നവൻ, രക്തച്ചൊരിച്ചിലിനെപ്പറ്റി കേൾക്കാതിരിക്കാൻ ചെവി പൊത്തുന്നവൻ, തിന്മ ദർശിക്കാതിരിക്കാൻ കണ്ണുകളടയ്ക്കുന്നവൻ - അവൻ ഉന്നതങ്ങളിൽ വസിക്കും" (ഏശ. 33:15).

കൈക്കൂലിവഴി ലഭിക്കുന്ന പണം ദൈവത്തിന്റെ അനുഗ്രഹം ഇല്ലാത്തതാണ്. അത് ശാശ്വതമായ സന്തോഷവും അഭിവൃദ്ധിയും തരുകയില്ല. അത് നിത്യസൗഭാഗ്യത്തിലേക്കുള്ള യാത്രയ്ക്കു വിലങ്ങുതടിയുമാണ്. കൈക്കൂലി വാങ്ങുന്നവന്റെ മനസ്സാക്ഷി അവനെ എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. എന്നാൽ, കൈക്കൂലി വാങ്ങാൻ അവസരമുണ്ടായിരുന്നിട്ടും അതു വാങ്ങാതിരുന്നവന്റെ മനസ്സു പ്രശാന്തമായിരിക്കും; അവൻ സന്തോഷത്തോടും സമാധാനത്തോടുംകൂടെ ഏറെനാൾ ജീവിക്കും.

കൈക്കൂലിവഴി എളുപ്പത്തിൽ ലഭിച്ച പണം ഒരുവൻ അധ്വാനിച്ചുണ്ടാക്കിയ പണത്തെയും ദുഷിപ്പിക്കും. അധ്വാനിച്ചുണ്ടാക്കിയ പണം മാത്രം കൈയിലുള്ളവൻ ഭാഗ്യവാൻ; അവൻ മനസ്സമാധാനത്തോടെയും കുറ്റബോധമില്ലാതെയും ജീവിച്ച് അഭിവൃദ്ധി പ്രാപിക്കും. ദൈവാനുഗ്രഹത്താൽ അവൻ സമ്പന്നനാവുകയും ചെയ്യും. അവന്റെ കൈയിലുള്ള പണം അധ്വാനത്തിന്റെ ഫലമാകയാൽ അതു ശുദ്ധമായ പണമാണ്, അത് എന്നും പൊലിച്ചുകൊണ്ടിരിക്കും.

# ബേസ് അപ്രേം നസ്രാണി ദയറ

5-ാം പേജ് തുടർച്ച

(8) മലങ്കര നസ്രാണിമക്കളുടെ പൊതുവായ പൗരസ്ത്യസുറിയാനിപ്രാഭവവും ഉറവിടശുദ്ധിയും തറവാട്ടു മഹിമയും തിരിച്ചറിഞ്ഞ് ഐക്യത്തിന്റെ സാക്ഷ്യം വർദ്ധിപ്പിക്കുക. (9) പൗരസ്ത്യ സുറിയാനിപാരമ്പര്യത്തിനും നസ്രാണിചൈതന്യത്തിനും യോജിക്കുന്ന വിധത്തിൽ സന്ന്യാസജീവിതം നയിക്കുക.

ബേസ് അപ്രേം നസ്രാണി ദയറയിലൂടെ സീറോ മലബാർ സഭയുടെ കാതുകളിൽ ഇതിനോടകം മന്ത്രിക്കപ്പെട്ടവയിൽ കാലപ്രവാഹത്തിൽ നഷ്ടപ്പെട്ടുപോയ നസ്രാണികളുടെ കൗദാശികവും ആചാരപരവുമായ ഒട്ടനവധി കാര്യങ്ങളുണ്ട്. അതിൽ ഒന്നാമത്തേതാണ് പുളിപ്പിച്ച അപ്പം പരിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പൗരസ്ത്യ നസ്രാണിപാരമ്പര്യം അനുവർത്തിക്കാൻ മല്ക്കാ എന്ന വിശുദ്ധ പുളിപ്പ് തിരിച്ചുകൊണ്ടുവന്നു എന്നുള്ളത്.

**ബേസ് അപ്രേം ദയറയുടെ ഘടന**

ബേസ് അപ്രേം നസ്രാണി ദയറയിൽ മൂന്നു താമസമുറികളുണ്ട്, രൂപാന്തരീകരണമലയിൽ പത്രോസ് പണിയാമെന്നു പറഞ്ഞ മൂന്നു കൂടാരങ്ങൾപോലെ. ഓരോന്നിന്റെയും വാതില്ക്കൽ സുറിയാനി ലിഖിതങ്ങൾ (inscriptions) കാണാം. പഴയ സുറിയാനി ലിപിയായ എസ്ത്രാൻഗലാ(Estrangela)യിലാണ് അവ എഴുതിയിരിക്കുന്നത്. കിഴക്കേയറ്റത്തുള്ള ആദ്യത്തെ മുറിയുടെ മുമ്പിൽ അപ്രേം, ഇസഹാക്ക് എന്നീ പേരുകൾ മുകളിലും താഴെയുമായി എഴുതിയിരിക്കുന്നു. ഈ ദയറയുടെ സ്വർഗീയമദ്ധ്യസ്ഥരാണ് ഇവർ രണ്ടുപേരും. ഇന്നത്തെ തുർക്കിയിൽ നിസിബിസ് എന്ന സ്ഥലത്ത് AD 306 ൽ ജനിച്ച മാർ അപ്രേം 373 ജൂൺ 9 ന് എദേസായിൽ വച്ച് അന്തരിച്ചു.

ഇസഹാക്ക് : ദയറയുടെ സ്വർഗീയമദ്ധ്യസ്ഥനായ നിനവേയിലെ വി. ഇസഹാക്ക് (St. Isaac of Nineve) ഏഴാം നൂറ്റാണ്ടിൽ ജീവിച്ച സുറിയാനി ദൈവശാസ്ത്ര മിസ്റ്റിക്പ്രതിഭയും ശുദ്ധമതിയായ സന്ന്യാസിയുമാണ്. ഖത്തറിൽ ജനിക്കുകയും വടക്കൻ ഇറാക്കിൽ സന്ന്യാസജീവിതം നയിക്കുകയും ചെയ്തു. അഞ്ചു മാസക്കാലം മാത്രം നിനവേ രൂപതയുടെ മെത്രാനായിരുന്ന അദ്ദേഹം സന്ന്യാസജീവിതത്തിലേക്കു തിരിച്ചുപോന്നു. പുണ്യപിതാവിന്റെ രചനകൾ സന്ന്യാസമാർഗത്തിൽ ചരിക്കുന്നവർക്ക് അത്യന്താപേക്ഷിതമാണ്.


മാർ അപ്രേമിന്റെയും മാർ ഇസഹാക്കിന്റെയും പേരുകൾക്കിടയിൽ നാല് പേരുകൾകൂടി രേഖപ്പെടുത്തിയിട്ടുണ്ട്. നിസിബിസിലെ നാലു മെത്രാന്മാരുടെ പേരുകളാണവ.

യാക്കോവ്
ബാവു
വൽഗാശ്
അവ്റാഹം

ഇവരിൽ മാർ യാക്കോവ് (Bishop Mar Jacob) നിസിബിസിന്റെ ആദ്യത്തെ മെത്രാനും മാർ അപ്രേമിനെ ബാല്യകാലംമുതൽ മതപഠനത്തിൽ വളർത്തിയവനുമാണ്. അപ്രേമിന് ഡീക്കൻപട്ടം കൊടുക്കുകയും നിസിബിസ് ദൈവശാസ്ത്രകേന്ദ്രത്തിലെ വേദപുസ്തകവ്യാഖ്യാതാവ് (Biblical Exegete) ആയി നിയമിക്കുകയും



റവ. ഡോ. പ്ലാസിഡ് ജെ. പൊടിപാറ സി.എം.ഐ. (1899 - 1985)



റവ. ഫാ. ജോൺ ബോസ്കോ തോട്ടക്കര സി.എം.ഐ (1920 - 2005)



റവ. ഫാ. എമ്മാനുവേൽ തെള്ളിയിൽ സി.എം.ഐ. (1925 - 2015)

ചെയ്തു. 338-ൽ മാർ യാക്കോവ് കാലം ചെയ്തു.

മാർ ബാവു 338-350 കാലഘട്ടത്തിൽ മാർ യാക്കോവിന്റെ പിൻഗാമിയായി നിസിബിസിലെ മെത്രാൻ ആയിരുന്നു.

മാർ വൽഗാശ് നിസിബിസിന്റെ മൂന്നാമത്തെ മെത്രാനായിരുന്ന കാലഘട്ടത്തിലാണ് (350-361) മാർ അപ്രേം ഏറ്റവും അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനായി ഉയർന്നത്.

മാർ വൽഗാശിനുശേഷം നിസിബിസ് മെത്രാനായ മാർ അവ്റാഹത്തിന്റെ നാളുകളിൽ 363 ൽ പേർഷ്യൻസാമ്രാജ്യം നിസിബിസ് ആക്രമിച്ച് കീഴടക്കുകയും ആ നാട്ടിലെ ക്രിസ്ത്യാനികൾ നാടുവിടുകയും ചെയ്തു. മാർ അപ്രേം എദേസായിലേക്കു പലായനം ചെയ്യുകയും പത്തുവർഷം അവിടെ ജീവിച്ച് മരിക്കുകയും ചെയ്തു.

ദയറയുടെ രണ്ടാമത്തെ താമസമുറിയുടെ മുമ്പിൽ തോമാ എന്നും യോഹന്നാൻ എന്നും എഴുതിയിരിക്കുന്നു. നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹായുടെയും സ്നാപകയോഹന്നാന്റെയും പേരുകളാണവ. ദയറാജീവിതത്തെ താങ്ങിനിർത്തുന്ന രണ്ടു പുതിയനിയമ വേദപുസ്തകങ്ങളായാണ് ഈ പേരുകളെ കരുതുന്നത്.

മൂന്നാമത്തെ താമസമുറിയുടെ മുമ്പിലായി മൂന്നു പഴയനിയമ വ്യക്തികളുടെ പേരുകൾ കോറിയിട്ടിരിക്കുന്നു. മുകളിലും താഴെയുമായി മൂശെ (Moses) എന്നും ഏലിയാ (Elijah) എന്നും എഴുതിയിരിക്കുന്നു. നമ്മുടെ നസ്രാണി ദയറയുടെ രണ്ടു പഴയനിയമ വേദപുസ്തകത്തൂണുകളായാണ് മൂശെയെയും ഏലിയായെയും പരിഗണിക്കുന്നത്. ഈ രണ്ടു പേരുകൾക്കിടയിലായി മൂന്നാമത് എഴുതിയിരിക്കുന്നത് ശെംശോ നസീറേ ദാലാഹാ എന്നാണ്. ദൈവത്തിന്റെ നാസീർവ്രതക്കാരനായ സാംസൺ എന്നാണ് ഇതിനർത്ഥം. നമ്മുടെ ദയറാജീവിതത്തെ പഴയനിയമത്തിലെ നാസീർ വ്രതത്തോടു ബന്ധിപ്പിക്കാൻ ആഗ്രഹിക്കുകയാണ് ഇതിലൂടെ.

ദയറയുടെ അടുക്കള ഭക്ഷണമുറി ഭാഗത്ത് നാലു പേരുകൾകൂടി കാണാം. നാലും സ്ത്രീകളുടേതാണ്. ഒന്നാമത്തേത് മറിയം - ഈശോയുടെ അമ്മയും സഭയുടെ അമ്മയും മാതൃകയുമായ പരിശുദ്ധ മറിയം ദയറായിലും അമ്മ.

രണ്ടാമത്തേത് ശ്മോനി. മൂന്നാമത്തേത് മസ്ക്കൻതാ. നാലാമത്തേത് അർമൽത്താ (വിധവ).

ഈ ലിഖിതങ്ങൾക്കുപുറമേ അടുക്കളഭാഗത്ത് മാർ അപ്രേമിന്റേതായി എട്ടുവരി കവിതയും ദയറായുടെ തുടക്കംകുറിക്കുന്ന ആറുവരി എഴുത്തും ഉണ്ട്.

മാർ അപ്രേമിന്റെ വരികൾ ഇങ്ങനെയാണ്:

മിൻ അർആ സ്ഹീത്താ
ഗാസേ മബുആ
ദ് ഹു സാപേക് ല്മസ്ബാ
സഹ്യാ ദ് അമ്മേ
മിൻ ഉമ്പാ ബ്സൂലാ
അക് മിൻ ശോആ
ശ്വഹ് സർആ ദ് മെന്നേ
ഹ്വയ് അല്ലാസാ
മാർ അപ്രേം

അർത്ഥം:
ജനങ്ങളുടെ ദാഹം
ശമിപ്പിക്കാൻ മതിയായ
ഉറവയൊഴുകുന്നു
വരണ്ട മണ്ണിൽനിന്ന്
ശിലയിൽനിന്നെന്നപോലെ
കന്യാ ഉദരത്തിൽനിന്ന്
വിത്തു മുളയിട്ടു
കൊയ്ത്ത് വന്നെത്തി
- മാർ അപ്രേം

ദയറായുടെ തുടക്കത്തെക്കുറിച്ചുള്ളത്:
ഹാവേ ശൂറായ ദ്ബെനിയാനാ ദ് ദയറാ
ഹാദേ ദ് അൽ ശേം ബേസ് അപ്രേം
എശ്ത്താസസ് ബീറഹ്
ഈലോൽ ബ്യോം
ദ്ശത്ത് മ്ശി വീസേഹ് തഹ്ത്ത്
മ്തല്ലാസാ ദ് കന്തീശാ മാർ അപ്രേം
വദ് കന്തീശാമാർ ഇസഹാക്ക് ദ് നിനവേ

അർത്ഥം:

ബേസ് അപ്രേം എന്ന പേരിലുള്ള ഈ ദയറായുടെ നിർമാണാരംഭം ഇതാകുന്നു.

പരിശുദ്ധരായ മാർ അപ്രേമിന്റെയും മാർ ഇസഹാക്ക് നിനവേയുടെയും സംരക്ഷണത്തിലായിരിക്കുന്ന ഈ ദയറാ, മിശിഹാക്കാലം 2006-ാം ആണ്ടിൽ സെപ്റ്റംബർമാസം 25-ാം തീയതി ഇത് ഉറപ്പിക്കപ്പെട്ടു.

**കൽസ്ലീവാ**

നസ്രാണി ദയറയുടെ മുറ്റത്ത്, പരിശുദ്ധ കുർബാന അർപ്പിക്കുന്ന ചാപ്പലിന്റെ നേരേ മുമ്പിലായി കിഴക്കോട്ടു ദർശനത്തിൽ ഒരു ബേസ് സ്ലീവാ (കുരിശുപള്ളി, കുരിശടി) ഉണ്ട്. അതിന്റെ ഒരുവശത്ത് ആല്പ്, താവ് എന്നീ സുറിയാനി അക്ഷരങ്ങളും ഒരു കുരിശടയാളവും മറുവശത്തു നടുവിലായി ദാവീദിന്റെ നക്ഷത്രവും കാണാം. സ്ലീവാമുദ്രയും നക്ഷത്ര അടയാളവും ഈശോമിശിഹായെ സൂചിപ്പിക്കുന്നു. കൽസ്ലീവായുടെ ചുവട്ടിലേക്ക് എത്തിനില്ക്കുന്ന എട്ടു സവിശേഷ എടുപ്പുകളുണ്ട്. അവയോരോന്നും ബേസ് സ്ലീവായുടെ മധ്യഭാഗത്തെ എട്ടു മുഖമുള്ള ഒരു ഭവനമാക്കി മാറ്റുന്നു. ഈ എടുപ്പുകളുടെ താഴെ മുകളിലേക്കും വലത്തേക്കും ഇടത്തേക്കും നില്ക്കുന്ന കുരിശടയാളങ്ങളുണ്ട്. അത് സത്യസഭയുടെയും സത്യവിശ്വാസത്തിന്റെയും സാർവത്രികസ്വഭാവത്തെ സൂചിപ്പിക്കുന്നു. മധ്യഭാഗത്ത് രണ്ടു നിലകളിലായി ഉള്ളിലേക്കു തുറന്നിരിക്കുന്ന എട്ടു വളച്ചുവാതിലുകളുണ്ട്. അവയിൽ ഒരു നില ഉയരം കൂടിയതും മറ്റേത് ഉയരം കുറഞ്ഞതുമാണ്. ഉയരമുള്ള ഭാഗത്ത് നാലു സ്ലീവാകൾ പ്രതിഷ്ഠിച്ചിരിക്കുന്നു. അവിടെയും താഴത്തെ ഉയരം കുറഞ്ഞ നിലയിലും എണ്ണയൊഴിച്ചു കത്തിക്കുന്ന കൽവിളക്കുകളുണ്ട്. താഴെ തറയിൽനിന്ന് ഉയർന്നുനില്ക്കുന്ന ബേസ് സ്ലീവായുടെ അധോഭാഗം ചതുരാകൃതിയാണ്. അവിടെ നാലുവശത്തുമായി മൂന്നുവീതം കൽവിളക്കുകൾ ക്രമീകരിച്ചിരിക്കുന്നു.



റവ. ഡോ.കൂനമ്മാക്കൽ തോമ്മാക്കത്തനാർ



റവ. ഫാ. സെബാസ്റ്റ്യൻ അടപ്പശേരിൽ

തറയിൽ കരിങ്കല്ലുകൾ പാകിയിരിക്കുകയാണ്. മുൻവശത്ത് ഒരു ബേമ്മായുണ്ട്. ചതുരാകൃതിയിൽ തറയിൽനിന്ന് ഉയർന്നുനില്ക്കുന്ന ഭാഗം മുൻവശം മൂന്നു കാർമ്മികരെ സൂചിപ്പിക്കുന്ന വിധം മൂന്നു മുഖങ്ങളായി വെട്ടിയിരിക്കുന്നു.

കരിങ്കല്ലുകൾ പാകിയിരിക്കുന്ന തറഭാഗം നിലത്തുനിന്ന് ഉയർന്നുനില്ക്കുന്നതാണ്. തറയുടെ നാലറ്റത്തും ചതുരാകൃതിയിൽ ഉയരം കുറഞ്ഞ സ്തംഭങ്ങളുണ്ട്. അവ ഓരോന്നിന്റെയും ഓരോ വശത്തും സുറിയാനിലിഖിതങ്ങളും സ്ലീവായുടെ മുദ്രകളുമുണ്ട്.

ബേസ് സ്ലീവായുടെ മുൻവശത്തെ പ്രധാനപടികളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

സല്ലാവ് ദ് നെഹ്വെ
ശൈനാ ബവ്റീസാ

ഈ എഴുത്ത് സീറോ മലബാർ കുർബാനക്രമത്തിൽനിന്നുള്ളതാണ്. 'സൃഷ്ടികളിൽ സമാധാനമുണ്ടാകുന്നതിനായി നിങ്ങൾ പ്രാർത്ഥിക്കുവിൻ' എന്നാണിതിനർത്ഥം.

മാർത്തോമ്മാനസ്രാണികളുടെ തറവാടുഭൂമിയാണ് കുറവിലങ്ങാട്. അവിടെ പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണം നടന്നതായി സാക്ഷ്യപ്പെടുത്തുന്നു. ലോകത്തുണ്ടായിട്ടുള്ള മരിയൻ പ്രത്യക്ഷീകരണങ്ങളിൽ ഏറ്റവും പുരാതനമാണിത്. അതിനാൽ, മർത്ത് മറിയത്തിന്റെ കല്ലിൽ കൊത്തിയ അടയാളം മുൻഭാഗത്ത് രണ്ടുവശങ്ങളിലും വച്ചിരിക്കുന്നു. ബേസ് സ്ലീവായുടെ വലതുഭാഗത്ത് പരിശുദ്ധമാതാവിന്റെ അടയാളത്തിനു മുകളിൽ മർത്ത് മറിയം - 'പരിശുദ്ധ മറിയം' - എന്നും താഴെ

എമ്മാഹ് ദ്മ്ദീത്ത
ബ്രീക്ത്താ ദ് കുറവിലങ്ങാട്

എന്നും എഴുതിയിരിക്കുന്നു.

ഇതിന്റെ അർത്ഥം 'അനുഗൃഹീതപട്ടണമായ കുറവിലങ്ങാടിന്റെ അമ്മ' എന്നാണ്. എസ്ത്രാൻഗലാ ലിപികളിൽ ഉള്ള ഈ എഴുത്തിൽ 'കുറവിലങ്ങാട്' എന്നതിന്റെ 'ങ്ങാട്' എന്ന ഭാഗം സുറിയാനി മലയാളമായ 'കർഷോൻ' (Karshon) ലിപിയാണ്.

ഇടതുവശത്ത് എഴുതിയിരിക്കുന്നത്:
മർത്ത് മറിയം
ബ് സുൽത്താ കന്തീശ്ത്താ
'പരിശുദ്ധ കന്യകാമറിയം' എന്നാണ് ഇതിനർത്ഥം.

വലത്തേ തൂണിന്റെ മറ്റു മൂന്നുവശങ്ങളിലുമുള്ള ലിഖിതങ്ങൾ ഇപ്രകാരമാണ്:
ഹാ എന്നാ
അംസേ ദ് മറിയാ
നെഹ്വേ ലി
അക് മെൽഡാക്
'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ' എന്നാണ് ഇതിനർത്ഥം. ലൂക്കാ 1:38 ൽ നിന്നെടുത്തതാണ്.

മറ്റൊന്ന്:
അയ്മെക്കാ ലി ഹാദേ
ദെമ്മേ ദ് മറിയാ
തേസേ ല്വാസ്
"കർത്താവിന്റെ അമ്മ എന്റെ അടുക്കൽ എത്തിയ ഇത് എനിക്ക് എവിടെനിന്ന്" (ലൂക്കാ. 1:43).

കഥ

# സുനന്ദയുടെ ഓണം





സന്ധ്യ വാസു

"അമ്മൂ...നീ ഇതെവിടെയാ..."

"ഞാനിവിടെയുണ്ടമ്മേ..."

മുറ്റത്തെ മൂവാണ്ടൻമാവിന്റെ ചുവട്ടിൽ ഏട്ടന്മാരോടൊപ്പം കണ്ണൻചിരട്ടയിൽ മണ്ണ് നനച്ചു കുഴച്ച് മണ്ണപ്പം ചുട്ടെടുക്കുന്ന തിരക്കിലായിരുന്നു അമ്മുക്കുട്ടി...

"എന്താ..മ്മേ...വിളിച്ചത്."

അവൾ വീണ്ടും ചോദിച്ചു.

"ഒന്നൂല്യ... അമ്മൂട്ട്യേ.... ഞാൻ ഉണ്ണിമോളെ ഉറക്കാൻ പോവാ... ദൂരെ എവിടെയും പോകരുത്... കേട്ടോ... ഏട്ടന്മാരോടൊപ്പം ഇവിടെത്തന്നെ ഉണ്ടാവണം..."

"ശരി... അമ്മേ..."

അവൾ തലകുലുക്കി സമ്മതിച്ചു.

ചെറിയ മോളെ എടുത്തുകൊണ്ട് സുനന്ദ അകത്തേക്കു നടന്നു.

കട്ടിലിൽ കുഞ്ഞിനെ ഉറക്കാൻ കിടക്കുമ്പോൾ... ചിന്തകൾ ഓർമയുടെ പുസ്തകത്താളിലേക്ക് ഊളിയിടുകയായിരുന്നു.

കമ്പോണ്ടർ രാഘവൻ നാട്ടുപ്രമാണിയും, പേരുകേട്ട തറവാട്ടിലെ അംഗവുമായിരുന്നു. ആ വലിയ വീട്ടിലെ ജോലിക്കാരിയായിരുന്നു അച്ഛനും അമ്മയും ഇല്ലാത്ത സുനന്ദ.

തൊട്ടടുത്ത ക്ഷേത്രത്തിലെ ദേഹണ്ണപ്പുരയിലെ പാചകക്കാരനായ ബാലന് അവളെ വലിയ കാര്യമായിരുന്നു. അയാൾക്കും പറയത്തക്ക ബന്ധുക്കളാരും ഉണ്ടായിരുന്നില്ല. ആകെയുണ്ടായിരുന്ന അമ്മകൂടി മരിച്ചപ്പോൾ തീർത്തും ഒറ്റപ്പെട്ട ജീവിതം.

നിയന്ത്രിക്കാൻ ആരുമില്ലാതായതോടെ മദ്യപാനത്തിലേക്കു നീങ്ങിക്കൊണ്ടിരുന്ന ബാലനെ, സുനന്ദ സ്നേഹവാക്കുകളിലൂടെ... നേർവഴിയിലേക്കുകൊണ്ടുവന്നപ്പോൾ അതു സുനന്ദയുടെയും ബാലന്റെയും ജീവിതത്തിലെ പ്രണയവസന്തകാലമാവുകയായിരുന്നു.

നാട്ടുകാർക്ക് പ്രിയങ്കരനായിരുന്നു ബാലൻ.

എല്ലാവരുടെയും സമ്മതത്തോടെ തൃക്കണ്ടിയൂരമ്പലത്തിൽവച്ച് സുനന്ദയെ ബാലൻ താലിചാർത്തി കൂടെക്കൂട്ടിയപ്പോൾ രണ്ട് അനാഥജന്മങ്ങൾ സനാഥമാവുകയായിരുന്നു.

ആ പ്രണയവല്ലരിയിൽ വിരിഞ്ഞത് നാലു മക്കൾ.

രണ്ടാണും രണ്ടു പെണ്ണും.

രണ്ടാൺമക്കൾക്കുശേഷം തന്റെ സ്വപ്നസാഫല്യംപോലെ കൈകളിലെത്തിയ പെൺകുഞ്ഞിനെ ബാലൻ താഴത്തും തലയിലും വയ്ക്കാതെയായിരുന്നു കൊണ്ടുനടന്നിരുന്നത്.

അമ്മു എന്ന പേരും ചൊല്ലി വിളിച്ചു.

തൃക്കണ്ടിയൂരപ്പന്റെ മുന്നിലെ പ്രാർത്ഥനയ്ക്ക് ഭഗവാൻ തന്ന വരപ്രസാദമാണ് അമ്മുമോളെന്ന് ബാലൻ എപ്പോഴും പറയുമായിരുന്നു.

സുനന്ദ നാലാമതും ഗർഭിണിയായപ്പോൾ ചിലരെങ്കിലും ബാലനെ കളിയാക്കിയിരുന്നു.


"ഭഗവാൻ തരുന്നത് രണ്ടു കൈയും നീട്ടി വാങ്ങുന്നു... അത്രയേ... ഉള്ളൂ..."

ചെറുചിരിയോടെ ബാലന്റെ മറുപടി ഇങ്ങനെയായിരുന്നു.

സന്തോഷം അലതല്ലിയ കുടുംബജീവിതം കരിനിഴലണിഞ്ഞത് പെട്ടെന്നായിരുന്നു.

ക്യാൻസർ എന്ന കൊലയാളി ബാലനെ ആക്രമിച്ചു കീഴ്പ്പെടുത്തി. ജീവിതമെന്ന കളിക്കളത്തിലെ വില്ലനായ വിധി പറക്കമുറ്റാത്ത നാലു മക്കളെയും സുനന്ദയെയും തനിച്ചാക്കി ബാലനെയുംകൊണ്ട് മരണത്തിന്റെ ചിറകിലേറി കടന്നുകളഞ്ഞു.

ജീവിതം വഴിമുട്ടി പിഞ്ചു മക്കളെയുംകൊണ്ട് പകച്ചുനിന്നു



പോയി സുനന്ദ.

ബാലേട്ടനില്ലാത്ത മൂന്നാമത്തെ ഓണം. അവളൊന്നു നെടുവീർപ്പിട്ടു.

കഴിഞ്ഞ രണ്ടു വർഷവും പുത്തനുടുപ്പുകളും സദ്യവട്ടങ്ങളും ഒന്നുമില്ലാതെ കടന്നുപോയി... സദ്യയൊരുക്കിയില്ലെങ്കിലും നാളെ ഇത്തിരി ചോറെങ്കിലും കൊടുക്കാൻ... ഒരു മണി അരിയില്ല... ഉണ്ടായിരുന്നത് വേവിച്ചു കഞ്ഞിയാക്കി മക്കൾക്കു കൊടുത്തു. അതുതന്നെ തന്റെ തൃപ്തി എന്ന് അവൾ ആശ്വസിച്ചു.

"എന്റെ... തൃക്കണ്ടിയൂരപ്പാ... എന്തേലും ഒരു വഴി കാണിക്കണേ...."

കണ്ണുകൾ ഇറുക്കിയടച്ച് സുനന്ദ മനസ്സിൽ പ്രാർത്ഥിച്ചു.

"ടീ...സുനന്ദേ..."

ആരോ വിളിക്കുന്നതുകേട്ട് സുനന്ദ ഉമ്മറത്തേക്കു വന്നു.

പാടവരമ്പത്തുകൂടി പിടഞ്ഞ്...പിടഞ്ഞ്.. നടന്നുവരുന്നു... കല്ലുവേടത്തിയാണ്.

"എന്താ കല്ലുവേട്ത്തീ?"

സുനന്ദ ചോദിച്ചു.

"നിന്നോട്... കക്കുഴിയത്തെ സരോജിനിറ്റീച്ചർ ഒന്ന് അത്രേടംവരെ ചെല്ലാൻ പറഞ്ഞു..." കല്ലുവേടത്തി കിതപ്പടക്കി.

"ഓണല്ലേ... വല്ലോം... തരാനാവും.

വൈകണ്ട... ഇപ്പത്തന്നെ പൊയ്ക്കോ..."

നേരം ഉണ്ടായിട്ടല്ല... എന്നോട് പറഞ്ഞപ്പോൾ, ഇതൊന്ന് ഇവിടെ വന്നു പറയാൻവേണ്ടി ഓടി വന്നതാ...

ഇനിയും രണ്ടു വീട്ടിലെ പണി കഴിയാനുണ്ട്... ഞാൻ പോവാ... ടീ..."

അതും പറഞ്ഞ് കല്ലുവേട്ത്തി തിരിഞ്ഞുനടന്നു.

തനിക്കിപ്പോൾ ആകെ ഒരു ആശ്രയം കല്ലുവേട്ത്തിയാണ്.

ഉത്രാടപ്പാച്ചിൽ ശരിക്കും പായണത് മൂപ്പത്തിയാരാണ്.

വിറകുപുര കെട്ടാനുള്ള ഓല മെടഞ്ഞു കൊടുത്തതിന്റെ കൂലി അമ്പതുരൂപ തരാനുണ്ട്. അത് തരാനായിരിക്കും...

ഒന്നുപോയി വരാം... അരിയെങ്കിലും വാങ്ങാൻ കഴിഞ്ഞാലോ...

അല്ലെങ്കിൽ തിരുവോണത്തിന് പട്ടിണിക്കിടേണ്ടി വരും ഈ പൈതങ്ങളെ...

'അമ്മൂ... അമ്മ ഇപ്പോ വരാട്ടോ... റ്റീച്ചറമ്മയുടെ വീടുവരെ ഒന്നുപോവാ... ട്ടോ..."

"ഉണ്ണിമോൾ ഉറങ്ങിക്കിടക്കുകയാണ്... ഒന്നു ശ്രദ്ധിക്കണേ..."

"ശരി...അമ്മേ..."

സുനന്ദ വേഗം റ്റീച്ചറുടെ വീട്ടിലേക്കു നടന്നു ചെറിയ ഒരു പ്രതീക്ഷയോടെ...

ബാലേട്ടന്റെ മരണശേഷം മക്കളെ നോക്കി വളർത്താൻ ഒരുപാട് കഷ്ടപ്പെടുമ്പോഴും റ്റീച്ചറെപ്പോലുള്ളവരുടെ കരുതലും, സ്നേഹവും ഉള്ളതുകൊണ്ടാണ് പിടിച്ചു നിൽക്കുന്നത്.

റ്റീച്ചറിന് തന്നെയും മക്കളെയും വലിയ കാര്യമാണ്.

ഓരോന്നാലോചിച്ച് റ്റീച്ചറുടെ വീട് എത്തിയതറിഞ്ഞില്ല.

"റ്റീച്ചറേ..." വരാൻ പറഞ്ഞൂന്ന് കല്ലുവമ്മ വന്നു പറഞ്ഞു."

"നീ... ഇങ്ങു കേറിവാ... സുനന്ദേ..."

ആ... വിളിക്ക്, സ്നേഹത്തിന്റെ, കരുതലിന്റെ, ചേർത്തുപിടിക്കലിന്റെ ഗന്ധമുണ്ടായിരുന്നു.

"ഓണമല്ലേ മോളെ... ഇത് നിനക്കും, കുട്ടികൾക്കും വേണ്ടി വാങ്ങിയതാ..."

ഒരു കവർ അവൾക്കു നേരേ നീട്ടിക്കൊണ്ട് ടീച്ചർ പറഞ്ഞു.

പിന്നെ കുറച്ച് അരിയും പച്ചക്കറിയും സാധനങ്ങളും. ആ കയ്യിങ്ങോട്ട് കാണിച്ചേ.. ഇതും കൂടി വച്ചോളൂ... കണക്കൊന്നും നോക്കീട്ടല്ലാ... ട്ടോ... കൊണ്ടുപോയിട്ട് കുട്ടികൾക്ക് നല്ലൊരു ഓണസദ്യ ഉണ്ടാക്കിക്കൊടുക്ക്..."

സുനന്ദയുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി...

മറുപടി പറയാൻ വാക്കുകൾ ഇല്ലാതെ ചുണ്ടുകൾ വിറകൊണ്ടു.

"അയ്യേ... എന്താ ഇത് കരയാ...

ഒന്നും... സാരല്യ കുട്ട്യേ...

വിധിച്ചതെന്താന്നു വെച്ചാൽ അനുഭവിക്കാതെ പറ്റുമോ....

നീ ചെല്ല്... കുട്ടികൾ അവിടെ തനിച്ചല്ലേ ഉള്ളൂ..."

അറിയാതെ കുമ്പിട്ട് സുനന്ദ ആ കാൽക്കൽ തൊട്ടു നമസ്കരിച്ചു.

അവളെ പിടിച്ചെഴുന്നേല്പിച്ചു മാറോടുചേർത്തു റ്റീച്ചർ സമാധാനിപ്പിച്ചു.

"പോയിട്ട് വാ മോളെ..."

കയ്യിൽ നിറയെ സാധനങ്ങളുമായി വീടിന്റെ പടികയറുമ്പോൾ...

മക്കളെല്ലാം ഓടിയണഞ്ഞു.

ഓണക്കോടി അവരുടെ കൈകളിലേക്കുവച്ചു കൊടുത്തപ്പോൾ അവരുടെ സന്തോഷം കണ്ട് സുനന്ദയുടെ കണ്ണുനിറഞ്ഞു.

അവരുടെ മുഖത്ത് മുറ്റത്തെ പൂക്കളത്തിലെപ്പോലെ വർണ്ണവിസ്മയം തെളിഞ്ഞുകണ്ടു.

ആ സമയം അറിയാതെ നോട്ടം ചെന്നു പതിച്ചത് ഉമ്മറഭിത്തിയിലെ ബാലേട്ടന്റെ ഫോട്ടോയിലായിരുന്നു. തന്നെ നോക്കി ഒരു കള്ളച്ചിരി ചിരിച്ചപോലെ തോന്നി.

നാളെ നല്ല ഒരു സദ്യ ഉണ്ടാക്കി മക്കൾക്കു കൊടുക്കണം... ട്ടോ...

ഒപ്പം ഒരു നാക്കിലയിൽ എനിക്കും വിളമ്പണം...

നിങ്ങളുടെകൂടെ ആ ഓണസദ്യ കഴിക്കാൻ ഞാനും ഉണ്ടാവും...

ബാലേട്ടൻ അങ്ങനെയല്ലേ... പറയുന്നത്?

ആ മുഖത്തുനിന്ന് അങ്ങനെ വായിച്ചെടുക്കാൻ തോന്നി...

കൈകൂപ്പി തൃക്കണ്ടിയൂരപ്പനെ മനസ്സിൽ ധ്യാനിച്ചപ്പോൾ...

തൃക്കണ്ടിയൂരപ്പന്റെ മുഖത്ത് മിന്നിമറഞ്ഞ ഭാവത്തിന്...

സരോജിനിറ്റീച്ചറുടെ മുഖച്ഛായയുള്ളപ്പോലെ...!

## മഹാബലി വരുമ്പോൾ

കവിത

ജോർജുകുട്ടി താവളം



കർക്കടകത്തിൻ കലിയടങ്ങി
അർക്കൻ കിഴക്കെത്തിപ്പുഞ്ചിരിച്ചു
ചിങ്ങത്തെ സ്വീകരിച്ചീടുവാനായ്
മങ്ങാതെ മാനം തെളിഞ്ഞുനിന്നു.

കണ്ണുകൾക്കാനന്ദമേകിയെങ്ങും
വർണ്ണാഭസൂനങ്ങൾ കാറ്റിലാടി
തുമ്പികൾ പാറിപ്പറന്നു പൂക്കൾ-
ക്കുമ്മകൾ നൽകുവാൻ മത്സരിച്ചു.

വീട്ടുമുറ്റങ്ങളിൽ പൂക്കളങ്ങൾ
പാട്ടുകൾ പാടുന്ന കോകിലങ്ങൾ
ഊയലാടുന്ന കുഞ്ഞുങ്ങളെങ്ങും
മായാത്ത സ്മേരമുഖാംബുജങ്ങൾ.

കുട്ടികളോടിക്കളിച്ചിടുന്നു
പട്ടങ്ങൾ വാനിൽപ്പറന്നിടുന്നു
ഇമ്പമായ്പ്പാട്ടുകളൊത്തു പാടി
തുമ്പിതുള്ളീടുന്നു പെൺകിടാങ്ങൾ.

പൊന്നോണനാളിലാമോദമോടെ
മന്നൻ മഹാബലി വന്നിടുമ്പോൾ
പിന്നിട്ട നല്ല ദിനങ്ങൾ പോലാ-
ണിന്നുമെന്നുള്ളിൽ നിനച്ചിടട്ടെ.

# ചതിക്കുഴികളിൽ വീണുതാഴുന്നവർ

പ്രണയപാഠാവലി



91

ഡോ. ആന്റണി ജോസ്

ശരിയെന്നു വിശ്വസിച്ചു ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നറിയുമ്പോഴാണല്ലോ, 'ചതി' വെളിപ്പെടുന്നത്. വിവാഹപൂർവ പ്രണയത്തിലും വിവാഹാനന്തരവും ചില ചതിക്കുഴികൾ പതിയിരുപ്പുണ്ടെന്നറിയണം. മിക്കപ്പോഴും സ്ത്രീയാണ് ഇര എന്നതായിരിക്കും പൊതുബോധം.



ഇത് കേവലം അർദ്ധസത്യം മാത്രമാണ്. പുരുഷനും നിരവധി തിക്താനുഭവങ്ങൾ നേരിടുന്നുണ്ട്. പക്ഷേ, അതിനു കാരണം എന്റെ പ്രണയാവബോധത്തിൽ കയറിക്കൂടിയ പിശകുകളാണെന്നും അവ തന്നെ കബളിപ്പിക്കുകയായിരുന്നെന്നും കക്ഷി സമ്മതിക്കണമെന്നില്ല. ഒക്കെ, അവളുടെ മേൽ ചുമത്താനായിരിക്കും തിടുക്കം. അതുകൊണ്ട് തനിക്കുതന്നെ വിനയായേക്കാവുന്ന ധാരണാവൈകല്യങ്ങളെ കണ്ടെത്തുകയും വിട്ടുവീഴ്ചയില്ലാത്ത 'ബോധക്ഷാളന'ത്തിനു വിട്ടുകൊടുക്കുകയും വേണം.

ഒന്നാമത്തേത്, 'സ്ത്രീത്വ'ത്തെക്കുറിച്ച് അവൻ ആർജിച്ചിട്ടുള്ള വികലമായ കാഴ്ചപ്പാടുകളാണ്. തന്റെ ഇംഗിതങ്ങൾ ക്ഷമയോടെ, ഉത്സാഹത്തോടെ, മടുപ്പു കാണിക്കാതെ നടത്തിത്തരുന്ന ആജ്ഞാവർത്തിയാണ് അയാൾക്ക് സ്ത്രീബിംബം! അവിടെ പ്രണയമില്ല; അധീശത്വമാണ് പുലരുക.

രണ്ടാമത്തേത്, സ്ത്രീലൈംഗികതയെക്കുറിച്ചുള്ള മണ്ടൻ ചിന്തകളാണ്. പുരുഷസാമീപ്യത്തിൽ കാമപരവശരാകുന്നവരാണ് സ്ത്രീകൾ എന്നു ചിലരെങ്കിലും കരുതുന്നു. സ്വന്തം മനോഭാവത്തിലൂടെ അവളെ വായിച്ചെടുക്കുന്ന ഫലിതമാണിത്. സ്വാർത്ഥപൂരിതവും നൈമിഷികവുമായ വിഷയാഭിലാഷത്തിന്റെ കണ്ണട അവളെ ധരിപ്പിച്ച്, സ്വയം ഇക്കിളിയിടുന്ന മൂഢത.

എങ്ങനെയായിരിക്കും ഇത്തരം വങ്കചിന്തകൾ അവന്റെ പ്രജ്ഞയിൽ ഇടംപിടിച്ചിട്ടുണ്ടാവുക? അവന്റെ ജൈവികപ്രകൃതം അതിനുള്ള പരിസരം ഒരുക്കിയിട്ടുണ്ടാകാം. പരിപക്വതയുടെ പരിശീലനം കഴിയുംമുമ്പേ, അവിടേക്ക് ചില കളകളുടെ വിത്തുകൾ പറന്നെത്തി. അശാസ്ത്രീയവും ഊതിപ്പെരുപ്പിച്ചതുമായ ആഭാസത്തിന്റെ കേട്ടറിവുകൾ – അവിടെനിന്നാണു തുടക്കം. കുട്ടികളും ചെറുപ്പക്കാരും മാത്രമല്ല, വന്ദ്യവയോധികർപോലും ഇത്തരം പാഴറിവുകൾ താലോലിക്കുകയും കൊണ്ടുനടക്കുകയും വിനിമയം ചെയ്യുകയും ചെയ്തു വരുന്നു!

അശ്ലീലസാഹിത്യവും മൂവികളും പുരുഷമനസ്സിൽ വാരിയിടുന്ന മാലിന്യങ്ങൾ അത്രയെളുപ്പമൊന്നും വെടിപ്പാകുന്നതല്ല. അതുണ്ടാക്കുന്ന കറയും ദുർഗന്ധവും സ്വാർത്ഥസുഖത്തിനുള്ള ഇന്ധനങ്ങളുടെ നിത്യനിക്ഷേപങ്ങളായി സൂക്ഷിക്കപ്പെടുന്നു. ഇവയുടെ ഉള്ളടക്കം വ്യക്തമാണ്: പുരുഷന്റെ സ്വാർത്ഥസുഖത്തിനായി എത്ര ജുഗുപ്സാവഹവുമായവ ചെയ്തുകൊടുക്കാൻ സ്ത്രീ തയ്യാറാണ്! അതിനു തക്കതായ കാരണവുമുണ്ട്. അവൾ വിഷയാസക്തിയാൽ എരിഞ്ഞുകൊണ്ടിരിക്കുകയാണത്രേ!

സത്യവിരുദ്ധമായ ഈ അവബോധങ്ങൾ അധിനിവേശത്തിന്റെയും ചൂഷണത്തിന്റെയും കാർബൺ പകർപ്പുകളല്ലാതെ മറ്റെന്താണ്? 'പോൺ' ഉപാസകർ പങ്കുവയ്ക്കലിന്റെ ദാമ്പത്യസുഖം നിഷേധിക്കപ്പെട്ടവരാണ്. ലൈംഗികതയെ യാഥാർത്ഥ്യബോധത്തോടുകൂടി കാണുന്ന സ്ത്രീക്ക്, സ്വാർത്ഥത തലയ്ക്കുപിടിച്ച പുരുഷനെപ്പോലെ അധഃപതിക്കാൻ സാധിക്കുകയില്ല. അവനാകട്ടെ വസ്തുനിഷ്ഠമായ ബോധ്യം ലഭിച്ചാലും അസത്യത്തെ ചുമക്കാനിഷ്ടപ്പെടുന്നു. "അവളെക്കുറിച്ച് ഇങ്ങനെ ചിന്തിക്കുന്നതാണെനിക്കിഷ്ടം" – പോൺ ഉപാസകർ ഈ മന്ത്രം ഉരുവിട്ടുകൊണ്ടേയിരിക്കുന്നു.

ദുരന്തം പൂർണമാകുന്നതെങ്ങനെയെന്നുകൂടി നോക്കാം. പ്രണയമില്ലാതെ ശരീരം തേടി വരുന്ന ഭർത്താവിനെ അവൾ അറയ്ക്കുന്നു... ജീവിതനൈരാശ്യം നിമിത്തം അവൾ അപമര്യാദയായി പെരുമാറാം. തന്റെ മേധാവിത്വത്തിനും രതിഭാവനകൾക്കും മേച്ചിൽപ്പുറം നഷ്ടപ്പെട്ടുതുടങ്ങുമ്പോൾ ന്യായമായും രണ്ടു സംശയങ്ങൾ അവനെ വേട്ടയാടിത്തുടങ്ങും. ഒന്ന്, തന്നെയും തന്റെ കുടുംബക്കാരെയും അവൾ വെറുക്കുന്നു. അതിന്റെ പകവീട്ടലാണ് ഭിന്നിപ്പും നിഷേധവും വിഷാദനാട്യങ്ങളുമൊക്കെ. രണ്ടാമത്തെ കണ്ടെത്തൽ കുറേക്കൂടി ബീഭത്സമാണ്. അവളുടെ ശാരീരികസംതൃപ്തിക്കു താൻ മതിയാകുന്നില്ല! സൗന്ദര്യം, ശക്തി, പ്രകടനമികവ് – ഇവയൊന്നിച്ചുള്ള അബദ്ധഫാന്റസികൾ പുലർത്തുന്ന പുരുഷനാണെങ്കിൽ അയാളിലെ അപകർഷത പുറത്തുവരുകയായി. അവൾ പരപുരുഷന്മാരെ വലയിലാക്കാൻ ശ്രമിക്കുന്നോ എന്ന സംശയവും അങ്ങനെയുണ്ടെന്ന ഉറച്ചബോധ്യവും അയാൾ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു. മദ്യപാനം, മർദനം, കൊലപാതകം, ആത്മഹത്യ എന്നിങ്ങനെ അത് ദുരന്തപര്യവസായിയായി മാറുന്നു.

മൂന്നാമത്തേത്, പങ്കാളിയോടുള്ള അവിശ്വസ്തതയാണ്. പ്രണയത്തിന്റെ മറ്റെല്ലാ ദളങ്ങളും (കാരുണ്യം, അംഗീകാരം, കരുതൽ, സാമീപ്യം) പരസ്പരം കൈമാറുമ്പോൾ, വിശ്വസ്തത തെളിയിക്കേണ്ടത് ഒറ്റയ്ക്കായിരിക്കുമ്പോഴാണ്. ഭാര്യയുമായി സ്വരച്ചേർച്ചയില്ലാതെ വരുമ്പോൾ രഹസ്യബന്ധങ്ങൾ കണ്ടെത്താനുള്ള പ്രവണതയുണ്ടാകും. നിർവാഹക്കേടിനെ പഴിചാരി ന്യായീകരണങ്ങൾ നിരത്താം. പ്രണയം നിഷേധിക്കപ്പെട്ട പങ്കാളിയെയും മക്കളെയും വെറുക്കുന്നതിനു മാത്രമേ അതുപകരിക്കുകയുള്ളൂ. അങ്ങനെ കുടുംബം തകർച്ചയിലേക്കു നീങ്ങുന്നു.

നാലാമത്തേത്, ഭാര്യയെ നിലയ്ക്കുനിർത്താൻ തനിക്കാവില്ലെന്നുതോന്നുന്ന (വെറും തോന്നൽ) ഭർത്താവിന് ഒരു കൈത്താങ്ങായി ചിലർ കടന്നുവരുന്നിടത്തുണ്ടാകുന്ന കോലാഹലങ്ങളാണ്. അമ്മയോ പെങ്ങളോ, ബന്ധുക്കളോ ഒക്കെ ഇക്കാര്യത്തിൽ വലിയ ശുഷ്കാന്തി കാണിക്കാം. ഒറ്റപ്പെട്ട സ്ത്രീയുടെ കണ്ണുനീർ അവനെതിരേ നിലവിളിച്ചുകൊണ്ടിരിക്കും.

അഞ്ചാമത്തേത്, വിവാഹപൂർവപ്രണയത്തിൽ അവഗണിച്ചുകളഞ്ഞതോ കാണാതെ പോയതോ ആയ കുറവുകളാണ്. പ്രേമലഹരിയിൽ ആറാടിയ കാലത്ത് അവളുടെ മുൻകോപം കാണാൻ എന്തു ചന്തമായിരുന്നു! ഇന്നിപ്പോൾ അതേച്ചൊല്ലിയാണ് വഴക്കും വക്കാണവും. പങ്കാളിയിൽ ഗുപ്തമായിരിക്കുന്ന ചില മാനസികരോഗങ്ങൾ, പിൽക്കാലത്ത് കടുത്ത സമ്മർദങ്ങൾ ഉണ്ടാകുമ്പോൾ വ്യക്തീഭവിക്കാം. അത് ഭർത്താവിനേല്ക്കുന്ന വലിയ ഷോക്കായിരിക്കും. ശാരീരികരോഗങ്ങളും ഇതേപോലെയുണ്ടാകാം. പ്രണയിനിയുടെ കുറവുകൾ കണ്ടെത്താനും കരുണ കാണിക്കാനും കഴിയാത്തവൻ അവൾക്കു വ്യാകുലങ്ങൾ നൽകുന്നു.

ആറാമത്തേത്, ഭീമമായ കടക്കെണിയിൽപ്പെടുന്നതാണ്. ലളിതജീവിതം സാധ്യമാണെന്നിരിക്കെ സ്റ്റാറ്റസിനും വമ്പുപ്രദർശനത്തിനുമായി കൊക്കിലൊതുങ്ങാത്ത പദ്ധതികളിടുകയും അതിന് വായ്പയെടുക്കുകയും ചെയ്യുന്നു. തുച്ഛമായ വരുമാനം വഴിമുട്ടുമ്പോഴോ ആഗോള-പ്രാദേശികസാഹചര്യങ്ങൾ പ്രതികൂലമാകുമ്പോഴോ വലിയ വിലകൊടുക്കേണ്ടി വരും. ഭാര്യയുടെ ഉപദേശത്തെയോ അവൾ സമാധാനം തരാത്തതിനെയോ പഴിചാരി തത്കാലം ആശ്വാസം കണ്ടെത്തുമെങ്കിലും അത് ശാശ്വതമാകുന്നില്ല.

ഏഴാമത്തേത്, ലഹരിയോടുള്ള അടിമത്തമാണ്. ദാമ്പത്യപ്രശ്നങ്ങൾ പ്രണയത്തിൽ പരിഹരിക്കപ്പെടേണ്ടതാണ് എന്നറിയാത്തവൻ മദ്യത്തിലും മറ്റും ആശ്രയം കണ്ടെത്തുന്നു. മനുഷ്യോചിതമല്ലാത്ത സകലനിഷ്ഠുരതകളും പിന്നെ ചെയ്തുകൂട്ടുകയായി പ്രതികരണശേഷിയില്ലാത്ത സ്ത്രീ ഏറ്റവും വലിയ നീതിനിഷേധത്തിനിരയാകുന്നു.

ഏഴാമത്തേത്, ഹണിട്രാപ്പാണ്. വ്യക്തമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഒരുമ്പെട്ടിറങ്ങിയവരായിരിക്കും ഇതിനു പിന്നിൽ. ഒന്നാമത്തെതും രണ്ടാമത്തെതും പുരുഷദൗർബല്യങ്ങളാണ് അവർ മുതലെടുക്കുക; കൂടുതലും. ഇമ്പംവച്ച് വിലപേശുമ്പോൾ മാത്രമാണ്, താൻ ചതിക്കപ്പെട്ടു എന്നയാൾ അറിയുക.

അറിവില്ലായ്മ, ഗൗരവബുദ്ധിയില്ലായ്മ എന്നിവകൊണ്ട് പുരുഷൻ ചെന്നു വീഴാവുന്ന ചതിക്കുഴികളാണ് ഇതുവരെ കണ്ടത് ഫലമോ? അവൻ മാത്രമല്ല; ഭാര്യയും മക്കളുമൊന്നടങ്കമായിരിക്കും ദുരിതങ്ങളനുഭവിക്കുക.

■

ഓണക്കവിത

ഉാക്കാട്ടൂർ പൊന്നപ്പൻ

# പൊന്നോണപ്പുലരി



പാലൊളിപ്പുഞ്ചിരി ചെഞ്ചുണ്ടിലേന്തിയ
പൂനിലാപ്പെണ്ണു ചമഞ്ഞൊരുങ്ങി
ചിത്തിര, ചോതി, വിശാഖങ്ങൾ നീങ്ങുവാൻ
അത്തക്കളമിട്ടൊരുങ്ങി നിന്നു
ശ്രാവണപ്പൂംപുലർവേളയണഞ്ഞിതാ
ശാരികപ്പൈതലും പാടിവന്നു
മാമലനാടിൻ മനമതും മേനിയും
മലർമണം പൂശിയൊരുങ്ങിനിന്നു
പൂക്കളമെങ്ങുമൊരുങ്ങുന്ന നേരത്ത്
പൂങ്കിളിപ്പാട്ടെങ്ങും പൂവിളിയായ്
"പൊന്നോണമായിതാ, പൊന്നോണമായിതാ"
പാടിപ്പറന്നവർ വാനമാകെ
ശ്യാമമനോഹര മാമലനാടിന്റെ
ശ്രീ തുളുമ്പീടും വനികകളിൽ
ഇന്ദിന്ദിരങ്ങൾതൻ തംബുരു ശ്രുതികേട്ടു
മന്ദാനിലനിൻ ലയിച്ചു മെല്ലെ
പട്ടുപൂഞ്ചേല നിവർത്തി നടമാടി
കൂട്ടുകാരോടൊത്തു പൂത്തുമ്പികൾ.



ചിങ്ങമൊരുക്കിയ താഴേത്തൊടികളിൽ
ചാമ്പയും പേരയും പൂത്തുലഞ്ഞു
ചെത്തിയും തുമ്പയും പൂക്കൂടയേന്തിക്കൊ-
ണ്ടത്തപ്പൂവിട്ടെങ്ങും നാടൊരുങ്ങി.
പുത്തനുടുത്തു കളിച്ചുരസിക്കുവാ-
നെത്തിപ്പോയ് കൂട്ടുകാരെല്ലാവരും.
ഊഞ്ഞാലിലാടാനും കൈകൊട്ടിപ്പാടാനും
കുഞ്ഞുമനസ്സുകളോടി വന്നു.
പൊന്നാര്യൻ കൊയ്ത വയലേലകൾ കണ്ടു
നെന്മണി കൊത്തിപ്പെറുക്കി പണ്ടേ
ഓണത്തിനുണ്ണാനരിമണിയാക്കിയോർ
പെണ്ണാളർ പൂമണിപ്പൈങ്കിളികൾ
മാനത്തുനിന്നു വിരുന്നു വന്നു മന്നിൽ
മാബലി മന്നനെ സ്വീകരിക്കാൻ



എല്ലാം മറന്നുകൊണ്ടെല്ലാരുമൊന്നിച്ചു
സല്ലാപലോലരായൊത്തുകൂടി
പൊന്നോണമിങ്ങനെയെന്നും മലനാട്ടിൽ
മങ്ങാതെ മായാതെ വാണിടേണം!



# കാതോർക്കേണ്ട ഓണപ്പൂവിളികൾ

11-ാം പേജിലെ തുടർച്ച

തങ്കഭസ്മക്കുറിയിട്ട മുറപ്പെണ്ണായ തമ്പുരാട്ടിയോട് വയലാർ ഒരിക്കൽ ഇപ്രകാരം ആരാഞ്ഞു:

തുമ്പിതുള്ളാനിരുന്നപ്പോൾ പൂക്കിലക്കതിരുകൾക്കിടയിലൂടെന്നെ നീ നോക്കിക്കൊതിപ്പിച്ചതോർമയില്ലേ - ഒളികണ്ണാൽ നോക്കിക്കൊതിപ്പിച്ചതോർമയില്ലേ" ചിത്രം - കൂട്ടുകുടുംബം; സംഗീതം - ജി. ദേവരാജൻ, ആലാപനം - യേശുദാസ്)

ഓണവും പ്രണയവും ഇഴചേരുകയാണിവിടെ. തിരുവോണത്തോടനുബന്ധിച്ചുള്ള തുമ്പിതുള്ളലിന്റെ പശ്ചാത്തലം പ്രണയാധിഷ്ഠിതമാക്കിമാറ്റി വയലാർ.

ഒന്നാം പൊന്നോണ
പൂപ്പട കൂട്ടാൻ
പൂക്കണ്ണി കോരാൻ
പൂക്കളം തീർക്കാൻ
ഓടി വാ തുമ്പീ
പൂത്തുമ്പീ താതെയ്
അന്നം പൂക്കിലയൂഞ്ഞാ
ലാടാൻ
ആടി വാ തുമ്പീ
പെൺതുമ്പീ താതെയ്"

(ചിത്രം - പാവങ്ങൾ പെണ്ണുങ്ങൾ; സംഗീതം - ജി. ദേവരാജൻ; ആലാപനം - യേശുദാസും പി. സുശീലയും കൂട്ടരും)

ഇതും ഓണവുമായി ബന്ധപ്പെടുത്തി വയലാർ രൂപപ്പെടുത്തിയെടുത്ത പ്രണയഗാനമാണെന്ന് കാണാം. പൂപ്പടകൂട്ടൽ, പൂക്കളം തീർക്കൽ, തുമ്പിതുള്ളൽ, ഊഞ്ഞാലാട്ടം എന്നിവയെല്ലാം ബോധപൂർവം രചയിതാവ് ഗാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

പൂകൊണ്ടു മൂടുന്ന പൊന്നിൻ ചിങ്ങത്തിൽ കാറ്റിന്റെ പുല്ലാങ്കുഴൽനാദത്തിനൊപ്പിച്ച് ആടുന്ന ചെമ്പാവിൻപാടം ഇന്നുതന്നെ കൊയ്യണമെന്നു നിർദേശിക്കുന്ന ശ്രീകുമാരൻ തമ്പിയുടെ ഗാനം നമ്മെ ഓർമപ്പെടുത്തുന്നത് കേരളക്കരയുടെ ഓണസമൃദ്ധിയെയാണ്. പിറ്റേന്ന് അത്തമായിക്കഴിഞ്ഞാൽ ഓണാഘോഷങ്ങൾ ആരംഭിക്കുമെന്നതിനാൽ പിന്നെ കൊയ്യാൻ സമയം കിട്ടിയെന്നു വരുകയില്ല. അത്തം, ചിത്തിര, ചോതി തുടങ്ങി പത്താംനാൾ തിരുവോണമായി. ഇതാ കവിയുടെ വാക്കുകൾ തന്നെ കണ്ടാലും:

"പൂവിളി പൂവിളി പൊന്നോണമായി
നീ വരൂ നീ വരൂ പൊന്നോണ
ത്തുമ്പീ
ഈ പൂവിളിയിൽ
മോഹം പൊന്നിൻ മുത്തായ് മാറ്റും
പൂവയലിൽ
നീ വരൂ ഭാഗം വാങ്ങാൻ"

(ചിത്രം - വിഷുക്കണി; സംഗീതം - സലിൽ ചൗധരി; ആലാപനം - യേശുദാസ്)

അത്തമായാൽ മലനാട്ടിലെങ്ങും പൂവിളിയുയരുകയായി. കർഷകന്റെ മോഹംപോലും പൊന്നിൻമുത്തായി മാറുന്ന പൂവയലിൽ ഭാഗം വാങ്ങാൻ പൊന്നോണത്തുമ്പിക്കും അവകാശമുണ്ട്. അതിനുവേണ്ടി തുമ്പിയെ കവി ക്ഷണിക്കുകയാണ്.

കേളികൊട്ടുയരുകയും കേളീകദംബം പൂക്കുകയും ചെയ്യുന്ന കേരകേളീസദനമായ കേരളത്തെക്കുറിച്ചു പാടിയപ്പോഴും ഓണത്തിന്റെ മഹത്വം ശ്രീകുമാരൻ തമ്പി വിസ്മരിച്ചില്ല.

"പൂവണിപ്പൊന്നും ചിങ്ങപ്പൂവിളി
കേട്ടുണരും
പുന്നെല്ലിൻ പാടത്തിലൂടെ
മാവേലിമന്നന്റെ
മാണിക്യത്തേരുവരും
മാനസപ്പൂക്കളങ്ങളാടും...
ആടും."

(ചിത്രം - മിനിമോൾ; സംഗീതം - ജി. ദേവരാജൻ; ആലാപനം - യേശുദാസ്)

പുന്നെല്ലു വിളഞ്ഞുകിടക്കുന്ന പാടത്തിലൂടെയാണ് മാവേലിമന്നന്റെ മാണിക്യത്തേര് എഴുന്നള്ളത്ത്. അപ്പോഴേ, മലയാളനാട്ടിലെ സകലപ്രജകളുടെയും മാനസപ്പൂക്കളങ്ങൾ ആടുകയായി. ഓണസങ്കല്പത്തിന് കവി പുതിയ ഭാവതലമൊരുക്കിയിരിക്കുകയാണ് ഈ ഗാനത്തിൽ.

കേരളത്തിലെ പുലരിയും സന്ധ്യയും ഓണപ്പൂവിളിയുമെല്ലാം കവിഹൃദയത്തിൽ പുതിയ പുതിയ ഭാവനകളുടെ കുഞ്ഞിത്തൂവലുകൾ കുടഞ്ഞിടുകയാണ്. കാണുക:

"തിരുവോണപ്പുലരിതൻ
തിരുമുല്ക്കാഴ്ച വാങ്ങാൻ
തിരുമുറ്റമണിഞ്ഞൊരുങ്ങി
തിരുമേനിയെഴുന്നള്ളും
സമയമായി.
ഹൃദയങ്ങളണിഞ്ഞൊരുങ്ങി"

(ചിത്രം - തിരുവോണം; സംഗീതം - എം.കെ. അർജുനൻ; ആലാപനം - വാണി ജയറാം)

ഉത്രാടത്തിന്റെ പൊൻവെയിൽ ഉച്ചിയിൽ പൊന്നുരുക്കുമ്പോഴും കോടിമുണ്ടുടുത്തുകൊണ്ട് ഓടിനടക്കുന്ന കോമള ബാലനെ കവി കാണുന്നു. ആ ബാലൻതന്നെയാണ് ഇതെഴുതിയ ശ്രീകുമാരൻതമ്പിക്ക് ഓണക്കിളിയും. മനസ്സിൽ മാത്രമല്ല ആകാശത്തുപോലും പൂക്കളങ്ങൾ തീർക്കുന്ന ഉദാത്തമായ സന്ദർഭമാണ് ഓണമെന്ന് പരോക്ഷമായി സൂചിപ്പിച്ചിരിക്കുന്നു എഴുത്തുകാരൻ.

കൂട്ടുകുടുംബത്തിന്റെ ഗുണങ്ങളെക്കുറിച്ച് എഴുതാൻ തൂലികയെടുത്ത കൈതപ്രം ആ കുടുംബത്തിൽ ഓണം എങ്ങനെ നന്മ ചെയ്യുന്നു എന്നു പറയാനാണ് തുടക്കത്തിൽത്തന്നെ ശ്രമിച്ചത്.

"ഓണവില്ലിൻ തംബുരുമീട്ടും
വീടാണീ വീട്
എന്നുമെന്നും പൂക്കണി വിടരും
വീടാണീ വീട്
കൂട്ടുകുടുംബത്തിൻ
കൂട്ടാണെന്നും
അതിരില്ലിവിടെ മതിലില്ലിവിടെ
ഒന്നാണെല്ലാരും."

(ചിത്രം -കാര്യസ്ഥൻ; സംഗീതം - ബേണി ഇഗ്നേഷ്യസ്, ആലാപനം - മധു ബാലകൃഷ്ണൻ, പി.വി. പ്രീത, തുളസി യതീന്ദ്രൻ).

കേരളത്തിൽ മുമ്പ് വളരെയധികം പ്രചാരത്തിലുണ്ടായിരുന്ന ഒരു വാദ്യമാണ് ഓണവില്ല്. ഓണക്കാലത്താണ് ഇതു കൂടുതൽ ഉപയോഗിച്ചിരുന്നത് എന്നതിനാലാണ് ഈ പേരുവന്നതെന്നു കരുതാം. ഓണവില്ലിന്റെ തംബുരുമീട്ടുന്ന വീടാണിത് എന്നു രചയിതാവ് പറയുന്നതിനർത്ഥം അത്രത്തോളം ഐക്യം ആ കൂട്ടുകുടുംബത്തിൽ നിലനില്ക്കുന്നു എന്നുതന്നെ. ഓണവില്ലിനെക്കുറിച്ചുള്ള പരാമർശം കടന്നുവന്ന പാട്ടും ഇതാണെന്നു തോന്നുന്നു.

ആധുനികകാലത്ത് പൊതുവേ ചലച്ചിത്രങ്ങളിൽ ഓണപ്പാട്ടുകളും മറ്റും ഇടംപിടിക്കാറില്ല. എന്നാൽ, മനു മഞ്ജിത്ത് എഴുതിയ ഒരു ഗാനം കുറച്ചുനാൾ മുമ്പു കേട്ടു:

"തിരുവാവണിരാവ്
മനസ്സാകെ നിലാവ്
മലയാളച്ചുണ്ടിൽ
മലരോണപ്പാട്ട്
മാവിൻകൊമ്പേറുന്നൊരു
പൂവാലിക്കുയിലേ
മാവേലിത്തമ്പ്രാന്റെ
വരവായാൽ ചൊല്ല്."

(ചിത്രം - ജേക്കബിന്റെ സ്വർഗരാജ്യം; സംഗീതം - ഷാൻ റഹ്മാൻ; ആലാപനം - ഉണ്ണി മേനോൻ, സിതാര കൃഷ്ണകുമാർ, മീര ശർമ).

നിലാവ് കൂടക്കൂടെ പരക്കുമെങ്കിലും ഓണക്കാലത്തെ നിലാവിന് പ്രത്യേകിച്ചൊരു ഭംഗിയുണ്ട്. ആ നിലാവെളിച്ചത്തിലാണ് മുമ്പൊക്കെ ഊഞ്ഞാലാട്ടവും കൈകൊട്ടിക്കളിയും തുമ്പിതുള്ളലുമൊക്ക നടന്നിരുന്നത്. പുറത്ത് നിലാവു പരക്കുമ്പോൾ ഓരോ മലയാളിയുടെ മനസ്സിലും അതിന്റെ കുളിർമ നിറയും. അതിന്റെ സൂചനയാണ് ആ ഗാനത്തിലുള്ളത്.

മൺമറഞ്ഞ മനോജ്ഞകാലത്തെ അനുസ്മരിപ്പിക്കുന്നതാണ് കേരളീയർക്ക് ഓണം. ഗൃഹാതുരത്വമുണർത്തുന്ന ആഘോഷത്തിന്റെ പ്രതിഫലനവും പ്രതിസ്പന്ദനവും എത്രത്തോളം നമ്മുടെ ചലച്ചിത്രങ്ങളിൽ കടന്നു വന്നിട്ടുണ്ട് എന്നു ചൂണ്ടിക്കാണിക്കാനാണ് ഇവിടെ ശ്രമിച്ചത്. ഓണം പോലെതന്നെ നമുക്കു പ്രിയപ്പെട്ടതായിരിക്കുന്നു അതിനെക്കുറിച്ചുള്ള പാട്ടുകളും.

---

# മുത്തശ്ശി

കഥ

ഹരികുമാർ



**രാ**ത്രിയിൽ കൊച്ചുമകൻ മുത്തശ്ശിയോടു പറഞ്ഞു: "മുത്തശ്ശീ ഞങ്ങൾ നാളെ അമേരിക്കയിലേക്കു പോകുവാ. ഇനി അടുത്തവർഷം ഓണത്തിനുവരാം."

അപ്പോൾ മുത്തശ്ശിയുടെ മിഴികളിൽനിന്ന് കണ്ണുനീർ ഒഴുകുന്നത് അവൻ കണ്ടു.

"മുത്തശ്ശിയെന്തിനാ കരയുന്നെ?"

"അടുത്ത ഓണത്തിന് ഞാൻ കാണുമോയെന്ന് ആർക്കറിയാം മോനേ."

മുത്തശ്ശി വല്ലാതെ സങ്കടപ്പെട്ടു. അതു കണ്ടപ്പോൾ ആ കുഞ്ഞുമനസ്സ് വല്ലാതെ വേദനിച്ചു.

ആ രാത്രിയിൽ അവന് ഉറങ്ങാൻ കഴിഞ്ഞില്ല.

പിറ്റേദിവസം രാവിലെ അവൻ അച്ഛനോടു പറഞ്ഞു: "അച്ഛാ... ഞാൻ അമേരിക്കയിലേക്കു വരുന്നില്ല. മുത്തശ്ശിയുടെകൂടെ നിന്നോളാം."

"വേണ്ട... വേണ്ട. നീ ഇവിടെ നിന്നാൽ ശരിയാവില്ല."

അച്ഛൻ അവനെ ശാസിച്ചു. അവൻ കരയാൻ തുടങ്ങി. "എന്നാൽ ഒരു കാര്യം ചെയ്യാം അച്ഛാ... നമുക്ക് മുത്തശ്ശിയെയും കൊണ്ടുപോകാം."

"വേണ്ട മോനെ. മുത്തശ്ശി ഇവിടംവിട്ട് എങ്ങോട്ടുമില്ല. ഈ മണ്ണിൽക്കിടന്നു മരിക്കണമെന്നാണ് എന്റെ ആഗ്രഹം."

അപ്പോൾ മുറ്റത്ത് ഒരു വണ്ടി വന്നുനിന്നു.

മുത്തശ്ശിയെ വൃദ്ധസദനത്തിലേക്കു കൊണ്ടുപോകാനുള്ള വണ്ടിയായിരുന്നു അത്.

---


# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം, കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

സ്റ്റുഡന്റ്സ് ഷെൽഫ്

കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# വിജയം സുനിശ്ചിതം



ജോയിഷ് ജോസ്


വിജയവും സന്തോഷവും ഒരുപോലെയാണ്. നമുക്കവയെ പിൻചെല്ലാനാവില്ല. അവ നമ്മുടെ പ്രവൃത്തികളെ പിൻപറ്റിയെത്തുകയാണു ചെയ്യുന്നത്. സ്വാർത്ഥം തീണ്ടാത്ത ഏതെങ്കിലും ലക്ഷ്യത്തിലേക്ക് എത്രമാത്രം നാം സ്വയം അർപ്പിക്കുന്നുവോ, അതിനനുസൃതമായി വിജയവും സന്തോഷവും കിട്ടുക തന്നെ ചെയ്യും (വിക്ടർ ഫ്രാങ്ക്ലിൻ).

റോബിൻ എസ്. ശർമയുടെ 'വിജയം സുനിശ്ചിതം' എന്ന പുസ്തകം ജൂലിയൻ മാന്റിൽ എന്ന അതിപ്രശസ്തനായ അഭിഭാഷകന്റെ കഥയാണ്. തന്റെ അസന്തുലിതമായ ജീവിതശൈലി കാരണം അയാൾക്ക് ഒരു ദിവസം മാരകമായ ഹൃദയാഘാതമുണ്ടാവുന്നു. ശാരീരികമായ പതനത്തെത്തുടർന്നുണ്ടാകുന്ന ആദ്ധ്യാത്മിക പ്രതിസന്ധി മാന്റിലിനെ തന്റെ ജീവിതാവസ്ഥയെ നേരിടാനും ജീവിതത്തിലെ പരമപ്രധാനമായ ചോദ്യങ്ങൾക്ക് ഉത്തരം തേടാനും നിർബന്ധിതനാക്കുന്നു. സന്തോഷവും സാഫല്യവും കണ്ടെത്താമെന്നു പ്രതീക്ഷിച്ച് അയാൾ പുരാതനമായൊരു സംസ്കാരത്തിലേക്ക് അസാധാരണമായൊരു പ്രയാണമാരംഭിക്കുന്നു.



റൂബിൻ എസ്. ശർമ്മ

അവിടെ തന്റെ മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും ശക്തികളെ വിമുക്തമാക്കുകയും വർദ്ധിച്ച ആവേശത്തോടെയും ലക്ഷ്യത്തോടെയും ശാന്തിയോടെയും ജീവിക്കാൻ പഠിപ്പിക്കുന്ന ശക്തമായൊരു വ്യവസ്ഥ അയാൾ കണ്ടെത്തുകയും ചെയ്യുന്നു. കിഴക്കിന്റെ കാലാതീതമായ ആദ്ധ്യാത്മികവിജ്ഞാനത്തെ പടിഞ്ഞാറിന്റെ ശക്തമായ വിജയതത്ത്വങ്ങളുമായി ഉജ്ജ്വലമായി യോജിപ്പിക്കുന്ന ആവേശകരമായ ഈ കഥ വർദ്ധിതമായ ധൈര്യത്തോടും മാനസികസ്ഥൈര്യത്തോടും ആഹ്ലാദത്തോടുംകൂടി ജീവിക്കുവാൻ സഹായിക്കുന്ന പടിപടിയായുള്ള പാത കാണിച്ചുതരുന്നു. അമ്പതിലധികം ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ട അന്തർദേശീയതലത്തിൽ ബെസ്റ്റ് സെല്ലറായ 'ദ മങ്ക് ഹു സോൾഡ് ഹിസ് ഫെറാറി' എന്ന പുസ്തകത്തിന്റെ മലയാളപരിഭാഷ. മനസ്സിന്റെ ശക്തിയും അതിന്റെ മായാജാലങ്ങളും എങ്ങനെ കണ്ടെത്താം, അതുവഴി സ്വന്തം ജീവിതം മാത്രമല്ല ചുറ്റുമുള്ളവരുടെ ജീവിതംകൂടി എത്ര സന്തോഷകരമാക്കാം എന്ന് ഈ പുസ്തകം മനസ്സിലാക്കിത്തരുന്നു.




കവിത

# വിട

കാരിത്തടം വർക്കി



കറുത്ത മാനമേ, കർക്കടകം ഞാൻ
വിങ്ങിപ്പൊട്ടിക്കരയുന്നു!
കറുത്തവാവിൻ കറുത്ത രാവിൽ
കരളിൽ കദനം ചൊല്ലുന്നു!
കരിന്തേളെന്നുടെ ഉടലിൽ കയറി
കരണംകുത്തി മറിയുന്നു.
കരിനാഗത്തിൻ ദംശനമേൽക്കാ-
തെന്തിനു പിന്നോട്ടോടുന്നു?
വടവൃക്ഷത്തിൻ ശിഖരത്തിൽ
കടവാവൽ ചിറകടിയുയരുന്നു.
അലറിവിളിക്കും വേതാളങ്ങൾ
തലകീഴായിത്തൂങ്ങുന്നു.
നനഞ്ഞുനാറിയ കാലൻകോഴി
കഴുത്തുനീട്ടിക്കൂവുന്നു!
എനിക്കുചുറ്റും ചെറുപന്തങ്ങൾ
ദീപക്കാഴ്ചയൊരുക്കുന്നു!
നൂറുംപാലും നൽകിയ വിരലുക-
ളിരുതലമൂരികളാകുന്നു.
ഒരിറ്റു ചാണകമെഴുതിയ തറയിൽ
ചെറുപൂളത്തരി വീഴുന്നു!
കരിനിഴൽ കൈകളിലേന്തിയ മഴുകൊ-
ണ്ടെന്നുടെ നെഞ്ചുപിളർക്കുന്നു.
നിണമൊഴുകീടിന മുറിപ്പാടുകളിൽ
സരിഗമ പാടി രസിക്കുന്നു!
വലകെട്ടുന്ന ചിലന്തിക്കൂട്ടം
ബലിമൃഗമാരെന്നറിയുന്നു.
വിധിയുടെ നൂലിഴ വിതറി വിരിച്ചി-
ട്ടെന്നെച്ചുറ്റിപ്പുണരുന്നു!
ജന്മഗൃഹത്തിൻ വേരുകളെന്നിൽ
മിന്നൽപ്പിണരായ് പടരുമ്പോൾ
വേരുകളറ്റ തിരിച്ചറിവിൽ ഞാൻ
വേദനയോടെ മടങ്ങുന്നു!
ഇനി പുതുവർഷം വരുന്നൂ നല്ലൊരു
ചിങ്ങപ്പുലരി പിറക്കുന്നു
എന്നെ വെറുത്തു മറക്കുക, കള്ള-
ക്കർക്കടകം വിട ചൊല്ലുന്നു!



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# ഓണക്കിറ്റ്

അന്യഭാഷയിൽനിന്നു പദങ്ങൾ സ്വീകരിച്ച് സമസ്തപദങ്ങൾ സൃഷ്ടിക്കുന്ന പ്രവണത മലയാളത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. മലയാളപദങ്ങളോട് അന്യഭാഷാപദങ്ങൾ ഇണക്കിച്ചേർത്താണ് പുതിയ പുതിയ ഒറ്റപ്പദങ്ങൾ നിർമ്മിക്കുന്നത്. ഇത്തരം പദങ്ങൾ വളരെവേഗം പ്രചാരത്തിലാവാറുണ്ട്. പരമ്പരാഗത വൈയാകരണന്മാർ ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന വാക്കുകളെ തിരസ്കരിച്ചേക്കാം. എന്നാൽ, ഇങ്ങനെ രൂപപ്പെടുന്ന സമസ്തപദങ്ങളെ അവഗണിക്കാനാവില്ല. ഉദാ. ബസ്സുയാത്ര (ബസ്സ് – ഇംഗ്ലീഷ്, യാത്ര – സംസ്കൃതം, ക്രിക്കറ്റുകളി (ക്രിക്കറ്റ് – ഇംഗ്ലീഷ്, കളി – മലയാളം), ലോഡിറക്കൽ (ലോഡ് – ഇംഗ്ലീഷ്, ഇറക്കൽ – മലയാളം). ഇവയെ ആരൊക്കെ വിചാരിച്ചാലും പുറംതള്ളാനാവില്ലല്ലോ.

വ്യത്യസ്തഭാഷയിലെ പദങ്ങൾ കൂട്ടിച്ചേർത്ത് ഒറ്റപ്പദമാക്കുന്ന പ്രവണതയ്ക്ക് ആദാനമിശ്രിതം(Loanblend) അഥവാ ആഗതമിശ്രണം എന്നു പറയുന്നു. "ആഗതപദങ്ങളെ ദത്തഭാഷാപദങ്ങളുമായി ചേർത്ത് പുതിയ പദങ്ങൾ ഉണ്ടാക്കുന്ന രീതിയാണിത്."* സ്വന്തവും കടമെടുത്തതുമായ ഘടകങ്ങളുടെ കൂടിക്കലർപ്പ് എന്നും വിശേഷിപ്പിക്കാം. ഓണത്തോടനുബന്ധിച്ച് ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റ് (kit) കൊടുക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ അത് ഓണക്കിറ്റായി. ഓണക്കിറ്റിന്, ഓണത്തിനു കൊടുക്കുന്ന (ഭക്ഷ്യയോഗ്യമായ വസ്തുക്കൾ അടങ്ങിയ) കിറ്റ് എന്നു വിഗ്രഹിച്ചർത്ഥം പറയാം. കിറ്റിനാകട്ടെ ചെറുസഞ്ചി എന്ന വിവക്ഷിതം ചേരുകയും ചെയ്യും.

ഓണം, കിറ്റ് എന്നീ വാക്കുകൾ വിശേഷണവിശേഷ്യങ്ങളായതിനാൽ ഓണക്കിറ്റ് എന്നു സമാസിച്ചെഴുതണം. അപ്പോൾ, ഉത്തരപദാദിയിലെ ദൃഢവ്യഞ്ജനം ഇരട്ടിക്കും. ഓണ + കിറ്റ് = ഓണക്കിറ്റ്. ഓണം + കിറ്റ് എന്നുള്ള പിരിച്ചെഴുത്തുരൂപവും ശരിയാണ്. അവിടെ അനുസ്വാരലോപം അധികമായി സംഭവിക്കുന്നു എന്ന വ്യത്യാസം മാത്രമേയുള്ളൂ. ഓണം + കിറ്റ് = ഓണക്കിറ്റ്! ഓണകിറ്റ് എന്നു പ്രയോഗിക്കരുത്.

ഓണക്കിറ്റുപോലെ സാധുവായ പ്രയോഗമല്ല 'ഭക്ഷ്യക്കിറ്റ്.' ഭക്ഷ്യ എന്ന വിശേഷണത്തിന് ഭക്ഷിക്കത്തക്ക എന്നാണർത്ഥം. കിറ്റ് ഭക്ഷിക്കത്തക്കത് അല്ലല്ലോ. അവിടെ, ഭക്ഷ്യധാന്യക്കിറ്റ്, ഭക്ഷ്യദ്രവ്യക്കിറ്റ്, ഭക്ഷ്യവിഭവക്കിറ്റ് എന്നൊക്കെ വേണം പ്രയോഗിക്കാൻ. സർക്കാർ ഓണത്തിനു കൊടുക്കുന്ന കിറ്റിലെ വിഭവങ്ങൾപോലെ ഭാഷയും ശുദ്ധമാകട്ടെ.

*രവിശങ്കർ, എസ്. നായർ., ഭാഷയും ഭാഷാശാസ്ത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 308.


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# ഹാർട്ടറ്റാക്ക് വീണ്ടും വരാതിരിക്കാൻ



ഡോ. ജോർജ് തയ്യിൽ

പ്രതിവർഷം 17.9 ദശലക്ഷം പേരെ കൊന്നൊടുക്കുന്ന സർവസാധാരണവും ഭീതിദവുമായ ഒരു രോഗമായി മാറിക്കഴിഞ്ഞു ഹൃദ്രോഗം. സമുചിതമായ ഭക്ഷണക്രമീകരണങ്ങൾകൊണ്ട് 85 ശതമാനംവരെ നിയന്ത്രണവിധേയമാക്കാവുന്ന ഈ രോഗത്തിന്റെ പ്രത്യേകത, ഘടനാപരമായ ധമനീവ്യതിയാനങ്ങൾ തുടങ്ങിക്കഴിഞ്ഞാൽ രോഗലക്ഷണങ്ങൾ പ്രകടമാകാൻ ദീർഘകാലമെടുക്കും എന്നതാണ്. രോഗലക്ഷണങ്ങൾ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ ഹാർട്ടറ്റാക്കോ പെട്ടെന്നുള്ള മരണമോ സംഭവിക്കാനുള്ള കാലയളവ് ഹ്രസ്വമാണ്. ധമനികളിൽ ബ്ലോക്കുണ്ടാക്കുന്ന പൊതുവായ ജരിതാവസ്ഥ ഗുരുതമായാൽ ശാശ്വതപരിഹാരമില്ലതാനും.

ചികിത്സാപദ്ധതികളെല്ലാം താത്കാലികരോഗശാന്തി മാത്രം നൽകുന്നു. ആൻജിയോപ്ലാസ്റ്റിയും ബൈപ്പാസ് ശസ്ത്രക്രിയയുമെല്ലാം ഗുരുതരമായ രോഗാവസ്ഥയിലെ സമയബന്ധിതമായ ചികിത്സാമുറകൾ മാത്രം. ഈ രണ്ടു ചികിത്സാവിധികളിലും രോഗം വന്ന കൊറോണറി ധമനി പരിപോഷിപ്പിക്കുന്ന ഹൃദയപേശികളെ പ്രവർത്തനയോഗ്യമാക്കുകയാണു ചെയ്യുന്നത്. സമൂലമായ രോഗാവസ്ഥയ്ക്ക് ഇവ പരിഹാരമാകുന്നില്ലെന്നർത്ഥം.

ഓരോ വ്യക്തിയിലെയും അപകടസാധ്യത അടിസ്ഥാനപരമായി വിലയിരുത്താൻ നിർദേശിക്കപ്പെട്ടിട്ടുള്ള മാർഗരേഖകളിൽ, പ്രായം, ലിംഗം, പ്രഷർ, പുകവലി, പ്രമേഹം, കൊളസ്ട്രോൾ, ശരീരഭാരം, വ്യായാമനിലവാരം, സ്ട്രെസ്, മദ്യപാനം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, പല നൂതന ആപത്ഘടകങ്ങളും രോഗസൂചകങ്ങളും പുതുതായി കണ്ടെത്തിയിട്ടുമുണ്ട്. ട്രോപോണിൻ, ഫാറ്റി ആസിഡ് ബൈൻഡിങ് പ്രോട്ടിനാൾ തുടങ്ങിയവ ഹാർട്ടറ്റാക്ക് ഉണ്ടായ പ്രാരംഭദശയിൽ രോഗനിർണയത്തിനായി ഉപയോഗിക്കാം. ഹാർട്ടറ്റാക്കും തുടർന്നുള്ള മരണസാധ്യതയും പ്രവചിക്കാനായി ഫാക്ടർ-15, സി. റിയാക്റ്റീവ് പ്രോട്ടീൻ, ഫൈബ്രനോജൻ, യൂറിക് ആസിഡ് എന്നിവയുണ്ട്. പ്ലാസ്മ പ്രോട്ടീൻ-എ, മയെലോ പെറോക്സിസെയ്സ്, ഫോസ്ഫോ ലിപ്പെയ്ഡ്-എ 2, നാറ്റ്റിയുറൈറ്റിക് പെപ്പ്റ്റൈഡ്, മൈക്രോ-ആർ. എൻ.എ. തുടങ്ങിയവയെല്ലാം ഹൃദ്രോഗസാധ്യതയും ഹൃദയപരാജയവും ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി കണ്ടെത്തുന്നു. ഇവയിൽ പലതും ഇനിയും പ്രായോഗികതലത്തിൽ വന്നിട്ടില്ല.

ആപത്ഘടകങ്ങളുടെ പ്രസക്തിയേറെയുണ്ടെങ്കിലും ഹൃദ്രോഗമുണ്ടാക്കുന്ന ഏതാണ്ട് 50 ശതമാനം പേരിലും ഇവ കണ്ടെന്നു വരില്ല. അല്ലെങ്കിൽ കഷ്ടിച്ച് ഒന്നോ രണ്ടോ അപായഘടകങ്ങൾ മാത്രം കണ്ടെന്നു വരാം. അപ്പോൾ അപകടഘടകങ്ങളെ മാത്രം ആശ്രയിച്ചുള്ള ഹൃദ്രോഗപ്രതിരോധവും ചികിത്സയും അപൂർണമായി അവശേഷിക്കുന്നു. ഈ സാഹചര്യത്തിലാണ് രോഗാവസ്ഥയിലേക്കു നയിക്കുന്ന ജൈവശാസ്ത്രപരവും രാസഘടനാപരവുമായ പരിവർത്തനങ്ങളുടെ സാന്നിധ്യം തെളിയിക്കുന്ന ബയോസൂചകങ്ങളുടെ പ്രാധാന്യം സ്ഥിരീകരിക്കപ്പെട്ടത്. കൊറോണറി ധമനികളിലെ പരോക്ഷമായ ജരിതാവസ്ഥ ഹൃദയാഘാതമുണ്ടാകുന്നതിനു ദശകങ്ങൾക്കുമുമ്പേ ആരംഭിക്കുന്നതാണ്. ഇക്കൂട്ടരെ കർശനമായ ഭക്ഷണക്രമീകരണങ്ങൾക്കു വിധേയമാക്കിയാൽ പിന്നീടുണ്ടാകാവുന്ന ഹാർട്ടറ്റാക്ക് നല്ലൊരു പരിധിവരെ ഒഴിവാക്കാം.

ഹൃദ്രോഗത്തിന്റെ പ്രഥമ പ്രതിരോധത്തെപ്പറ്റി പറയുമ്പോൾ ഹാർട്ടറ്റാക്കുണ്ടാകാൻ ഏറെ സാധ്യതയുള്ളവരെ കാലാനുസൃതമായി കണ്ടുപിടിച്ച് തക്ക പ്രതിരോധചികിത്സ കാലേകൂട്ടി ചെയ്യണം. ഹാർട്ടറ്റാക്കിലേക്കു നയിക്കുന്ന കൊറോണറിധമനികളിലെ ജരിതാവസ്ഥ ആരംഭിക്കുന്നതുമുതൽ രോഗലക്ഷണങ്ങൾ ഉണ്ടായിത്തുടങ്ങുന്നതുവരെയുള്ള കാലഘട്ടത്തിന് ദശകങ്ങളുടെ ദൈർഘ്യമുണ്ട്. ഈയവസരത്തിൽ ക്രിയാത്മകമായി നടത്തുന്ന അപകടഘടകങ്ങളുടെ ശക്തമായ നിയന്ത്രണം ഹാർട്ടറ്റാക്കിൽനിന്ന് ഒരു വ്യക്തിയെ പരിരക്ഷിക്കാൻ പര്യാപ്തമാകും.



ഇനി ഹാർട്ടറ്റാക്ക് ഒരു പ്രാവശ്യം സംഭവിച്ചശേഷം, തുടർന്നുണ്ടായേക്കാവുന്ന ഹൃദയാഘാതം തടയുന്ന നടപടിയാണ്. ഇതുതന്നെയാണ് നമ്മുടെ നാട്ടിൽ കൂടുതലായി നടക്കുന്നതും. കാരണം, ആദ്യഹാർട്ടറ്റാക്ക് ഉണ്ടാകുന്നതുവരെ മലയാളി അന്ധനും ബധിരനുമാണ്. പ്രതിരോധപരമായി എന്തൊക്കെ ചെയ്യണമെന്നു പറഞ്ഞാലും അതു കാണുകയും കേൾക്കുകയുമില്ല. അത്യാഹിതം സംഭവിച്ചുകഴിഞ്ഞാൽപ്പിന്നെ വെപ്രാളമാണ്. ആദ്യകാലങ്ങളിൽ പ്രതിരോധചികിത്സ ചെയ്യാൻ ഡോക്ടറോടു സഹകരിക്കും. എന്നാൽ, കുറച്ചുനാൾ കഴിയുമ്പോൾ അയാൾ പഴയ മലയാളിയായി ത്തീരും. സാവധാനം ചികിത്സ നിർത്തിത്തുടങ്ങും. അല്പം സുഖം തോന്നിയാൽപ്പിന്നെ എല്ലാമങ്ങു നിർത്തിക്കളയും; മാത്രമല്ല, ചിലർ പഴയ പുകവലിയും കുടിയും കഴിപ്പും വീണ്ടും തുടങ്ങും.

മലയാളികൾ ആപത്ഘടകങ്ങളുടെ നിയന്ത്രണത്തിൽ ഒരു മുൻകരുതലും എടുക്കുന്നില്ല. ഇവിടത്തെ ചികിത്സാസംവിധാനങ്ങൾ മെച്ചപ്പെട്ടതായതുകൊണ്ടു മാത്രം ആയുസ്സ് നീട്ടിക്കിട്ടുന്നു.

ഹൃദയാഘാതം സംഭവിച്ചശേഷം ഔഷധചികിത്സയോ ആൻജിയോപ്ലാസ്റ്റിയോ സർജറിയോ ചെയ്ത് വീട്ടിലേക്കു പോകാൻ തയ്യാറെടുക്കുന്ന രോഗിയെ തുടർജീവിതത്തിനു പ്രാപ്തമാക്കുന്ന ക്രിയാത്മകപദ്ധതികൾ ചികിത്സകൻ ആസൂത്രണം ചെയ്യണം, ഇതിനു രോഗിയുടെ പൂർണമായ സഹകരണവും അനിവാര്യമാണ്. വിദേശരാജ്യങ്ങളിൽ കൃത്യമായ കാർഡിയാക് റിഹാബിലിറ്റേഷൻ പ്രോഗ്രാമുണ്ട്. കുടുംബാന്തരീക്ഷത്തിലും സമൂഹത്തിലും ഔദ്യോഗികജീവിതത്തിലും തടസ്സമില്ലാതെ മുന്നോട്ടുപോകാനുള്ള നിർദേശങ്ങൾ ചികിത്സകൻ രോഗിയോടു വ്യക്തമായി പറയണം. രോഗിയുടെ പഴകിയ ശീലങ്ങൾ, മാനസികനിലവാരം, ബലഹീനതകൾ ഇവ തിട്ടപ്പെടുത്തണം. രോഗത്തെപ്പറ്റി കൃത്യവും സുതാര്യവുമായ ബോധവത്കരണം നടത്തണം. ഹൃദ്രോഗത്തിലേക്കു നയിച്ച ആപത്ഘടകങ്ങളെ നിയന്ത്രണവിധേയമാക്കേണ്ടതിന്റെ പ്രാധാന്യം വിവരിച്ചുകൊടുക്കണം. കൃത്യമായ കാലയളവിൽ തുടർചെക്കപ്പുകൾ നടത്തേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കിക്കൊടുക്കണം. എല്ലാ കുടുംബാംഗങ്ങളും രോഗിയോടൊപ്പംനിന്ന് അയാളുടെ ബലഹീനമായ മനസ്സിനെ ബലപ്പെടുത്തണം. രോഗിയുടെ മാത്രമല്ല, കുടുംബാംഗങ്ങളെല്ലാവരുടെയും അശാസ്ത്രീയ-ഭക്ഷണശൈലികൾ മാറ്റണം. മേല്പറഞ്ഞ കാര്യങ്ങളെല്ലാം ചികിത്സകനും രോഗിയും പങ്കാളിയും കൂട്ടമായി ചർച്ച ചെയ്യണം.

മിക്ക രോഗികളും കൃത്യമായി കഴിക്കേണ്ട മരുന്നുകൾ സൗകര്യപൂർവം നിർത്തിവയ്ക്കുന്നു. തുടർചെക്കപ്പുകളും വേണ്ടായെന്നുവയ്ക്കുന്നു. സാമ്പത്തികമായി താഴേക്കിടയിലുള്ള 22 രാജ്യങ്ങളിലെ 153996 രോഗികളെ, ഹാർട്ടറ്റാക്കിനുശേഷം ആറു വർഷക്കാലത്തോളം നിരീക്ഷണവിധേയമാക്കിയ പ്രഖ്യാതമായ 'പ്യൂവർപഠന'ത്തിൽ ഞെട്ടിപ്പിക്കുന്ന ഫലങ്ങളാണ് ലഭിച്ചത്. രോഗികളിൽ വെറും 25.3 ശതമാനം പേർ മാത്രം രക്തം നേർപ്പിക്കുന്ന മരുന്നുകൾ തുടർന്നു സേവിക്കുന്നു. ബീറ്റ ബ്ലോക്കർ മരുന്നുകൾ 17.4 ശതമാനം പേർ, എ.സി.ഇ. ഇൻഹിബിറ്ററും എ. ആർ.ബിയും 19.5 ശതമാനംപേർ, കൊളസ്ട്രോൾ കുറച്ച് ഹൃദയധമനികളെ സന്തുലിതമാക്കുന്ന സ്റ്റാറ്റിൻ മരുന്നുകൾ 14.6 ശതമാനം പേർ. അതായത് 80 ശതമാനത്തോളം പേർ കൃത്യമായി തുടർമരുന്നുകൾ കഴിക്കുന്നില്ല. ആന്ധ്രാപ്രദേശിൽ പ്രഫ. സലിം യൂസഫ് നടത്തിയ നിരീക്ഷണങ്ങളിലും ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണു ലഭിച്ചത്. അവിടത്തെ പാവപ്പെട്ട ജനവിഭാഗങ്ങളിൽ ദ്വിതീയ പ്രതിരോധമരുന്നുകളുടെ ഉപയോഗം വളരെ കുറവായിക്കണ്ടു. ആന്റിപ്ലേറ്റ്ലറ്റ് - 8.8 ശതമാനം, ബീറ്റാ ബ്ലോക്കർ - 9.7 ശതമാനം, എ.സി.ഇ. ഇൻഹിബിറ്ററും എ. ആർ.ബി.യും 5.2 ശതമാനം, സ്റ്റാറ്റിൻസ്-3.3 ശതമാനം. അതായത്, ദരിദ്രരായ 90 ശതമാനം രോഗികൾ, സർക്കാർ സഹായത്തോടെയോ അല്ലാതെയോ ആശുപത്രികളിൽ എന്തൊക്കെ ചികിത്സ നടത്തിയാലും പിന്നീടുള്ള ഔഷധസേവയും തുടർചെക്കപ്പുകളും അവഗണിക്കുന്നു. തൽഫലമായി മിക്കവരിലും ആൻജിയോപ്ലാസ്റ്റിയുടെ സ്റ്റെന്റുകളും ബൈപ്പാസ് ശസ്ത്രക്രിയയുടെ ഗ്രാഫ്റ്റുകളും അടഞ്ഞുപോകുന്നു. മറ്റു ഹൃദയധമനികളിലും പുതുതായി ബ്ലോക്കുകളുണ്ടാകുന്നു. അങ്ങനെ അധികം താമസിയാതെ അവർ വീണ്ടും രോഗലക്ഷണങ്ങളുമായി ആശുപത്രിയെ അഭയം പ്രാപിക്കുന്നു. ഇതാണ് മിക്ക രാജ്യങ്ങളിലും ദ്വിതീയ പ്രതിരോധപദ്ധതികളുടെ ഗതി. അങ്ങനെയാണ് 'പോളിപ്പിൽ' (polypill) എന്ന ആശയം ജന്മമെടുത്തത്. പ്രധാന മരുന്നുകളടങ്ങുന്ന ഒരു ഗുളിക - അതാണ് പോളിപ്പിൽ. ഇതു മറ്റു പല രാജ്യങ്ങളിലുണ്ടെങ്കിലും നമ്മുടെ രാജ്യത്ത് പ്രചുരപ്രചാരം നേടിയിട്ടില്ല.

ലേഖകൻ എറണാകുളം ലൂർദ് ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റാണ്.

നോവൽ 3



# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

**വൈ**കുന്നേരം.

അടുക്കളയിൽ എന്തോ പലഹാരം തപ്പിച്ചെന്നതായിരുന്നു ദയയും ബെഞ്ചമിനും. അടുക്കളയിലെ ടൈലിൽ കിടന്നിരുന്ന വെള്ളത്തിൽ തെന്നി ബെഞ്ചമിൻ വീണത് അപ്രതീക്ഷിതമായിട്ടായിരുന്നു. പപ്പാ എന്ന ദയയുടെ വിളി ബെഞ്ചമിന്റെ കരച്ചിലിനൊപ്പം സനലിന്റെ കാതുകളിലെത്തി. സനൽ ഏതോ പുസ്തകം വായിച്ചുകിടന്ന് മയങ്ങിപ്പോയിരുന്നു. കരച്ചിൽ കേട്ട് അയാൾ ഓടിച്ചെന്നു. അപ്പോഴേക്കും ദയ ബെഞ്ചമിനെ പിടിച്ചെണീല്പിച്ചിരുന്നു.

എന്നതാ പറ്റിയെ എന്നു ചോദിച്ച് സനൽ ബെഞ്ചമിനെ തന്നോടു ചേർത്തു. തലയടിച്ചു വീണു എന്നു തോന്നിയതുകൊണ്ട് അയാൾ അവന്റെ തല തിരുമ്മുകയും ചെയ്തു.

''സൂക്ഷിച്ചു നടക്കണ്ടേ മോനേ.'' അയാൾ സ്നേഹപൂർവ്വം ശാസിക്കുകയും ചെയ്തു.

"സനൂ, എന്നതാടാ കൊച്ച് കരയുന്നെ...'' ജോസഫിന്റെ ശബ്ദം അടുക്കളയിലെത്തി.

"ഓ, ഒന്നുമില്ല. മോൻ ഒന്നു വീണതാ."

"എന്നിട്ട് വല്ലതും പറ്റിയോ..."

"ഇല്ല."

സനൽ അടുക്കളയിലെ ക്ലോക്കിലേക്കു നോക്കി. സ്മിത വരേണ്ട സമയം കഴിഞ്ഞുവെന്ന് അയാൾക്കു മനസ്സിലായി. അയാളുടെ നോട്ടം സിങ്കിൽ നിറഞ്ഞു കിടക്കുന്ന പാത്രങ്ങളിലേക്കെത്തി. രാവിലെത്തെയും ഉച്ചയ്ക്കത്തെയും അഴുക്കുപാത്രങ്ങൾ.

ഇനി സ്മിത വന്നിട്ടുവേണം അതെല്ലാം കഴുകി അടുക്കിവയ്ക്കാൻ. പിന്നെയും എന്തെല്ലാം പണികൾ കിടക്കുന്നു! വൈകുന്നേരത്തേക്കുള്ള കാപ്പി... അത്താഴത്തിനുള്ള കഞ്ഞിവയ്ക്കൽ... അവൾ വരാൻ നോക്കിയിരിക്കുകയാണ് ജോസഫും അന്നാമ്മയും ചായകുടിക്കാൻ. ഡ്രസ് ഊരിയെറിഞ്ഞിട്ട് നേരേ അടുക്കളയിലേക്കു പോകുന്നതാണ് സ്മിതയുടെ പതിവ്. എന്തുകൊണ്ടോ സനലിന്റെ മനസ്സ് അവളെയോർത്ത് അപ്പോൾ ആർദ്രമായി. രാവിലെമുതൽ വൈകുന്നേരംവരെ ജോലി കഴിഞ്ഞെത്തുന്നതല്ലേ അവൾ? അവൾക്കുമുണ്ടാവില്ലേ മടുപ്പും ക്ഷീണവും? ഉദ്യോഗസ്ഥരായ എല്ലാ വീട്ടമ്മമാരുടെയും അവസ്ഥ ഇങ്ങനെതന്നെ. ഓഫീസിലും ജോലി, വീട്ടിലും ജോലി. എന്നാൽ, ഭർത്താക്കന്മാർ ഉദ്യോഗസ്ഥരാണെങ്കിൽ അവർക്ക് ഓഫീസിലെ മാത്രം ജോലി ചെയ്താൽ മതി. വീട്ടിലെത്തുമ്പോൾ അവർ സ്വതന്ത്രരാകും. പക്ഷേ, ഉദ്യോഗസ്ഥകളായ വീട്ടമ്മമാർക്ക് അതു സാധിക്കാറില്ല. ആ വീട്ടമ്മമാർ എന്തുമാത്രം കഷ്ടപ്പെടുന്നുണ്ട്, വീടിനും തന്റെ പ്രിയപ്പെട്ടവർക്കും വേണ്ടി. എന്നാൽ, അതൊന്നും പല കുടുംബങ്ങളിലും വിലപ്പോകുന്നില്ല.

''ദയക്കുട്ടീ...'' സനൽ വിളിച്ചു.


"നമുക്ക് ഇന്ന് അമ്മയ്ക്കൊരു സർപ്രൈസ് കൊടുത്താലോ..."

"എന്നതാ പപ്പാ?"

"നമുക്ക് ഇന്ന് ഡിഷെല്ലാം വാഷ് ചെയ്തുവയ്ക്കാം. മോനൂട്ടനും ഹെൽപ്പ് ചെയ്യണം. ഓക്കെ റെഡിയല്ലേ? അമ്മ വരുമ്പോ വലിയ സർപ്രൈസ് ആയിരിക്കും."

"ഉഗ്രൻ ഐഡിയ."

ദയ കൈകൾ കൊട്ടി. ബെഞ്ചമിനും സന്തോഷിച്ചു. അവന്റെ കരച്ചിലും നിന്നു. സനൽ ഓരോ പാത്രങ്ങളെടുത്ത് ആദ്യം കഴുകാൻ തുടങ്ങി. പിന്നെ അതിനു മീതെ സോപ്പു പുരട്ടി. സോപ്പു പുരട്ടിയ പാത്രങ്ങളെടുത്ത് വീണ്ടും ടാപ്പിനു ചുവടെ വച്ചു. കഴുകിയ പാത്രങ്ങൾ ദയയും ബെഞ്ചമിനും ചേർന്ന് അലമാരയിൽ അടുക്കിവച്ചുതുടങ്ങി.



"അമ്മേ കാണുന്നില്ലല്ലോ അപ്പേ..." ദയ ഇടയ്ക്കു പറഞ്ഞു. സനലിന്റെ മനസ്സിലും അത്തരമൊരു ചിന്തയുണ്ടായിരുന്നു. കടകളിൽ കയറുന്നതുകൊണ്ടുള്ള താമസമായിരിക്കാമെന്ന് അയാൾ അയാളോടുതന്നെ പറഞ്ഞു. എങ്കിലും ദയയോടു പറഞ്ഞത് മറ്റൊന്നാണ്, "നമുക്ക് ഫോൺ ചെയ്തു നോക്കാം." ആ സമയം തന്നെ സനലിന്റെ ഫോൺ റിങ് ചെയ്തുതുടങ്ങി.

"അമ്മയായിരിക്കും." ബെഞ്ചമിനാണ് ഫോൺ എടുക്കാനോടിയത്. അവനത് സന്തോഷത്തോടെ സനലിനു കൈമാറി.

അപരിചിതമായ ഒരു നമ്പർ ആണെന്നു മനസ്സിലാക്കിക്കൊണ്ട് സനൽ ഹലോ വച്ചു.

"ഹലോ."

"ഹലോ സനൽ അല്ലേ?"

"അതെ."

''ഹോസ്പിറ്റലിൽ നിന്നാ, സ്മിതയ്ക്ക് ഒരു ആക്സിഡ്... വേഗം ഹോസ്പിറ്റലിലെത്തണം."

കൈയിൽനിന്നു ഫോൺ താഴെ വീഴുമോയെന്ന് സനൽ ഭയന്നു. അയാളെ ദേഹമാസകലം വിറച്ചുതുടങ്ങി.

സ്മിതയ്ക്ക് ആക്സിഡന്റ്.

എന്തു ചെയ്യണമെന്ന് അയാൾക്കറിയില്ലായിരുന്നു.

"അപ്പേ, അമ്മേയാണോ വിളിച്ചത്?'' ബെഞ്ചമിൻ ചോദിച്ചു. സനൽ അല്ല എന്ന് ശിരസ്സാട്ടി.

"അപ്പേടെ മുഖമെന്താ വല്ലാതെ..." ദയ അസ്വസ്ഥയായി.

"അമ്മയ്ക്ക്... അമ്മയ്ക്ക് ഒരു ആക്സിഡന്റ്..."

സനൽ എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

"അയ്യോ എന്റെ അമ്മ..." ദയ പെട്ടെന്ന് കരഞ്ഞുതുടങ്ങി.

"കരയല്ലേ മോളേ... കരയല്ലേ മോനൂട്ടനും വിഷമമാവും.'' സനൽ മക്കളെ തന്നോടു ചേർത്ത് ആശ്വസിപ്പിച്ചു.

"പപ്പാ ഹോസ്പിറ്റലിൽ വരെ പോയിട്ടുവരാം."

"എന്നതാ മോനേ..." അടുക്കളയിൽ പറഞ്ഞതിന്റെ പൊട്ടും പൊടിയും കാതുകളിലെത്തിയപ്പോൾ അന്നാമ്മ ചോദിച്ചു.

അവർ അടുക്കളയിലേക്കു വടിയൂന്നി വന്നു.

"സ്മിതയ്ക്ക് ഒരു ആക്സിഡന്റ്... ഞാൻ ഹോസ്പിറ്റലിൽ പോയിട്ടുവരാം."

"എന്റെ മാതാവേ..." അന്നാമ്മ നെഞ്ചിൽ കൈവച്ചുപോയി.

അപ്പോൾത്തന്നെ സനൽ സാറേ എന്ന വിളി മുറ്റത്തുനിന്നു കേട്ടു. മുറ്റത്തേക്കു നോക്കിയപ്പോൾ റോയിയെയാണ് സനൽ കണ്ടത്. അയൽവാസി. റോഷ്നിയുടെ മൂത്ത സഹോദരൻ. സനലിന് ആശ്വാസം തോന്നി.

റോയിക്ക് കാറും ബൈക്കുമുണ്ട്. കാറിൽത്തന്നെ ആശുപത്രിയിൽ പോകാം.

"എന്നതാ റോയീ."

''നമുക്ക് ഹോസ്പിറ്റലിൽ വരെയൊന്നുപോകാം. സ്മിതച്ചേച്ചിക്ക് ഒരു ആക്സിഡന്റ്."

ഇപ്പോൾ സംഭവത്തിന്റെ ഗൗരവം കുറെക്കൂടി സനലിന്റെ മനസ്സിലേക്കു കടന്നുവന്നു. റോയി അപകടത്തെക്കുറിച്ചറിയണമെങ്കിൽ.., ദൈവമേ.

സനൽ വേഗംതന്നെ ചെന്ന് ഡ്രസ് മാറി. നിമിഷമാത്രയിൽ അയാൾ ഗെയ്റ്റിങ്കലെത്തി. റോഷ്നി അപ്പോൾ തന്റെ വീട്ടിലേക്കു വരുന്നത് സനൽ കണ്ടു. അയാൾക്കാശ്വാസമായി. വീട്ടുകാര്യം ഇനി റോഷ്നി നോക്കിക്കോളുമല്ലോ. റോയിയുടെ കാറിലേക്കു കയറുമ്പോൾ സനൽ വരാന്തയിലേക്കു നോക്കി. ആശങ്കപ്പെട്ടും കരഞ്ഞും നില്ക്കുന്ന മുഖങ്ങൾ.

കാർ മുന്നോട്ടുപാഞ്ഞു.

അപകടം നടന്ന സ്ഥലത്തുകൂടി കടന്നുപോകുമ്പോൾ ആൾക്കൂട്ടവും ടിപ്പറും സനൽ കണ്ടു. ചിതറിത്തെറിച്ചുകിടക്കുന്ന ബോംബെ മിഠായി കണ്ടപ്പോൾ സനലിന് നെഞ്ച് രണ്ടായി പിളരുന്നതുപോലെ തോന്നി

"റോയീ എന്റെ സ്മിത."

''സാറേ...'' എന്ന് പാതി വിളിച്ച് റോയി നിശ്ശബ്ദനായി.

ആശുപത്രിയുടെ പോർച്ചിൽ കാർ നിന്നതും സനൽ ചാടിയിറങ്ങുകയായിരുന്നു.

"എന്റെ സ്മിത എവിടെ..." കൂടിനില്ക്കുന്ന ആളുകളോട് സനൽ തിരക്കി. പലരെയും സനലിനു പരിചയമുണ്ടായിരുന്നു. ചിലരൊക്കെ കണ്ണുതുടയ്ക്കുന്നതു കണ്ടപ്പോൾ ഏതോ അത്യാഹിതം ഒരു മണ്ണിടിച്ചിൽപോലെ തന്റെ ദേഹത്തേക്കു വന്നു വീഴുന്നതായി സനൽ അറിഞ്ഞു.

"വാ..." ആരോ ഒരാൾ സനലിന്റെ കൈയ്ക്കു പിടിച്ചു. അയാൾ സനലിനെയും കൊണ്ടു ചെന്നു കയറിയത് ഐസിയുവിലേക്കായിരുന്നു. ഒരു യന്ത്രം കണക്കെയാണ് അയാൾ മുന്നോട്ടു ചുവടുകൾ വച്ചത്. നടക്കുന്നതുപോലും അയാൾ അറിയുന്നുണ്ടായിരുന്നില്ല.

പച്ചനിറത്തിലുള്ള സ്ക്രീനിനപ്പുറം ഡോക്ടേഴ്സും സിസ്റ്റേഴ്സുമായി നാലഞ്ചുപേർ നില്ക്കുന്നുണ്ടായിരുന്നു.

സനൽ അവിടേക്കു ചെന്നപ്പോൾ ഒരു പച്ചവസ്ത്രധാരി കിടക്കയിൽ മുഖം മറച്ചുകിടക്കുകയായിരുന്ന ആ മുഖത്തു നിന്ന് പച്ചപ്പുതപ്പ് വലിച്ചുനീക്കി. തലമുഴുവൻ പൊതിഞ്ഞുകെട്ടി മുഖത്ത് പാടുകളുമായി കിടക്കുന്നത് ആരെന്ന് ആദ്യനിമിഷം സനലിനു മനസ്സിലായതേയില്ല.

സ്മിത എവിടെയെന്ന് അയാൾ ചുറ്റിനും പരതി.

"എന്റെ സ്മിത എവിടെ?'' സനലിന്റെ തൊണ്ട ഇടറി.

അപ്പോൾ ഒരു കരം അയാളുടെ തോളത്തു പതിഞ്ഞു. പതിഞ്ഞ ശബ്ദം കാതുകളിലെത്തി.

''രക്ഷിക്കാൻ കഴിഞ്ഞില്ല. ഇവിടെയെത്തുമ്പോഴേക്കും..."

സനൽ ആ നിമിഷം കട്ടിലിൽ കിടന്ന രൂപത്തെ നോക്കി അലറിവിളിച്ചുകരഞ്ഞു.

"സ്മിതേ എന്റെ സ്മിതേ."

*(തുടരും)*

Happy Onam

jmj Chamakkalayil Silks

www.chamakkalayilsilkspala.in



# മാബലിനാട്ടിലെ നന്മകൾ ഇന്നെവിടെ?



പ്രഫ. നെടുംകുന്നം രഘുദേവ്

സുവർണദീപ്തി ചൊരിയുന്ന മധുരാനുഭൂതികളുടെ മലർവസന്തമാണ് മലയാളിക്കെന്നും തിരുവോണനാളുകൾ. സന്തോഷവും സംതൃപ്തിയും സമഭാവനയും പീലിവിടർത്തിയാടിയ പോയനാളുകളെ ആഹ്ലാദഭരിതമാക്കിയത് ജനകീയനായൊരു ഭരണാധികാരിയും അദ്ദേഹത്തിന്റെ പ്രജാക്ഷേമതത്പരതയിലൂന്നിയ സൽഭരണവുമായിരുന്നു. പഴങ്കഥപ്പാട്ടുകളിൽ കേട്ടുശീലിച്ച കള്ളവും ചതിയുമില്ലാത്ത, പൊളിവചനങ്ങൾ തീരെയില്ലാത്ത, സമസൃഷ്ടിസ്നേഹത്തിന്റെ ചാരുത പകർന്ന ഓണക്കാലം. അതൊരു ഭാഗ്യമാണ്.

ആവലാതികളും സങ്കടങ്ങളുമില്ലാതെ ഏകോദരസഹോദരങ്ങളെപ്പോലെ മാലോകരെല്ലാർക്കും ഒന്നായിക്കഴിയാൻ സാധിക്കുന്ന സൗഭാഗ്യത്തിന്റെ ദിനങ്ങൾ. അതിനു കാരണക്കാരനായ മഹാബലി ചക്രവർത്തി ഇന്നില്ല. പക്ഷേ, കാലങ്ങളെത്ര കഴിഞ്ഞിട്ടും, പൊയ്പ്പോയ നാളുകളുടെ മധുരസങ്കല്പങ്ങൾ ഓർമകളിലെങ്കിലും നിറച്ചുനിർത്താൻ കഴിയുന്നത്, സൗഭാഗ്യപൂർണമായ അത്തരം ദിനങ്ങളുടെ മടങ്ങിവരവിനെ ആത്മാർത്ഥമായും ആഗ്രഹിച്ചുപോകുന്നതുകൊണ്ടാണ്.

എന്തേ, ഇങ്ങനെയുള്ള ഗൃഹാതുരസ്മരണകൾ എന്നാണെങ്കിൽ, പറയാൻ ഒരു പാടാണ്. പക്ഷേ, അപ്രിയമായ സത്യം പരസ്യമാകരുതെന്നാണല്ലോ?

നാം വളർന്നിരിക്കുന്നു; ആകാശംമുട്ടെയല്ല, ശാസ്ത്രവും സാങ്കേതികവിദ്യകളും സൗരയൂഥമണ്ഡലങ്ങളെയും കടന്നുകയറുമെന്നവിധം അതിനുമപ്പുറത്തേക്ക്, എല്ലാറ്റിനുംപിന്നിൽ ബുദ്ധിയുടെയും പ്രാപ്തിയുടെയും ശാസ്ത്രനിരീക്ഷണങ്ങളുടെയും അമരത്തുനില്ക്കുന്ന ആധുനികമനുഷ്യൻ.

നേട്ടങ്ങളുടെ വലിയൊരു നിരതന്നെ മുന്നിലുണ്ട്. എന്നാൽ, ഇക്കാലംകൊണ്ട് നമുക്കുണ്ടായ പ്രധാന നേട്ടങ്ങൾ (അതോ കോട്ടങ്ങളോ) എന്തൊക്കെയാണ്?

നമ്മുടെ ബുദ്ധിശക്തി ഉയർന്ന നിലയിലെത്തി. ആയുർദൈർഘ്യം കൂടി. മനുഷ്യപ്രയത്നം കൊണ്ട് വളരെ സാവധാനംമാത്രം സാധ്യമായിരുന്ന കാര്യങ്ങൾ ഇന്ന് കുറഞ്ഞ സമയംകൊണ്ട് കുറഞ്ഞ ചെലവിൽ ചെയ്യാൻ കഴിയുന്നു. പരിഷ്കൃതസമൂഹമായി വളർന്നു. പട്ടിണി മാറി, പാർപ്പിടമായി. നൂതനവിവരസാങ്കേതികവിദ്യകൾ വിരൽത്തുമ്പിലെത്തി. പറയാൻ ഇനിയും ഒരു പാടൊരുപാടു കാര്യങ്ങൾ!

എന്നാൽ മറുവശമോ?

ആയുർദൈർഘ്യം കൂടിയതിനൊപ്പം ആളോഹരിരോഗവ്യാപനം വർദ്ധിച്ചു. കുന്നിടിച്ചും മലതുരന്നും പാടം നികത്തിയും ആവാസവ്യവസ്ഥ മുച്ചൂടും തകരാറിലായി. വാഹനപ്പെരുപ്പവും, യന്ത്രവത്കൃതഫാക്ടറിസമുച്ചയങ്ങളും അന്തരീക്ഷം മലിനപ്പെടുത്തി. ശ്വസിക്കാനുള്ള വായുവിനു പാർലറുകളിൽ പോകണം. കുടിക്കാനുള്ള ശുദ്ധജലം വിലയ്ക്കു വാങ്ങണം. കൃഷിയിടങ്ങൾ തരിശാക്കി. സ്വന്തം മണ്ണിൽ ഉത്പാദിപ്പിച്ചിരുന്ന വിഷരഹിത ഉത്പന്നങ്ങളുടെ സ്ഥാനത്തു വിപണനതന്ത്രത്തിലൂന്നിയ വിഷലിപ്തപദാർത്ഥങ്ങൾ വിലയ്ക്കുവാങ്ങേണ്ടി വരുന്നു; രോഗം വിലയ്ക്കു വാങ്ങുന്നു.



അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുംകൊണ്ട് ഭരണവർഗം അധഃപതിച്ചു. സ്വൈരജീവിതം തകർക്കുമാറ് അക്രമവും കൊലപാതകവും സാർവത്രികമായി. പരസ്പരവിശ്വാസം നഷ്ടപ്പെട്ടു.

ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും തമ്മിലുള്ള ധാരണ ദുഷ്ടലക്ഷ്യങ്ങൾക്കും സ്വാർത്ഥനേട്ടങ്ങൾക്കുംവേണ്ടി മാത്രമായി ഏതു ഹീനതന്ത്രവും ഏതറ്റംവരെയും പയറ്റാമെന്നവിധം നമ്മുടെ രാജ്യതന്ത്രജ്ഞത തരംതാണു.

ഇതിനെല്ലാം പിന്നിൽ കുത്സിതലക്ഷ്യങ്ങൾ മെനയാനും സുഖജീവിതം സാധ്യമാക്കാനും മുതിരുന്ന, നാളെയെക്കുറിച്ചു ചിന്തയില്ലാത്ത ഒരുപറ്റം വികല്പമതികളായ ഉദരംഭരികൾ മാത്രമാണ്.

യാഥാർത്ഥ്യം മനസ്സിലാക്കി, ഒരു തിരിച്ചുവരവിനു തയ്യാറെടുക്കാൻ സമയമുണ്ടാകുമോ എന്നതാണു പ്രശ്നം.

എങ്കിലും, സത്യവും സ്നേഹവും സാഹോദര്യവും പരസ്പരവിശ്വാസവും പുലരണമെന്നാഗ്രഹിക്കുന്ന ഒരു ന്യൂനപക്ഷമെങ്കിലും അവശേഷിച്ചിട്ടുണ്ട് എന്ന ആശ്വാസത്തിൽ അവരുടെ പിന്നിൽ അണിനിരക്കാനും അവർക്ക് ഊർജം പകരാനും നമുക്കാവുമെങ്കിൽ, അനതിവിദൂരഭാവിയിലെങ്കിലും ആ പഴയ തിരുവോണനാളുകളെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാനാവുമെന്ന് നമുക്കു പ്രത്യാശിക്കാം.

ഇനിയും നഷ്ടമാകാത്ത സ്വപ്നം കാണാനുള്ള കഴിവ് നമുക്കനുഗ്രഹമാകട്ടെ!

---



കവിത

സാംസൺ പാലാ

## ഓർമയിൽ ഒരു പൂക്കാലം

ഓർമകളോടിക്കളിക്കുന്ന നേരത്തു
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ചിങ്ങമാസത്തിലെ ഓണപ്പുലരിയിൽ
എങ്ങുമേ കാണുന്നു പൂക്കളങ്ങൾ

ചേലൊത്ത ചേമ്പില കൈക്കുമ്പിളാക്കി ഞാൻ
കാലത്തെഴുന്നേറ്റ് പൂ പറിക്കും
അത്തം തുടങ്ങുന്ന നാൾ മുതൽ പൂവുകൾ
നിത്യം പറിച്ച് കളമൊരുക്കും

വൃത്തിയായ് പൂമുഖമുറ്റത്ത് നല്ലൊരു
വൃത്തത്തിൽ പൂക്കളം തീർക്കുമല്ലോ
മുല്ലപ്പൂ ചെത്തിപ്പൂ ബന്തിപ്പൂയെന്നിവ
മെല്ലെയർത്തി നിരത്തി വയ്ക്കും.

മുറ്റത്ത് നിൽക്കുന്ന പൂമരക്കൊമ്പിന്റെ
അറ്റത്തൊരൂഞ്ഞാല് കെട്ടിയാടും
കൂട്ടുകാരെല്ലാരുമോടിയെത്തും നേരം
പാട്ടുകൾ പാടി രസിക്കുമല്ലോ

ഓണനിലാവത്ത് പൂത്തിരികത്തുമ്പോൾ
കാണുവാനേവരു മോടിയെത്തും
കത്തുന്ന പൂത്തിരി ചുറ്റിക്കറക്കിക്കൊ
ണ്ടെത്തുന്ന കൂട്ടുകാരൊത്തു കൂടും

പൂക്കളം കാണുവാൻ കൂട്ടമായെത്തിയ
പൂത്തുമ്പിയെങ്ങോ പറന്നകന്നു
അമ്മ വിളമ്പിയ സദ്യതൻ സ്വാദുകൾ
ഇന്നുമെൻ നാവിൽ നിറഞ്ഞിടുന്നു







**ഓഗസ്റ്റ് 22**
**കൈത്താക്കാലം**
**ഏഴാം ഞായർ**



ലേവ്യ.19:15–18
ഏശ. 33:1–15
1 തെസ. 2:14–20
ലൂക്കാ. 18:1–8

ഡോ. ജോസഫ് കരികുളം

# നീതി നടത്തിക്കൊടുക്കുന്ന ദൈവം

**നീ**തിയെക്കുറിച്ചാണു പറയുന്നത്! ഭഗ്നാശരാകാതെ പ്രാർത്ഥിച്ചാൽ നീതി ദൈവം നടത്തിത്തരും (ലൂക്കാ 18:1-8). അനീതി എങ്ങും ദൃശ്യമായിരിക്കെ നീതിയെക്കുറിച്ചു സംസാരിക്കാൻ ആർക്കാണു ധൈര്യം? നീതിമാനും നീതി പ്രവർത്തിക്കുന്നവനുമായ ദൈവത്തിന്റെ ഏകജാതനും മനുഷ്യനുമായ ഈശോമിശിഹായ്ക്കല്ലാതെ മറ്റാർക്കാണു നീതിയെക്കുറിച്ചു സംസാരിക്കാൻ അവകാശം? നീതിയായി പ്രവർത്തിക്കണമെന്ന് പഴയനിയമത്തിൽ തന്റെ ജനത്തെ ഉപദേശിക്കുന്ന ദൈവം (ലേവ്യ 19:15) പുതിയ നിയമത്തിൽ നീതി തന്റെ ജനത്തിന് താൻതന്നെ നടത്തിക്കൊടുക്കുമെന്നു തറപ്പിച്ചുപറയുന്നു (ലൂക്കാ 18:7-8).

ലേവ്യരുടെ പുസ്തകത്തിൽ വിവിധ നിയമങ്ങൾ നൽകിക്കൊണ്ടു സംസാരിക്കുമ്പോൾ ഓരോ നിയമപ്രഖ്യാപനത്തിനു ശേഷവും ദൈവം ജനത്തെ ഓർമിപ്പിക്കുന്ന കാര്യമിതാണ്: "ഞാനാണു കർത്താവ്" (ലേവ്യ 19:16-18). നിയമങ്ങൾ നൽകുമ്പോൾ ദൈവത്തിന്റെ ഉദ്ദേശ്യം തന്റെ ജനം ദൈവികമായ സ്വഭാവങ്ങളെ ആർജിച്ച് ദൈവരാജ്യത്തിന് അനുരൂപരായിത്തീരുക എന്നുള്ളതാണ്. ഇവിടെ ജനം ആർജിച്ചെടുക്കേണ്ട ദൈവികമായ സ്വഭാവം നീതിയുടേതാണ്. നീതിമാനും നീതി പ്രവർത്തിക്കുന്നവനുമായ ദൈവത്തോടു ചേർന്നുനിന്നുകൊണ്ട് ഈ ഭൂമിയിൽ നീതി പ്രവർത്തിക്കുമ്പോൾ നീതീകരണത്തിലൂടെ ദൈവസന്നിധിയിലേക്കു നാം അടുക്കുകയാണ്.

നീതി പ്രവർത്തിക്കണമെന്നു പറയുമ്പോൾ കൈയൂക്കും അക്രമവുംവഴി നീതി നടത്തിയെടുക്കണമെന്നല്ല ദൈവം ഉദ്ദേശിക്കുന്നത്. ഏഷണി പറഞ്ഞു നടക്കരുത്, അയൽക്കാരന്റെ ജീവനെ അപകടത്തിലാക്കരുത് തുടങ്ങിയ വളരെ ലളിതവും പ്രായോഗികവുമായ നിർദേശങ്ങളാണ് ദൈവം നല്കുന്നത്. നീതി എന്നത് നമ്മിൽനിന്നു ദൂരത്തുള്ള യാഥാർത്ഥ്യമല്ല; മറിച്ച്, ഞാനും അയൽക്കാരനും (നമ്മൾ) തമ്മിലുള്ള അനുദിനജീവിതബന്ധങ്ങളുടെ പ്രയോഗികമായ ചാലകശക്തിയാണ്.



ഏശയ്യാപ്രവാചകനിലൂടെ ദൈവം തന്റെ നീതിയുടെ സ്വഭാവത്തെ ഒരിക്കൽക്കൂടി അരക്കിട്ടുറപ്പിക്കുകയും അങ്ങനെ ജീവിക്കുന്ന മനുഷ്യർ സ്വർഗത്തോളം ഉയർന്നവർതന്നെയാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. "നീതിയുടെ മാർഗത്തിൽ ചരിക്കുകയും സത്യം സംസാരിക്കുകയും ചെയ്യുന്നവൻ... ഉന്നതങ്ങളിൽ വസിക്കും (ഏശ. 33:15). ദൈവം നീതിമാനും സത്യസന്ധനുമാണ് (നിയമ. 32:4, സങ്കീ. 89:14). പാറപോലെ ഉറച്ചതാണ് ദൈവത്തിന്റെ നീതിയെന്ന് നിയമാവർത്തനം ഓർമിപ്പിക്കുന്നു. അതുപോലെ തന്നെയാണ് നീതിയുള്ള മനുഷ്യനും. ശിലാദുർഗങ്ങളാൽ അവൻ പ്രതിരോധമുറപ്പിക്കും (ഏശ. 33:16).

തന്റെ ജനങ്ങളോടു നിതീയിൽ ജീവിക്കണമെന്നും നീതി പ്രവർത്തിക്കണമെന്നും ദൈവം കല്പിച്ചുവെങ്കിലും ആ ജനം കാണിച്ച വലിയ അനീതി പരിഹരിക്കാൻ മനുഷ്യകുലം മുഴുവനുംവേണ്ടി നീതിമത്കരണം നടത്താൻ ദൈവത്തിനു വീണ്ടും ഇടപെടേണ്ടിവന്നു. ദൈവപുത്രനായ ഈശോയെ തിരസ്കരിച്ചുവെന്നതാണ് ദൈവത്തിന്റെ സ്വന്തം ജനം കാണിച്ച വലിയ അനീതി. "യഹൂദർ കർത്താവായ ഈശോയെയും പ്രവാചകന്മാരെയും വധിച്ചു, ഞങ്ങളെ ആട്ടിപ്പുറത്താക്കി" (1 തെസ. 2:15). ഏഷണി പറഞ്ഞു നടക്കരുതെന്നും അയൽക്കാരന്റെ ജീവനെ അപകടത്തിലാക്കരുത് (ലേവ്യ. 19:16) എന്നുമുള്ള ദൈവകല്പന ലംഘിച്ച് ജനം ഈശോയെക്കുറിച്ച് ഏഷണി പറയുകയും മറ്റുള്ളവരെ നിർബന്ധിച്ചു പറയിപ്പിക്കുകയും അവന്റെ ജീവനെ അപകടത്തിലാക്കുകയും ചെയ്തു.

തന്റെയടുക്കൽവന്ന് നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്ന സ്ത്രീയുടെ കരച്ചിൽ അസഹനീയമായിത്തോന്നിയപ്പോൾ നീതിരഹിതനായ ന്യായാധിപൻ അവൾക്ക് നീതി നടത്തിക്കൊടുക്കുന്നെങ്കിൽ നീതിമാനും നീതി പ്രവർത്തിക്കുന്നവനുമായ ദൈവം തന്നോടു നിലവിളിച്ചപേക്ഷിക്കുന്നവർക്ക് നീതി നടത്തിക്കൊടുക്കുകയില്ലേ എന്ന ചോദ്യം (ലൂക്കാ 18:1-8), അനീതിയായി ഈശോയെ മരണത്തിനു വിധിക്കാൻ ന്യായാധിപന്മാരെ നിർബന്ധിക്കുന്ന യഹൂദജനത്തിന്റെ കർണപുടങ്ങളിലാണു പതിക്കുന്നത്. ഉത്ഥാനത്തിന്റെ ദർശനത്തിൽനിന്നുകൊണ്ട് ഗെത്സമെൻ തോട്ടത്തിലെ പ്രാർത്ഥനയും ദുഃഖവെള്ളിയാഴ്ചയുടെ സഹനവും വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ് അനീതിയെ നീതിയാക്കി മാറ്റുന്ന ദൈവത്തിന്റെ മഹനീയപ്രവൃത്തിയെ നമുക്കു കാണാൻ കഴിയുന്നത്. അതെ, നീതി നടത്തിക്കൊടുക്കാൻ ദൈവത്തിന് തന്റേതായ വഴികളുണ്ട്. ഈശോയുടെ കാര്യത്തിൽ യഹൂദജനം അനീതി കാണിച്ചെങ്കിലും നിരന്തരപ്രാർത്ഥനയാൽ തന്നോടു ബന്ധപ്പെട്ടിരുന്ന പുത്രന് നീതിമാനും നീതി നടത്തുന്നവനുമായ ദൈവം നടത്തുന്ന നീതിമത്കരണമാണ് ഉത്ഥാനം.

പ്രാർത്ഥനയുടെ ഫലം എന്താണെന്നതിനു സുവിശേഷങ്ങൾ നല്കുന്ന ഉത്തരങ്ങൾ കൗതുകകരമാണ്. ലൂക്കാ 18:7ൽ നിരന്തരം പ്രാർത്ഥിക്കുന്നവവർക്ക് ദൈവം നീതി നടത്തിക്കൊടുക്കും എന്നാണു പറയുന്നത്. ലൂക്കാ 11:13ലാകട്ടെ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല എന്നാണു പറയുന്നത്. പ്രാർത്ഥനയുടെ ഫലം ഭൗതികനേട്ടങ്ങളാണെന്നു സുവിശേഷത്തിൽ കാണുന്നില്ല. അനുദിന ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന തെറ്റാണെന്നല്ല; പക്ഷേ, ഭൗതികനേട്ടങ്ങൾക്കു മാത്രമായി ഒതുക്കേണ്ടതല്ല ക്രൈസ്തവപ്രാർത്ഥന. ഈശോയുടെ രക്തം വിയർത്തുള്ള പ്രാർത്ഥന നിരാകരിക്കപ്പെട്ടു എന്നു തോന്നുമെങ്കിലും ദൈവനീതി അവന് ഉത്ഥാനത്തിലൂടെ നീതീകരണം നടത്തിയെന്നു തിരിച്ചറിയുമ്പോഴാണ് ക്രൈസ്തവപ്രാർത്ഥനയുടെ ആഴം മനസ്സിലാക്കാൻ കഴിയുന്നത്. ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിലും (ലൂക്കാ 18:9-14) പ്രാർത്ഥനയുടെ ഫലമായുള്ള നീതീകരണത്തെക്കുറിച്ചു കാണാം. ദൈവം മനുഷ്യനു നൽകുന്ന നീതീകരണമാണ് പ്രാർത്ഥനയുടെ ഏറ്റവും വലിയ ഫലം. ഭൗതികനേട്ടങ്ങൾക്കപ്പുറം നില്ക്കുന്ന പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് ഉറച്ച വിശ്വാസമുള്ളവരായി അനുദിനജീവിതത്തിൽ നീതി പ്രവർത്തിച്ച് നമുക്കു മുന്നേറാം. ■

> **പ്രാർത്ഥനയുടെ ഫലം ഭൗതികനേട്ടങ്ങളാണെന്നു സുവിശേഷത്തിൽ കാണുന്നില്ല. അനുദിന ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന തെറ്റാണെന്നല്ല; പക്ഷേ, ഭൗതികനേട്ടങ്ങൾക്കു മാത്രമായി ഒതുക്കേണ്ടതല്ല ക്രൈസ്തവ പ്രാർത്ഥന. ദൈവം മനുഷ്യനു നൽകുന്ന നീതീകരണമാണ് പ്രാർത്ഥനയുടെ ഏറ്റവും വലിയ ഫലം.**



# ചരിത്രത്തിലെ ഏറ്റവും വലിയ മെഡൽവേട്ട



ഡോ. ജിൻസ് കാപ്പൻ

**കൊവിഡ്** മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും സംഘാടകമികവുകൊണ്ടു കൈയടി നേടിയ ഒളിമ്പിക്സാണ് ജപ്പാനിലെ ടോക്കിയോയിൽ നടന്ന ആധുനിക ഒളിമ്പിക്സിന്റെ മുപ്പത്തിരണ്ടാം പകർപ്പ്. 2020 ൽ നടക്കേണ്ടിയിരുന്ന ഒളിമ്പിക്സാണ് കൊവിഡ് മഹാമാരിയെത്തുടർന്ന് ഏറെ അനിശ്ചിതത്വങ്ങൾക്കിടയിൽ ഒരു വർഷം വൈകി നടന്നത്. ചരിത്രത്തിലെ ഏറ്റവും വലിയ സംഘവുമായി ടോക്കിയോയിൽ എത്തിയ ഇന്ത്യ എക്കാലത്തെയും തങ്ങളുടെ ഏറ്റവും വലിയ മെഡൽവേട്ട നടത്തിയാണു മടങ്ങിയത്. ലണ്ടനിൽ 2012 ൽ നേടിയ രണ്ടു വെള്ളിയും നാല് വെങ്കലവുമുൾപ്പെടെ ആറു മെഡലുകൾ ആയിരുന്നു ഇതുവരെയുള്ള ഏറ്റവും മികച്ച പ്രകടനം. 2016 ൽ റിയോയിൽ ഒരു വെള്ളിയും ഒരു വെങ്കലവുമായി 67-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ടോക്കിയോയിൽ ഒരു സ്വർണവും രണ്ടു വെള്ളിയും, നാലു വെങ്കലവുമുൾപ്പെടെ ഏഴു മെഡലുകൾ നേടി 47-ാം സ്ഥാനത്തെത്തി. 39 സ്വർണവും 41 വെള്ളിയും 33 വെങ്കലവുമായി 113 മെഡലുകൾ നേടിയ അമേരിക്കയാണ് മെഡൽനിലയിൽ ഒന്നാമത്. 38 സ്വർണവും 32 വെള്ളിയും 18 വെങ്കലവുമായി 88 മെഡലുകൾ നേടി ചൈന രണ്ടാമതെത്തി. ആതിഥേയരായ ജപ്പാൻ 27 സ്വർണവും 14 വെള്ളിയും 17 വെങ്കലവുമായി 58 മെഡലുകൾ നേടി മൂന്നാമതെത്തി.

ഇന്ത്യയുടെ ഒളിമ്പിക് അത്‌ലറ്റിക്സ് ചരിത്രത്തിലെ ആദ്യ സ്വർണമെഡൽ നീരജ് ചോപ്രയിലൂടെ ഇന്ത്യയിലെത്തി. ജാവലിൻ ത്രോയിൽ 87.58 ദൂരം കണ്ടെത്തിയാണ് ചോപ്രയുടെ മെഡൽ നേട്ടം. അഭിനവ് ബിന്ദ്രയ്ക്കുശേഷം വ്യക്തിഗതയിനത്തിൽ സ്വർണമെഡൽ നേടുന്ന താരമാണ് നീരജ് ചോപ്ര. 2018 ലെ കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും സ്വർണം നേടിയ ചോപ്ര ആ മികവ് ഒളിമ്പിക്സിലും തുടരുകയായിരുന്നു. 2016 ലെ ഒളിമ്പിക്സിന് തൊട്ടുമുമ്പു നടന്ന ലോകജൂനിയർ ചാമ്പ്യൻഷിപ്പിൽ ഒളിമ്പിക് യോഗ്യതമാർക്ക് മറികടന്ന് സ്വർണം നേടിയെങ്കിലും യോഗ്യത നേടുന്നതിനുള്ള സമയപരിധി അവസാനിച്ചതിനാൽ അവസരം നഷ്ടപ്പെട്ടു. 2016 മുതൽ പ്രധാനപ്പെട്ട ലോകചാമ്പ്യൻഷിപ്പുകളിൽ സ്വർണനേട്ടം ശീലമാക്കിയ നീരജ് ചോപ്ര ആ പ്രകടനം ടോക്കിയോയിലും തുടരുകയായിരുന്നു.



ആദ്യദിനംതന്നെ ഭാരോദ്വഹനത്തിൽ മീരാഭായ് ചാനുവിലൂടെ മെഡൽ വേട്ടയ്ക്കു തുടക്കം കുറിക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞു. ഭാരോദ്വഹനത്തിൽ വനിതകളുടെ 49 കിലോഗ്രാം വിഭാഗത്തിൽ സ്നാച്ചിൽ 87 കിലോയും ക്ലീൻ ആൻഡ് ജെർക്കിൽ 115 കിലോയും ഉയർത്തിയാണ് ചാനു വെള്ളിമെഡൽ നേടിയത്.

പുരുഷന്മാരുടെ ഗുസ്തിയിൽ മികച്ച പ്രകടനം നടത്തി രണ്ടു മെഡലുകൾ നേടിയാണ് ഇന്ത്യ മടങ്ങിയത്. 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ രവികുമാർ ദഹിയ വെള്ളിമെഡലും 65 കിലോഗ്രാം വിഭാഗത്തിൽ ബജ്രംഗ് പൂനിയ വെങ്കലവും നേടി.

പുരുഷവിഭാഗം ഹോക്കിയിൽ പതിവിനു വിപരീതമായി വലിയ പ്രതീക്ഷകൾ ഇല്ലാതെ ടോക്കിയോയിൽ എത്തിയ ടീം വെങ്കലമെഡലുമായാണ് മടങ്ങിയത്. മൂന്നാം സ്ഥാനക്കാർക്കുള്ള മത്സരത്തിൽ ജർമനിയെ 5-4 എന്ന സ്കോർ നിലയിൽ കീഴടക്കിയാണ് നമ്മുടെ ദേശീയ കായികവിനോദമായ ഹോക്കിയിൽ 41 വർഷങ്ങൾക്കുശേഷം ഒളിംപിക്സിൽ മെഡൽ നേടുന്നത്. ഗ്രൂപ്പ് ഘട്ടത്തിലെ രണ്ടാം മത്സരത്തിൽ ആസ്ട്രേലിയയ്ക്കെതിരേ 1-7 ന് വലിയ ഒരു പരാജയം ഏറ്റുവാങ്ങിയെങ്കിലും തുടർന്നുള്ള മത്സരങ്ങൾ മലയാളിയായ കാവൽക്കാരൻ ശ്രീജേഷിന്റെ മികവിൽ സെമിഫൈനൽവരെ മുന്നേറി. ഹോക്കിയിൽ ഒളിമ്പിക്സിൽ ഇന്ത്യ നേടുന്ന പന്ത്രണ്ടാമത്തെ മെഡലാണ് ടോക്കിയോയിലേത്. മനുവേൽ ഫെഡ്രിക്കിനുശേഷം ഒളിമ്പിക് മെഡൽ നേടുന്ന രണ്ടാമത്തെ മലയാളിയായി ഇന്ത്യൻ ഗോൾവല കാത്ത ശ്രീജേഷ്. ഇന്ത്യൻ ഹോക്കി ഒരു തിരിച്ചുവരവിന്റെ പാതയിലാണെന്നു നമുക്കു പ്രതീക്ഷിക്കാം.



വനിതാഹോക്കിയിൽ ആദ്യ മൂന്നു മത്സരങ്ങളിലും സാമാന്യം ഭേദപ്പെട്ട നിലയിൽ തോൽവി സമ്മതിച്ചെങ്കിലും തുടന്നുള്ള മത്സരങ്ങളിൽ കരുത്തു തെളിയിച്ചു സെമിഫൈനൽവരെ എത്താൻ സാധിച്ചു. ഇന്ത്യൻ വനിതാഹോക്കിക്ക് ഒരു മെഡലിനോളം വരുന്ന നേട്ടമാണിത്.

ബോക്സിങ്ങിൽ മെഡൽ പ്രതീക്ഷിച്ച മേരി കോമും പൂജ റാണിയും, സതീഷ് കുമാറും ക്വാർട്ടർ ഫൈനലിൽ പോരാട്ടം അവസാനിപ്പിക്കേണ്ടിവന്നപ്പോൾ വനിതകളുടെ 64 കിലോഗ്രാം വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പിലെ വെങ്കലമെഡൽ ജേതാവ് ലവ്‌ലിനെ ബോർഗോഹിന് ഒളിമ്പിക്സിലും രാജ്യത്തിനായി മെഡൽ നേടാൻ കഴിഞ്ഞു. ലവ്‌ലിനയുടെ അട്ടിമറികൾ ക്വാർട്ടർ ഫൈനൽവരെ നീണ്ടപ്പോൾ സെമിഫൈനലിൽ ലോകഒന്നാം നമ്പർ താരം തുർക്കിയുടെ ബുസേനസ് സർമേനലിയോടാണ് പരാജയപ്പെട്ടത്. പുരുഷബോക്സിങ്ങിൽ മെഡൽ പ്രതീക്ഷയുമായി എത്തിയ വികാസ് കൃഷ്ണൻ ആദ്യറൗണ്ടിൽത്തന്നെ പരാജയപ്പെട്ടു. പുരുഷന്മാരുടെ 52 കിലോഗ്രാം വിഭാഗത്തിൽ മത്സരിച്ച 2020 ലെ ലോക ചാമ്പ്യനും ലോകഒന്നാംനമ്പർ താരവുമായ അമിത് പാംഗൽ പ്രീക്വാർട്ടറിൽ കൊളംബിയയുടെ റിയോ ഒളിമ്പിക്സിലെ വെള്ളിമെഡൽ ജേതാവിനോട് പൊരുതി തോറ്റു പുറത്തായി.



ബാഡ്മിന്റണിൽ റിയോ 2016 ലെ വെള്ളിമെഡൽ ജേതാവ് പി. വി. സിന്ധു വീണ്ടും ഒരു ഒളിമ്പിക് മെഡൽ രാജ്യത്തിനു സമ്മാനിച്ചു. ഇതോടെ തുടർച്ചയായി രണ്ട് ഒളിമ്പിക്സുകളിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതയായി സിന്ധു. ഒളിമ്പിക്സിനു തൊട്ടുമുമ്പുള്ള ടൂർണമെന്റുകളിൽ വലിയ മുന്നേറ്റം നടത്താൻ സാധിക്കാതിരുന്ന സിന്ധു ടോക്കിയോയിൽ മികച്ച പ്രകടനം നടത്തിയാണ് വെങ്കലമെഡൽ നേടിയത്.



വനിതാവിഭാഗം ഗോൾഫ് മത്സരത്തിൽ ഇന്ത്യൻ യുവതാരം അദിതി അശോക് നേടിയ നാലാം സ്ഥാനം ഒരു മെഡലിനോളം ആഘോഷിക്കേണ്ട നേട്ടമാണ്. അവസാനംവരെ മെഡൽ പ്രതീക്ഷ നൽകിയ അദിതി നിർഭാഗ്യംകൊണ്ടാണ് മെഡൽ നേടാതെ പോയത്. തന്റെ പതിനെട്ടാം വയസ്സിൽ റിയോ ഒളിമ്പിക്സിൽ മത്സരിച്ച അദിതി 41 സ്ഥാനത്താണ് മത്സരം പൂർത്തിയാക്കിയത്. ടോക്കിയോയിൽ ഇരുപത്തിമൂന്നാം വയസ്സിൽ അദിതി നേടിയ ഈ നാലാംസ്ഥാനം മൂന്നു വർഷങ്ങൾക്കപ്പുറം 2024 ൽ പാരീസിൽ ഒരു മെഡൽ നേട്ടത്തിലേക്കെത്തുമെന്നു പ്രതീക്ഷിക്കാം.

വനിതകളുടെ ഡിസ്കസ് ത്രോയിൽ യോഗ്യതാറൗണ്ടിൽ രണ്ടാം സ്ഥാനവുമായി ഫൈനലിൽ കടന്ന കമൽപ്രീത് കൗറിന് ആ മികവ് ഫൈനലിൽ പുറത്തെടുക്കാനായില്ല. ഫൈനലിൽ 63.70 മീറ്റർ ദൂരം കണ്ടെത്തിയ കമൽപ്രീതിന് ആറാം സ്ഥാനത്തെത്താനേ കഴിഞ്ഞുള്ളൂ. പുരുഷന്മാരുടെ റിലേയിൽ മലയാളി താരങ്ങളായ അനസ് മുഹമ്മദും നിർമൽ ടോമും അമോജ് ജേക്കബും അണിനിരന്ന ഇന്ത്യൻ ടീം ഏഷ്യൻ റെക്കോർഡ് മറികടന്നെങ്കിലും ഫൈനലിൽ യോഗ്യത നേടാനായില്ല. പുരുഷന്മാരുടെ ലോങ്ജമ്പിൽ മത്സരിച്ച മലയാളി താരം എം. ശ്രീശങ്കർ ഫൈനലിൽ എത്താതെ പുറത്തായി. തന്റെ കരിയറിലെ മികച്ച പ്രകടനമായ 8.26 ന് അടുത്തുപോലും എത്താനാകാതെ 31 മത്സരാർത്ഥികൾ പങ്കെടുത്ത ക്വാളിഫയിങ് റൗണ്ടിൽ 25 ാം സ്ഥാനത്താണ് ശ്രീശങ്കർ ഫിനീഷ് ചെയ്തത്. പുരുഷന്മാരുടെ 20 കിലോമീറ്റർ നടത്തത്തിൽ മലയാളി താരം കെ. ടി ഇർഫാൻ 51-ാം സ്ഥാനത്താണ് മത്സരം പൂർത്തിയാക്കിയത്.

ഏറെ പ്രതീക്ഷയോടെ ടോക്കിയോയിൽ എത്തിയ ഇന്ത്യൻ ഷൂട്ടിങ് താരങ്ങൾക്ക് ഉന്നം പിഴച്ചപ്പോൾ ഒരു മെഡൽപോലും നേടാനാവാതെയാണ് ലോകറാങ്കിങ്ങിലെ മുൻനിരക്കാരായ താരങ്ങൾ മടങ്ങിപ്പോന്നത്. തുടർച്ചയായി ഒളിമ്പിക്സിൽ 2004 ൽ ആതൻസിൽ വെള്ളി നേടിയ രാജ്‌വർദ്ധൻ സിങ് റത്തൂരും, 2008 ബീജിങ്ങിൽ സ്വർണംനേടിയ അഭിനവ് ബിന്ദ്രയും 2012 ൽ ലണ്ടനിൽ വിജയ് കുമാറും ഗഗൻ നാരംഗും മെഡൽ നേടിയശേഷം 2016 ൽ റിയോയിലും 2020 – ൽ ടോക്കിയോയിലും ഇന്ത്യൻ ഷൂട്ടർമാർക്ക് ഉന്നം പിഴയ്ക്കുകയായിരുന്നു. ലോകത്തിലെ തന്നെ മികച്ച ഷൂട്ടർമാരിൽ പലരും ഇന്ത്യൻ സംഘത്തിൽ ഉണ്ടായിരുന്നെങ്കിലും ഒരു മെഡൽ നേട്ടത്തിലേക്ക് എത്താൻ കഴിഞ്ഞില്ല. പിസ്റ്റൽ വിഭാഗത്തിൽ പങ്കെടുത്ത പ്രമുഖ താരങ്ങളായ മനു ഭാക്കറിനും സൗരവ് ചൗധരിക്കും റൈഫിൾ വിഭാഗത്തിൽ മത്സരിച്ച എലവേനിൽ വളരിവാനും തങ്ങളുടെ മികച്ച പ്രകടനം പുറത്തെടുക്കാൻ സാധിച്ചില്ല.

അമ്പെയ്ത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷകളായ ലോകഒന്നാം നമ്പർ താരം ദീപികാ കുമാരിയും ഭർത്താവ് അതാനു ദാസും നിരാശപ്പെടുത്തി. ദീപിക തുടർച്ചയായ മൂന്നാം ഒളിംപിക്സിലാണ് ക്വാർട്ടറിൽ പുറത്താവുന്നത്. 2012 ൽ ലണ്ടനിലും 2016 ൽ റിയോയിലും ദീപിക ക്വാർട്ടറിൽ എത്തിയിരുന്നു. ടെന്നീസിലും, ടേബിൾ ടെന്നീസിലും നീന്തലിലും തുഴച്ചിലിലും തങ്ങളുടെ സാന്നിധ്യംപോലും അറിയിക്കാൻ സാധിക്കാതെ ഇന്ത്യൻ താരങ്ങൾ മടങ്ങി.







ഓണാശംസകൾ

# ഓണം സ്പെഷ്യൽ ഡിസ്കൗണ്ട് ഓഫർ

Up to 30 % (Selected items)







**WATCH EXCHANGE OFFER**
upto 30 % (Selected brands only)

TITAN CASIO SONATA A TATA PRODUCT WESTAR Q&Q TIMEX fastrack SONIC WATCHES

ഈ ആനുകൂല്യം കുറച്ചു നാളത്തേക്കു മാത്രം

മുതലായ കമ്പനികളുടെ വാച്ചുകൾ, ക്ലോക്ക്, ടൈംപീസ്, കാൽക്കുലേറ്റർ, (Scientific & Ordinary), ഫോൺ, വാച്ച് ചെയിൻ, സ്ട്രാപ് etc...

3 Years guarantee for CASIO Calculater

എല്ലാ സാധനങ്ങളും കുറഞ്ഞ വിലയിൽ ഗ്യാരന്റിയോടുകൂടി ലഭിക്കുന്നു

പഴയ വാച്ചുകൾ മാറ്റി പുതിയ വാച്ചുകൾ വാങ്ങാവുന്നതാണ്

എല്ലാവിധ വാച്ച് ബാറ്ററികളും ഒരു വർഷം ഗ്യാരന്റിയോടുകൂടി ലഭിക്കുന്നു.

# ജോജോ വാച്ച്കമ്പനി

ESTD. 1960 ന്യൂ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്
ഗവ. ഹോസ്പിറ്റൽ ജംഗ്ഷൻ
മെയിൻ റോഡ്, പാലാ

A/C ഷോറൂം

Phone: 04822-200040

ഗ്യാരന്റിയോടുകുടി എല്ലാ കമ്പനികളുടെയും വാച്ചുകൾ സർവ്വീസ് ചെയ്തു ലഭിക്കുന്നതാണ്.

* Conditions apply

---

ഓണാശംസകൾ

# S.J. ആയുർവേദ ഫാർമസി

പുതിയ കാവ് ടെമ്പിൾ റോഡ് ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

## മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

**Please Contact:**
**Dr. K.V. Joseph DAM**
**Mob: 9447421216, 04822-214167**

---

ഓണാശംസകൾ

Thanks to the whole -hearted support and co-operation for the past few years

# SURYA DRUGS

Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)

WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

---

# ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

## 2021 – 22 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

**കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ**

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4–ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു**

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

Deepanalam weekly

RNI No : 16998/68
Vol. 54 No. 20 Date of Publication 12 August 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org